| ഫാ. ബാബു പാണാട്ടുപറമ്പിൽ | 03 |
| ഫാ. ഫ്രാൻസിസ് തരകൻ | 03 |
| ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് | 03 |
| ഫാ. ഫ്രാൻസിസ് അറക്കൽ | 03 |
| ഫാ. ഫ്രാൻസിസ് കരിപ്പേരി | 03 |
| ഫാ. റെന്നി മുണ്ടൻകുരിയൻ | 03 |
| ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ | 03 |
| ഫാ. സേവിയർ പാണേങ്ങാടൻ | 03 |
| ഫാ. ഫ്രാങ്കോ പുത്തിരി | 03 |
| ഫാ. ഷിജോ ചിരിയങ്കണ്ടത്ത് | 03 |
| ഫാ. ഫ്രാൻസിസ് ആലപ്പാട്ട് | 03 |
| ഫാ. ഫ്രാങ്കോ കവലക്കാട്ട് | 03 |
| ഫാ. ട്വിങ്കിൾ വാഴപ്പിള്ളി | 03 |
| ഫാ. ഫ്രാൻസിസ് കൂത്തൂർ | 03 |
| ഫാ. നിക്കോളസ് പൊറത്തൂർ | 06 |
| ഫാ. ജോൺസൻ ആച്ചാണ്ടി | 14 |
| ഫാ. ഫ്ളെർജിൻ തയ്യാലക്കൽ | 14 |
| ഫാ. ബാബു ചേലപ്പാടൻ | 17 |

| | | | |
|---|---|---|---|
| ഫാ. ലാസർ താണിക്കൽ | 17 | ഫാ. ജോൺ (ബിജു) പാണേങ്ങാടൻ | 27 |
| ഫാ. ടെൻസ് കുന്നപ്പിള്ളി | 27 | ഫാ. ജിയോ പള്ളിപ്പുറത്തുക്കാരൻ | 27 |
| ഫാ. ജോൺസൻ പുലിക്കോട്ടിൽ | 27 | ഫാ. ജോൺ കിടങ്ങൻ | 27 |
| ഫാ. ജോജോ എടത്തിരുത്തി | 27 | ഫാ. ടെറിൻ മുള്ളക്കര | 27 |
| ഫാ. ജീജോ വള്ളൂപ്പാറ | 27 | ഫാ. ജോൺസൻ അരിമ്പൂർ | 27 |
| ഫാ. ജോൺ മുളക്കൽ | 27 | ഫാ. ജോൺസൻ ഐനിക്കൽ | 27 |
| ഫാ. ആൻസിൽ ജോൺ വെള്ളറ | 27 | ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ | 27 |
| ഫാ. ജോൺ മൂലൻ | 27 | ഫാ. ജോൺ ചുങ്കത്ത് | 27 |

അതിരൂപതയുടെ പ്രാർത്ഥനാശംസകൾ

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ഗീവർഗ്ഗീസ് മാമ്പിള്ളി | 31-12-1920 |
| മോൺ. പൊറിഞ്ചു ആലപ്പാട്ട് | 13-12-1924 |
| ഫാ. പൗലോസ് കൂന്തയിൽ | 13-12-1924 |
| ഫാ. തോമസ് അക്കരപ്പറ്റി | 19-12-1944 |
| ഫാ. പോൾ ചിറയത്ത് | 14-12-1953 |
| ഫാ. ജോസഫ് തോട്ടാൻ | 06-12-1965 |
| ഫാ. ഇഗ്നേഷ്യസ് ചിറയത്ത് | 23-12-1967 |
| ഫാ. അന്തപ്പൻ വലിയവീട്ടിൽ | 02-12-1971 |
| ഫാ. പോൾ ചിറ്റിലപ്പിള്ളി | 18-12-1973 |
| ഫാ. ജോർജ്ജ് ചൂണ്ടൽ | 19-12-1990 |
| ഫാ. ആന്റണി ജീസ് ചിറമ്മൽ | 21-12-1992 |
| മോൺ. മാത്യു മുരിങ്ങാത്തേരി | 17-12-1994 |
| ഫാ. ജോസഫ് ചുങ്കത്ത് | 28-12-2000 |
| ഫാ. ജോസഫ് വടക്കൻ | 28-12-2002 |

അതിരൂപതയുടെ സ്മരണാഞ്ജലി

# സന്ന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

01.10.2016 സി.എം.സി. വി.കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് സിനീയേഴ്സിന്റെ നേതൃത്വത്തിൽ ജൂനിയേഴ്സ് ഡേ ഘോഷിച്ചു.

എഫ്.സി.സി. ആലുവ പോർസ്യുങ്കുള ജനറലേറ്റിൽ നടന്ന പ്ലീനറി കൗൺസിലിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിതയും ബ. സി. സ്റ്റാർലെറ്റ് സ്കറിയയും സംബന്ധിച്ചു.

02.10.2016 സി.എം.സി. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ ഫോർമേഷൻ ഡേ സമുചിതമായി ഘോഷിച്ചു.

എഫ്.സി.സി. ഒക്ടോബർ 2 മുതൽ 8 വരെ മരത്താക്കരയിൽ പ്രഥമവ്രതവാഗ്ദാനം നടത്തുന്ന അർത്ഥിനികൾക്ക് റവ. ഫാ. മാത്യു ചെന്നെക്കുടിയുടെ നേതൃത്വത്തിൽ ധ്യാനം നടന്നു.

എഫ് സി.സി. കാരുണ്യവർഷത്തോടനുബന്ധിച്ച് സ്വന്തം പറമ്പിൽ നിന്നും ശേഖരിച്ച വസ്തുക്കൾക്കൊണ്ട് നിർമ്മിച്ച 150 ബൊക്കെകളും കലാരൂപങ്ങളും വിസ്മയക്കാഴ്ചയൊരുക്കി. 'കരുണക്കൊരു കലോപഹാരം' പ്രദർശനം 2016 ഒക്ടോബർ 6,7,8,9 തീയതികളിൽ സെന്റ് ക്ലെയേഴ്സ് ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. 10-ാം തീയതി വൈകിട്ട് 3 മണിക്ക് 'കാരുണ്യലേലത്തോടെ' ഇതിന് സമാപനം കുറിച്ചു.

05.10.2016 എസ്.എ.ബി.എസ്. പ്രീ ആസ്പിരൻസ് ഒരുമണിക്കൂർ പ്രാർത്ഥനാശുശ്രൂഷയോടെ ആസ്പിരൻസിയിലേക്ക് പ്രവേശിച്ചു.

എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 3 ദിവസത്തെ Vocation Appreciation നടത്തി. പോസ്റ്റുലൻസും ആസ്പിരൻസും ഇതിൽ സംബന്ധിച്ചു. മദർ ലിറ്റിൽ മരിയ തെക്കേക്കര, ജനറൽ കൗസിലർ സി. റോസിലി ജോസ് ഒഴുകയിൽ, റവ. ഫാ. ജസ്റ്റിൻ, റവ. ഫാ. ട്രിജോ O.F.M. Cap.എന്നിവർ ഇവർക്ക് ക്ലാസുകൾ നൽകി.

08.10.2016 എഫ്.സി.സി. 2016 ഒക്ടോബർ 8-ാം തീയതി സമുചിതമായ പരിപാടികളോടെ പ്രോവിൻസ് ഡെ ആഘോഷിച്ചു.

സി.എച്ച്.എഫ്. നവജ്യോതി എഡ്യുക്കേഷൻ കൗൺസിലർ സി.ജെയ്സി ജോണിന്റെ നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട ടീമുകൾ നവജ്യോതി എഡ്യുക്കേഷൻ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിൽ സന്ദർശനം നടത്തി.

09.10.2016 എഫ്.സി.സി. ഒക്ടോബർ 9- ാം തീയതി മുതൽ 11- ാം തീയതി വരെ 2016-17 വർഷത്തെ ജനറൽതല അൽഫോൻസ ഗാർഡൻ

മീറ്റ് ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജിൽ വെച്ച് നടന്നു. പ്രസ്തുത മീറ്റിംഗിന്റെ ഉദ്ഘാടനകർമ്മം തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. റവ. ഫാ. ജോർജ്ജ് കോമ്പാറ നിർവ്വഹിച്ചു. അസി. സുപ്പീരിയർ ജനറൽ റവ. സി. ഫിൽബി ആദ്ധ്യക്ഷ്യം വഹിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത ആശംസകളർപ്പിച്ചു.

എഫ്.സി.സി. അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്ന എഫ്. സി. സി. ഹെൽത്ത് കെയർ ഫ്രറ്റേർനിറ്റി മീറ്റിംഗിൽ പ്രോവിൻസിലെ ആതുരശുശ്രൂഷാരംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സിസ്റ്റേഴ്സും പങ്കെടുത്തു.

എഫ്.സി.സി. തൃക്കൂർ ഇടവകയിൽ ഹോം മിഷൻ പരിപാടികൾക്ക് എഫ്. സി. സി. സിസ്റ്റേഴ്സ് നേതൃത്വം നൽകി.

10.10.2016 സി.എം.സി. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന വൊക്കേഷൻ പ്രോമോട്ടേഴ്സിന്റെ ഏകദിന സെമിനാറിന് Fr .Daey Kunnath MST നേതൃത്വം നല്കി.

എഫ്.സി.സി. ജൂനിയർ സിസ്റ്റേഴ്സിന് അടുത്ത ഒരു വർഷത്തേക്ക് വ്രതവാഗ്ദാനം നടത്തുന്നതിനൊരുക്കമായുള്ള ധ്യാനം ഒക്ടോബർ 10-ാം തീയതി മുതൽ 12-ാം തീയതി വരെ തൃശൂർ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്നു.

എഫ്.സി.സി. അസ്സീസിയിലെ മുൻ ചാപ്ലെയിനായിരുന്ന റവ. ഫാ. ജോർജ്ജ് മാനാടന്റെ ഗോൾഡൻ ജൂബിലി അസ്സീസിയിൽ ആചരിച്ചു.

22.10.2016 മൂക്കൂരിൽ വച്ച് നടന്ന SMRC മീറ്റിംങ്ങിൽ വിവിധ സന്യാസ സമൂഹങ്ങളിലെ മേജർ സുപ്പീരിയേഴ്സ് പങ്കെടുത്തു.

സി.എം.സി. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സുപ്പീരിയേഴ്സിനും സോഷ്യൽ പ്രേമോട്ടേഴ്സിനും നടത്തിയ ഒരു ദിവസത്തെ കോൺഫ്രൻസിന് സി. ജാൻസീന (ജനറൽ കൗൺസിലർ) നേതൃത്വം വഹിച്ചു.

23.10.2016 എഫ്.സി.സി. കൃഷി വകുപ്പ് മന്ത്രി വി. എസ് സുനിൽ കുമാറിൽനിന്നും ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ സമ്മിശ്ര കർഷക അവാർഡിന് ഏങ്ങണ്ടിയൂർ സെന്റ് വിൻസെന്റ് കോൺവെന്റ് അർഹമായി.

എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സൈബർ യുഗത്തിൽ മാധ്യമങ്ങളുടെ ഉപയോഗസാധ്യതകളെക്കുറിച്ചും അശ്രദ്ധമായ വിനിയോഗം മൂലമുണ്ടാകുന്ന അപകടങ്ങളെക്കുറിച്ചും തൃശൂർ DYSP മി. സുജിത്ത് നൽകിയ ക്ലാസിൽ വ്യക്തമാക്കി.

24.10.2016 എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ Hospital

Governing Body യുടെ മീറ്റിംഗ് നടന്നു. അംഗങ്ങളെല്ലാവരും സംബന്ധിച്ചു.

27.10.2016 സി.എം.സി. ചൂണ്ടൽ സാൻതോം, വേലൂപ്പാടം, മണലൂർ, പാലുവായ്, സേവനാലയം എന്നീ ഭവനങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി.അനിജ കാനോനിക സന്ദർശനം നടത്തി.

എസ്.എ.ബി.എസ്. സ്ഥലം മാറിപ്പോകുന്ന കപ്ലോനച്ചൻ റവ. ഫാ. പയസ് കണ്ടത്തിൽ O.Carm. ന് സമുചിതമായ യാത്രയയപ്പും പുതിയ കപ്ലോനായി ചാർജ് ഏറ്റെടുത്ത റവ. ഫാ. തങ്കച്ചൻ ഞാളിയത്ത് O.Carm. ന് സ്വീകരണവും നൽകി.

എഫ്.സി.സി. 2016 ഒക്ടോബർ 29-ാം തീയതി അസ്സീസിയിൽ നടന്ന ഡിറക്ടറി കമ്മിറ്റിയുടെ മീറ്റിംഗിൽ എല്ലാ അംഗങ്ങളും സംബന്ധിച്ചു.

വി. ചാവറപ്പിതാവിനാൽ സ്ഥാപിതമായ എൽത്തുരുത്ത് സെന്റ് മേരീസ് സി.എം. ഐ. ആശ്രമത്തിന്റെ സുവർണ ശതോത്തര ജൂബിലിയാഘോഷ പരിപാടികളിൽ വിവിധ സന്യാസസമൂഹാംഗങ്ങൾ പങ്കെടുത്തു.

30.10.2016 സി.എം.സി. സെന്റ് വിൻസെന്റ് ഡിപോൾ ഹോസ്പിററലിൽ നടന്ന ഹോസ്പിറ്റൽ സിസ്റ്റേഴ്സ് Get-together -ൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി.അനിജ ആശംസകൾ അർപ്പിച്ചു.



**ആദരാഞ്ജലികൾ**

20.10.2016 സി.എച്ച്.എഫ്. നവജ്യോതി പ്രോവിൻസിലെ ഒളരിക്കര ലിറ്റിൽ ഫ്ളവർ ഭവനാംഗമായ സി. സാനിറ്റസ് നിര്യാതയായി. തൃശ്ശൂർ അതിരൂപത വികാർ ജനറാൾ മോ.തോമസ്സ് കാക്കശ്ശേരിയുടെ മുഖ്യകാർമ്മീകത്വത്തിൽ സംസ്ക്കാര ശുശ്രൂഷ നടത്തി.



21.10.2016 സി.എം.സി. തൃശ്ശൂർ സേക്രട് ഹാർട്ട് മഠാംഗമായ സി.വിമൽ റോസ് നിര്യാതയായി. അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നടത്തുകയും മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.

**സി. ജോസഫൈൻ പാലത്തിങ്കൽ** SABS
സി.ആർ.ഐ. സെക്രട്ടറി

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.in|

## മതബോധന വിദ്യാർത്ഥികൾക്ക് അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കത്ത്

### കരുണയുടെ ക്രിസ്തുമസ്സ്

ദൈവികകരുണയുടെയും സ്നേഹത്തിന്റെയും തിരുനാളാണ് ക്രിസ്തുമസ്സ്. അതുകൊണ്ടാണ് ഫ്രാൻസിസ് മാർപ്പാപ്പ കരുണയുടെ ജൂബിലി വർഷത്തിൽ ഇപ്രകാരം പഠിപ്പിച്ചത്: "യേശു പിതാവിന്റെ കരുണയുടെ മുഖമാണ്. പാപം ചെയ്ത് നശിച്ച മനുഷ്യനെ ദൈവവുമായി രമ്യതപ്പെടുത്തി രക്ഷിക്കാൻ മനുഷ്യനുവേണ്ടി ദൈവം തന്നെ കണ്ടുപിടിച്ച മാർഗ്ഗമാണ് ദൈവപുത്രൻ മനുഷ്യനായി അവതരിക്കുക എന്നത്". യോഹന്നാന്റെ സുവിശേഷം 3-ാം അധ്യായം 16-ാം വാക്യത്തിൽ നാം വായിക്കുന്നു. "തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു".

സാധുസുന്ദർസിംഗ് പറഞ്ഞ കഥ ഇപ്രകാരമാണ്. ഒരിടത്ത് ഒരു ഇടയനും കുറെ ആടുകളും ഉണ്ടായിരുന്നു. ആടുകളെ നയിക്കാൻ ഇടയൻ പല പരിശ്രമങ്ങളും നടത്തി പരാജയപ്പെട്ടു. അപ്പോൾ ഇടയൻ ഒരു സൂത്രം കണ്ടുപിടിച്ചു. ചത്തുപോയ വലിയ ഒരാടിന്റെ തോലെടുത്ത് ധരിച്ച് ആടിനെപ്പോലെ നടക്കാനും മറ്റു ആളുകളെ പരിചരിക്കാനും തുടങ്ങി. താമസിക്കാതെ ആടിന്റെ രൂപം ധരിച്ച ഇടയനെ ആടുകൾ അനുസരിക്കാനും തുടങ്ങി. അതുവഴി ആടുകളെ നയിക്കാനും രക്ഷിക്കാനും ഇടയന് സാധിച്ചു. ഇതുതന്നെയാണ് യേശുവിന്റെ മനുഷ്യാവതാരത്തിലൂടെ ദൈവം ചെയ്തതും.

മനുഷ്യനെ രക്ഷിക്കാൻ ദൈവം കാണിച്ച സ്നേഹത്തിന്റെ പ്രവർത്തനമായതുകൊണ്ടാണ് ക്രിസ്തുമസ്സിനെ കരുണയുടെ തിരുനാൾ എന്നു പറയുത്. അതുകൊണ്ടാണ് "സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത (ലൂക്ക. 1:10) എന്ന് മാലാഖമാർ ക്രിസ്തുവിനെ വിശേഷിപ്പിച്ച് പാടിയത്. ഈ അർത്ഥത്തിലാണ് പൗലോസ് ശ്ലീഹാ തിത്തോസിന്

എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നത്: "നമ്മുടെ രക്ഷകനായ ദൈവത്തിന്റെ നന്മയും സ്നേഹം നിറഞ്ഞ കാരുണ്യവും വെളിപ്പെടുമ്പോൾ അവിടുന്ന് നമുക്ക് രക്ഷ നൽകി" (തിത്തോസ് 3:4).

കരുണയുടെ തിരുനാളായ ക്രിസ്തുമസ്സ് എങ്ങനെ ആഘോഷിക്കണമെന്ന് നാം ചിന്തിക്കുന്നത് നല്ലതാണ്. ഏതാനും നിർദ്ദേശങ്ങൾ നൽകുന്നു.

ക്രിസ്തുമസ്സിന് നാം പുൽക്കൂട് ഉണ്ടാക്കും. അത് എവിടെയാണ് നാം നിർമ്മിക്കുന്നത് എന്ന് ചിന്തിക്കുക. ചിലർ വീടിന്റെ പ്രധാനഭാഗത്തും മറ്റു ചിലർ ഏതെങ്കിലും ഒരു മൂലയിലും വേറെ ചിലർ മറ്റുള്ളവരെ കാണിക്കാൻ പറമ്പിന്റെ അറ്റത്തും ഉണ്ടാക്കും. ക്രിസ്തുമസ്സിന്റെ അവസരത്തിൽ ക്രിസ്തുവിനു കൊടുക്കുന്ന സ്ഥാനം നമ്മുടെ ജീവിതത്തിന്റെ പ്രധാനഭാഗത്തോ മൂലയിലോ മറ്റുള്ളവരെ കാണിക്കാനോ എന്നത് ആത്മശോധന ചെയ്യേണ്ടിയിരിക്കുന്നു. അലക്സാണ്ടർ പോപ്പ് പറയുന്നു. ആയിരം പുൽക്കൂടുകളിൽ ഉണ്ണി പിറന്നാലും എന്റെ ഹൃദയത്തിൽ ഉണ്ണി പിറക്കുന്നില്ലെങ്കിൽ ക്രിസ്തുമസ്സ് എനിക്ക് അർത്ഥരഹിതമാണ്.

സകലജനത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്ത അറിയിക്കാൻ മാലാഖമാരോടു ചേർന്ന് നാം ക്രിസ്തുമസ്സ് കരോൾ അവതരിപ്പിക്കാറുണ്ട്. ബൊൻ നത്താലെയിലെ ഫ്ളാഷ് മൊബ് തുടങ്ങിയ നൃത്ത രൂപങ്ങളിലൂടെ നാം ഈ സന്തോഷം പങ്കുവയ്ക്കാറുണ്ട്. ആട്ടിടയന്മാർ അതിവേഗം പുൽത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെ കണ്ട് "ശിശുവിനെ കുറിച്ച് തങ്ങളോട് പറയപ്പെട്ട കാര്യങ്ങൾ മറ്റുള്ളവരെ അറിയിച്ചതുപോലെ" (ലൂക്ക. 2:16 -17) നമ്മളും ക്രിസ്തുവിനെ കാണുകയും ക്രിസ്തുവിനെ കുറിച്ച് മറ്റുള്ളവരോട് പറയുകയും വേണം. ഇന്ന് ക്രിസ്തുവിനെ കാണാനായി യേശു തന്ന മാർഗ്ഗങ്ങൾ തിരുവചനം, കൂദാശകൾ, സഭാകൂട്ടായ്മ, പാവപ്പെട്ടവരെ സഹായിക്കൽ എന്നിവയാണ്. ഫ്രാൻസിസ് മാർപ്പാപ്പ പറഞ്ഞു. കരുണയുടെ ആദ്യത്തെ പ്രവൃത്തി ദരിദ്രർക്ക് സുവിശേഷം അറിയിക്കാൻ വന്ന യേശുവിന്റെ വചനം കൊടുക്കലാണ്. യേശുവാകുന്ന അപ്പം സ്വീകരിച്ച് രക്ഷ നേടാൻ ആവശ്യപ്പെട്ട കല്പന മനസ്സിലാക്കി (യോഹ. 6:48-56) കരുണയുടെ കൂദാശയായ പരി. കുർബാനയിലും മറ്റു കൂദാശകളിലും നാം പങ്കെടുക്കുമ്പോൾ ഈശോയെ തന്നെയാണ് കണ്ടുമുട്ടുന്നത്. യേശുവിന്റെ നാമത്തിൽ ഒന്നിച്ചു കൂടുമ്പോൾ നമുക്ക് യേശു അനുഭവം ഉണ്ടാകും (മത്താ. 18:20). പാവപ്പെട്ടവരിൽ യേശുവിനെ കണ്ടുമുട്ടി അവരെ സഹായിക്കാനാണ് ഈ ക്രിസ്തുമസ്സ് നമ്മെ ക്ഷണിക്കുന്നത് (മത്താ. 25:40).

പൂജരാജാക്കന്മാരെപ്പോലെ, ക്രിസ്തുമസ്സ് പാപ്പാമാരെപ്പോലെ മറ്റുള്ളവർക്ക് സമ്മാനങ്ങൾ കൊടുക്കാൻ ക്രിസ്തുമസ്സ് നമ്മെ ക്ഷണിക്കുന്നു. ക്രിസ്തുമസ്സ് ഫ്രണ്ടിന് സമ്മാനം കൊടുക്കുന്ന പതിവ് നമുക്കുണ്ടല്ലോ. എന്ത് സമ്മാന

മാണ് 2016ലെ ക്രിസ്തുമസ്സിന്റെ അവസരത്തിൽ നിങ്ങൾ യേശുവിനും മറ്റു ള്ളവർക്കും കൊടുത്തതെന്ന് നിങ്ങൾ എന്നെ കത്തിലൂടെ അറിയിച്ചാൽ എനിക്ക് വലിയ സന്തോഷമാകും, ക്രിസ്തുമസ്സിന്റെ അവസരത്തിൽ ഞാൻ നിങ്ങളുടെ വീട്ടിലേക്ക് അയച്ച കത്ത് വായിച്ചിട്ടുണ്ടാകുമല്ലോ.

നിങ്ങൾ അതിരൂപതയ്ക്കു വേണ്ടിയും എനിക്കുവേണ്ടിയും ഉണ്ണിയോട് പ്രത്യേകം പ്രാർത്ഥിക്കണം. മക്കളില്ലാത്ത ഒരുപാട് കുടുംബങ്ങളുണ്ട്. അവ രെയും ഓർത്ത് പ്രാർത്ഥിക്കണം. പലതരത്തിൽ വിഷമിക്കുന്ന കുട്ടികളെ സഹായിക്കാൻ നിങ്ങൾക്ക് എന്തുചെയ്യാൻ സാധിക്കും എന്ന് ചിന്തിക്കണം.

പ്രകൃതിയെയും രക്ഷിക്കേണ്ടിയിരിക്കുന്നു. ഏവർക്കും ക്രിസ്തുമസ്സി ന്റെയും നവവത്സരത്തിന്റെയും ആശംസകൾ നേരുന്നു. എന്റെ ആശംസകൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുമല്ലോ.

നിങ്ങളുടെ വത്സലപിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
**തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത**

*വിശ്വാസപരിശീലനത്തിലേർപ്പെട്ടിരിക്കുന്ന എല്ലാവർക്കും പുൽക്കൂട്ടിലെ ഉണ്ണീശോ പൊഴിയുന്ന സ്നേഹവും സമാധാനവും ആശംസിക്കുന്നു.*

## 1. മതാധ്യാപകർക്കുള്ള ആപ്റ്റിറ്റ്യൂഡ് പരീക്ഷ

### a) യൂണിറ്റുതല പരീക്ഷ: 2016 ഡിസംബർ 4 ഞായർ, 3 PM – 4 PM.

ആപ്റ്റിറ്റ്യൂഡ് പരീക്ഷയെ സംബന്ധിച്ച വിശദവിവരങ്ങൾ 2016 നവംബർ മാസത്തിലെ അതിരൂപത ബുള്ളറ്റിനിൽ നൽകിയിട്ടുണ്ട്. അതിരൂപതയിലെ എല്ലാ മതാധ്യാപകരും ഈ പരീക്ഷ എഴുതുകയും അതിൽ വിജയിക്കുകയും വേണം. (വാർഷികപ്രോഗ്രാം പേജ് 60 കാണുക) യൂണിറ്റുതലത്തിൽ നിശ്ചിത ദിവസം പരീക്ഷ എഴുതാത്ത അധ്യാപകർക്കും തോറ്റവർക്കും 2016 ഡിസംബർ 18 ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3 മണി മുതൽ 4 മണി വരെ മതബോധനകേന്ദ്രത്തിൽ വെച്ച് പുനഃപരീക്ഷ നടത്തുന്നതായിരിക്കും.

യൂണിറ്റു തലത്തിൽ പരീക്ഷ നടത്തുന്നതിനു ആവശ്യമായ ചോദ്യപേപ്പറും ഫോമുകളും നവംബർ 28 മുതൽ മതബോധനകേന്ദ്രത്തിൽ നിന്നും കൊണ്ടുപോകാവുന്നതാണ്.

യൂണിറ്റുതലത്തിൽ പരീക്ഷ എഴുതിയ എല്ലാ അധ്യാപകരുടേയും ഉത്തരകടലാസ്സുകൾ അതാത് യൂണിറ്റിൽ വികാരിയച്ചന്റെ / ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ മൂല്യനിർണ്ണയം ചെയ്യേണ്ടതാണ്. മൂല്യനിർണ്ണയത്തിന് സഹായകമായ ഉത്തരസൂചിക മതബോധനകേന്ദ്രത്തിന്റെ ബ്ലോഗിൽ നിന്നും ലഭിക്കുന്നതാണ്.

യൂണിറ്റുതല പരീക്ഷയ്ക്കുശേഷം *എല്ലാ അധ്യാപകരുടെയും പേരോടുകൂടിയ Mark List മതബോധനകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്. ലഭിക്കേണ്ട അവസാന തിയതി: December 18.*

### b) ആപ്റ്റിറ്റ്യൂഡ് അതിരൂപതാതല പരീക്ഷ:

തിയതിയും സമയവും : 2016 ഡിസംബർ 18 ഞായർ, 2.30 PM – 4.30 PM

സ്ഥലം : മതബോധനകേന്ദ്രം

### c) അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കേണ്ടവർ:

1) ഓരോ യൂണിറ്റിൽനിന്നും ഏറ്റവും കൂടുതൽ മാർക്കുവാങ്ങിയ വ്യക്തി (ഒരാൾമാത്രം). *ഈ വ്യക്തിക്കുള്ള ഹാൾടിക്കറ്റ് ചോദ്യപേപ്പറുകളോടൊപ്പം യൂണിറ്റിലേക്ക് നല്കുന്നതായിരിക്കും.*

2) യൂണിറ്റിൽ ഏറ്റവും കൂടുതൽ മാർക്കുവാങ്ങിയ വ്യക്തിക്കുപുറമേ, 88 ശതമാനമോ അതിനുമുകളിലോ മാർക്കുള്ളവരുണ്ടെങ്കിൽ അവർക്കും അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കാം. ഇക്കാര്യം സാക്ഷ്യപ്പെടുത്തി ബഹു.

വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററുടെയോ കത്ത് പരീക്ഷയ്ക്കുവരുമ്പോൾ ഇവർ കൊണ്ടുവരണം. ഈ കത്ത് അനുസരിച്ച് അത്തരം അധ്യാപകർക്ക് ഹാൾ ടിക്കറ്റ് ഇവിടെ നിന്ന് നൽകുന്നതാണ്. പരീക്ഷാർത്ഥികൾ 2 മണിക്കെങ്കിലും എത്തിയിരിക്കണം.

**d) അതിരൂപതാതല പരീക്ഷയ്ക്കുള്ള അധികപാഠ്യഭാഗം** (Additional Portion):

ഫ്രാൻസിസ് മാർപ്പാപ്പയുടെ 'കർത്താവേ, അങ്ങേക്കുസ്തുതി' (*Laudato Si*) എന്ന ചാക്രികലേഖനത്തിലെ ആറാം അധ്യായം.

## 2. ഞായറാഴ്ച മതബോധന വാർഷിക പരീക്ഷകളും കേന്ദ്രീകൃത മൂല്യ നിർണ്ണയവും

ഞായറാഴ്ച മതബോധന വാർഷിക പരീക്ഷകൾ 2017 ഫെബ്രുവരിയിൽ തന്നെ നടത്തുന്നതാണ്. പരീക്ഷകളുടെ കാര്യം വിദ്യാർത്ഥികളെ നേരത്തെത്തന്നെ അറിയിക്കുകയും അതനുസരിച്ച് പാഠങ്ങൾ പഠിപ്പിക്കുകയും മറ്റു ഒരുക്കങ്ങൾ നടത്തുകയും ചെയ്യുക. കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് (Std. XII & ACC) ബന്ധപ്പെട്ട എല്ലാ അധ്യാപകരും നിർബന്ധമായി സംബന്ധിക്കണം. തിയ്യതികൾ പിന്നീട് അറിയിക്കുന്നതാണ്.

## 3. സ്കൂൾ മതബോധനം & സന്മാർഗ്ഗശാസ്ത്രം പരീക്ഷകൾ

**വാർഷിക പരീക്ഷകൾ :** സ്കൂൾ കാറ്റക്കിസം Std. I - X & മോറൽ സയൻസ് Std. I - XII

തിയതി : **2017 ജനുവരി 13 വെള്ളി**

രാവിലെ (രണ്ടു മണിക്കൂർ) : Stds: I, III, V, VII, IX,XI

ഉച്ചകഴിഞ്ഞ് (രണ്ടു മണിക്കൂർ): Stds. II, IV, VI, VIII, X, XII

**NB.** 1. സ്കൂളുകളിലേക്കുള്ള ചോദ്യപേപ്പറുകൾ ജനുവരി 9 മുതൽ മതബോധനകേന്ദ്രത്തിൽനിന്നും ലഭിക്കുന്നതാണ്.

2. മോറൽ സയൻസ് വാർഷിക പരീക്ഷയ്ക്ക് ചോദ്യപേപ്പർ തയ്യാറാക്കുന്നതും പരീക്ഷാതിയതി നിശ്ചയിക്കുന്നതും കെ. സി. ബി. സി. കമ്മീഷൻ ഫോർ എജ്യുക്കേഷൻ ആണ്. അതുകൊണ്ട് ഒരേ ചോദ്യപേപ്പർ ഉപയോഗിച്ച് നിശ്ചിത തിയതിയിലും നിശ്ചിത സമയത്തും തന്നെ എല്ലാ സ്കൂളുകളിലും പരീക്ഷകൾ നടത്തേണ്ടതാണ്.
3. മോറൽസയൻസ് വാർഷിക പരീക്ഷയുടെ ചോദ്യങ്ങൾ ഒരു വർഷത്തെ മുഴുവൻ സിലബസ്സിൽ നിന്നും ആയിരിക്കും.
4. 10-ാം ക്ലാസ്സിലെയും 12-ാം ക്ലാസ്സിലെയും മോറൽസയൻസ് വാർഷിക

പരീക്ഷ കെ. സി. ബി. സി. വിദ്യാഭ്യാസ കമ്മീഷൻ നടത്തുന്ന പൊതു പരീക്ഷയാണ്. അതിൽനിന്നും 90 ശതമാനമോ അതിനുമുകളിലോ മാർക്കുവാങ്ങിയവരുടെ ഉത്തരക്കടലാസുകൾ കെ. സി. ബി. സി. കമ്മീഷൻ പുനർ മുല്യനിർണ്ണയം നടത്തിയാണ് അവാർഡ് ജേതാക്കളെ നിശ്ചയിക്കുന്നത്. ആയതിനാൽ ഈ പരീക്ഷയിൽ 90 ശതമാനമോ അതിനുമുകളിലോ മാർക്കുവാങ്ങിയവരുടെ ഉത്തരക്കടലാസുകൾ, കെ. സി. ബി. സി. വിദ്യാഭ്യാസ കമ്മീഷന് അയച്ചുകൊടുക്കുന്നതിനുവേണ്ടി, പരീക്ഷകഴിഞ്ഞ് 5 ദിവസത്തിനകം മതബോധന കേന്ദ്രത്തിൽ ലഭിച്ചിരിക്കണം. കഴിഞ്ഞ വർഷം 10–ാം ക്ലാസ്സിൽ നമ്മുടെ അതിരൂപതയിൽനിന്നുള്ള 3 വിദ്യാർത്ഥികൾക്ക് അവാർഡ് ലഭിച്ചു എന്നുള്ളത് അഭിമാനാർഹമാണ്.

5. സ്കൂൾ കാറ്റക്കിസം വാർഷിക പരീക്ഷയ്ക്ക് സെക്കന്റ് ടേമിലെ പാഠഭാഗത്തിൽ നിന്നുമാത്രമേ ചോദ്യങ്ങൾ ഉണ്ടായിരിക്കുകയുള്ളൂ.
6. മോറൽ സയൻസിൽ ചോദ്യങ്ങളുടെ മാതൃക തന്നതിൽ 'ജനറൽ' എന്ന് പറയുന്ന ചോദ്യങ്ങൾ ടെക്സ്റ്റ് പുസ്തകത്തിൽ നിന്നുള്ളതല്ല.
7. സ്കൂൾ കാറ്റക്കിസം, മോറൽ സയൻസ് വിഷയങ്ങൾക്ക് 4, 7, 10 ക്ലാസ്സുകൾക്ക് അതിരൂപതാ മതബോധനകേന്ദ്രം നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷകൾ പതിവുപോലെ ഉണ്ടായിരിക്കും. (Scheme of Work കാണുക) അതിരൂപതാ മതബോധനകേന്ദ്രത്തിൽനിന്ന് നല്കുന്ന ചോദ്യ പേപ്പറുകൾ ഉപയോഗിച്ച് നിശ്ചിത സമയത്തുതന്നെ നടത്തിയ പരീക്ഷയിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കേ ഈ സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാൻ അർഹതയുള്ളൂ.

**4. SMCC പ്രതിഭാ പരിശീലനം (Std. XII & Std. VII)**

Syro-Malabar Catechetical Commission Award-ന് ഒരുക്കമായുള്ള പ്രതിഭാ പരിശീലനത്തിന്റെ പ്രഥമഘട്ടം ഒക്ടോബർ–നവംബർ മാസത്തിൽ തന്നെ വളരെ വിജയകരമായി നടത്തി. വിദ്യാർത്ഥികളെ പരിശീലിപ്പിക്കാൻ സഹായിച്ച ബഹു. അച്ചന്മാർ, ഫൊറോനാ പ്രമോട്ടർമാർ, ഹെഡ്മാസ്റ്റർമാർ, ആനിമേറ്റർമാർ മുതലായവരുടെ സഹകരണത്തിന് നന്ദി. Std. XII വിദ്യാർത്ഥികൾക്കുള്ള അടുത്ത പരിശീലനം ഡിസംബർ 26, 27, 28 തിയ്യതികളിൽ നടത്തുന്നതാണ്. ഈ കുട്ടികളിൽ നിന്നും 4 പേരെ തെരഞ്ഞെടുത്ത് സഭാതല മത്സരത്തിലേക്ക് പറഞ്ഞയയ്ക്കുന്നു. Std. VII വിദ്യാർത്ഥികൾക്കുള്ള അടുത്ത പരിശീലനം നടത്തുന്നത് പിന്നീട് അറിയിക്കുന്നതാണ്.

## 5. 2016-2017 അധ്യയനവർഷത്തിലെ മോഡൽ യൂണിറ്റുകളുടെ തെരഞ്ഞെടുപ്പ്

2016-2017 അധ്യയനവർഷത്തിലെ മോഡൽ യൂണിറ്റുകളുടെ തെരഞ്ഞെടുപ്പും ട്രോഫിനല്കുന്നതും ഈ അധ്യയനവർഷത്തിൽത്തന്നെ നടത്തുന്നതാണ്. ജൂലൈ-സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ യൂണിറ്റ് സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ, മോഡൽ യൂണിറ്റുകളെ തെരഞ്ഞെടുക്കുന്നതിന് ഏതാനും യുണിറ്റുകളിലേക്ക് വീണ്ടും സന്ദർശനം നടത്തുന്നതാണ്. 2017 ജനുവരി 26 ന് നടക്കുന്ന മതബോധന അധ്യാപകരുടെ സർവ്വീസ് അവാർഡ് ദിനത്തോടനുബന്ധിച്ച് അതിരൂപതാതല ബെസ്റ്റ് മോഡൽ യൂണിറ്റിനും ഫൊറോനതല മോഡൽ യൂണിറ്റുകൾക്കും ട്രോഫി നൽകുന്നതാണ്.

## 6. Archdiocesan Merit Day & ACC Convocation

നവംബർ 6-ാം തിയ്യതി വിവിധ പരിപാടികളോടുകൂടി മെറിറ്റ്ഡേയും A. C. C. കോൺവൊക്കേഷനും നടത്തപ്പെട്ടു. രാവിലെ A. C. C. കുട്ടികൾക്ക് പ്രൊഫ. കെ. എം. ഫ്രാൻസിസ് ക്ലാസ്സെടുത്തു. അതിനുശേഷം അഭിവന്ദ്യപിതാവ് മാർ ആൻഡ്രൂസ് താഴത്തുപിതാവുമായുള്ള ഇൻട്രാഷൻ ആയിരുന്നു. വിദ്യാർത്ഥികളുടെ വിവിധ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും അഭിവന്ദ്യപിതാവ് സമുചിതമായി മറുപടി പറഞ്ഞു. ഉച്ചയ്ക്കുശേഷമുള്ള പെ. ബഹു. വികാരിജനറാൾ മോൺ. തോമസ് കാക്കശ്ശേരിയുടെ അധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം അഭിവന്ദ്യ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുകയും 'മെറിറ്റ് ഡേ'യിലെ സമ്മാനാർഹർക്ക് അഭിന്ദ്യപിതാവ് സമ്മാനങ്ങൾ നല്കുകയും ചെയ്തു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ക്രിസ്ത്യൻ ചെയറിന്റെ ഡയറക്ടർ റവ. ഡോ. പോൾ പുളിക്കൻ ACC കോൺവൊക്കേഷൻ പ്രഭാഷണം നടത്തി. ACC കോഴ്സിലെ വിജയികൾ മോൺ തോമസ് കാക്കശ്ശേരിയിൽനിന്നും ഡിപ്ലോമകൾ ഏറ്റുവാങ്ങി.

## 7. Model Units 2015-2016

Archdiocesan Best Model Unit :

Our Lady of Lourdes Cathedral, Thrissur

Forane Model Units :

| | *Forane* | *Model Unit* |
|---|---|---|
| 1. | Chelakkara | Elanad |
| 2. | Erumapetty | Parempadam |
| 3. | Kandassankadavu | Enamakkal |
| 4. | Kotteakad | Viyyur |

| | | |
|---|---|---|
| 5. | Mattom | Vaka |
| 6. | Ollur | Anchery |
| 7. | Palayur | Perakam |
| 8. | Parappur | Peruvallur |
| 9. | Pattikad | Kannara |
| 10. | Pazhuvil | Pazhuvil |
| 11. | Pudukad | Vellanikode |
| 12. | Puthur | Eravimangalam |
| 13. | Thrissur Lourdes | Thrissur Lourdes |
| 14. | Thrissur Dolours | Pullazhi |
| 15. | Velur | Kurumal |
| 16. | Wadakkanchery | Thiroor |

**8. മോഡൽ യൂണിറ്റുകൾക്കുള്ള റോളിംഗ് ട്രോഫികൾ തിരിച്ചേല്പിക്കുക**

കഴിഞ്ഞ അധ്യയനവർഷത്തെ മോഡൽ യുണിറ്റുകൾക്കുള്ള റോളിംഗ് ട്രോഫികൾ നേടിയവർ അവ 2017 ജനുവരി 15നുമുമ്പ് മതബോധനകേന്ദ്രത്തിൽ തിരിച്ചേൽപ്പിക്കണമെന്ന് താല്പര്യപ്പെടുന്നു.

ക്രിസ്തുമസ് ആശംസകളോടെ,

**Fr. Tens Kunnappilly**
**Fr. Jijo Kappilamnirappel**

**Fr. Raphael Akkamattathil**
**Director**

# INSTITUTE OF THEOLOGY, TRICHUR

(Phone : 0091-0487- 2333245)
E-mail: Institute.of.theology@gmail.com

## B.A. in Theology and Religious Studies :

ഈ കോഴ്സിലേക്കുള്ള പുതിയ ബാച്ച് 2017 ജനുവരി 8-ാം തിയ്യതി ആരംഭിക്കുന്നു. ഞായറാഴ്ചകളിൽ 2 PM മുതൽ 5 PM വരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 9.30 AM മുതൽ 5 PM വരെയും ആയിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ Institute of Theology Office -മായി ബന്ധപ്പെടുക.

## Basic Theology Course :

സന്യാസാർത്ഥിനികൾക്കുള്ള മൂന്നുമാസത്തെ ബേസിക് തിയോളജി കോഴ്സ് 2017 ജനുവരി 9-ന് (തിങ്കൾ) ആരംഭിക്കുന്നു. വിശദവിവരങ്ങൾക്ക് ഡി. ബി. സി. എൽ. സി. -യിലെ തിയോളജി ഓഫീസുമായി ബന്ധപ്പെടുക.

## Correspondence Theology Course :

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ ഡിസംബർ 11, 18 എന്നീ ഞായറാഴ്ചകളിൽ രണ്ടു മണി മുതൽ അഞ്ചു മണി വരെ ആയിരിക്കും.

ക്രിസ്തുമസ് ആശംസകളോടെ,

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
(ഡയറക്ടർ)

# മേരിമാതാ മേജർ സെമിനാരി

**ഡീക്കന്മാരുടെ പ്രേഷിത യാത്ര**

ഈ വർഷം തിരുപ്പട്ടം സ്വീകരിക്കാനുള്ള 18 ഡീക്കന്മാർ തങ്ങളുടെ പരീക്ഷകളെല്ലാം പൂർത്തിയാക്കി ഒരു മാസത്തെ മിഷൻ അനുഭവത്തിനായി മദ്ധ്യപ്രദേശിലെ ഉജ്ജയിനിലേക്ക് യാത്രയായി.

ബഹു. ഡേവീസ് കാവുങ്കൽ അച്ചന്റെ നേതൃത്വത്തിലായിരുന്നു യാത്ര. ഉജ്ജയിൻ രൂപതയുടെയും എം.എസ്.ടി സഭാംഗങ്ങളുടേയും നേതൃത്വത്തിലുള്ള മിഷൻ ഒരു പുത്തൻ അനുഭവമായിരുന്നു. Missionlogy Course ഉം മിഷൻ അനുഭവവും പൂർത്തിയാക്കി അവർ വീണ്ടും ഒക്ടോബർ അവസാനത്തിൽ സെമിനാരിയിൽ തിരിച്ചെത്തി.

**Work Exposure Programme**

മേരിമാതാ സെമിനാരിയുടെ സവിശേഷതയായ Work exposure Programme ഈ വർഷവും ഒരാഴ്ചക്കാലം നടത്തപ്പെട്ടു. സഹോദരങ്ങൾ ചെറിയ ഗ്രൂപ്പുകളായി പാലക്കാട്, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിലായി തൊഴിൽ കണ്ടെത്തി. ഒരാഴ്ചക്കാലം അദ്ധ്വാനിച്ച് ജോലി ചെയ്ത് സാധാരണ മനുഷ്യജീവിതത്തിന്റെ അനുഭവങ്ങൾ തീവ്രതയിൽ സ്വന്തമാക്കാൻ സഹോദരങ്ങൾക്ക് ഈ അവസരം പ്രയോജനമായി.

**അവധിക്കാലം**

ആദ്യസെമസ്റ്ററിലെ പരീക്ഷകൾക്കും, ഒരാഴ്ചത്തെ Exposure Programme നുശേഷം സഹോദരങ്ങൾ എല്ലാവരും അവധിക്കായ് സ്വഭവനത്തിലേക്ക് യാത്ര തിരിച്ചു. സെമിനാരിയിൽ നിന്നും സ്വന്തമാക്കിയ പാഠങ്ങൾ കൂടുതൽ അനുഭവിക്കാനും പരിശീലിക്കാനും ലഭിച്ച അവസരമായിരുന്നു അവധിക്കാലം. വിശ്രമത്തിനും, ഉല്ലാസത്തിനും വീട്ടുകാരുമൊത്ത് സന്തോഷം പങ്കിടുന്നതിനും ഈ അവധിക്കാലം സഹായിച്ചു. അവധിക്കാലം കഴിഞ്ഞ് നവോന്മേഷത്തോടെ എല്ലാവരും സെമിനാരിയിൽ തിരിച്ചെത്തി. ബഹു. വൈസ്റെക്ടർ ജിഫി മേക്കാട്ടുകുളം അച്ചന്റെ ദിവ്യബലിയർപ്പണത്തോടു കൂടെ രണ്ടാം സെമസ്റ്റർ പ്രാർത്ഥനാ നിർഭരമായി ആരംഭിച്ചു.

**ധ്യാനത്തിന്റെ ചൈതന്യത്തിൽ**

അവധിക്കാലത്തിനുശേഷം ഈ വർഷത്തെ വാർഷിക ധ്യാനം ആരംഭിച്ചു. ആരാധന ക്രമ ചൈതന്യത്തിലൂന്നിയ വാർഷിക ധ്യാനം ഈ വർഷം നയിച്ചത് ഇല്ലിത്തോട് ധ്യാനകേന്ദ്രത്തിലെ ദിവ്യകാരുണ്യ മിഷനറി സഭാംഗമായ ബഹു. ജോസ് പീടിക പറമ്പിലച്ചനാണ്. ദൈവവചനത്തിന്റെ ശക്തിയും ധ്യാനത്തിന്റെ മാധുര്യവും ദൈവവിളിയുടെ ആഴങ്ങൾ കണ്ടെത്തി മുമ്പോട്ട് നീങ്ങുവാനുള്ള പ്രചോദനമായി. വിശുദ്ധ കുർബ്ബാനയുടെ വിവിധ അർത്ഥ

തലങ്ങൾ മനസ്സിലാക്കാൻ സാധിച്ചത് ഏവർക്കും ഒരു പുത്തൻ അനുഭവമായി മാറി.

**മിഷൻ ഡേ ദിനാചരണം**

ഒക്ടോബർ 27ന് പ്രേഷിത ദിനമായി മേരിമാത സെമിനാരി കുടുംബം ആഘോഷിച്ചു. എം.എസ്.ടി. സഭാംഗമായ ബഹുമാനപ്പെട്ട സായി കുന്നത്തച്ചന്റെ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയോടെ മിഷൻ ദിനാചരണ പരിപാടികൾക്ക് തുടക്കം കുറിച്ചു. തന്റെ വ്യത്യസ്തമായ മിഷൻ അനുഭവങ്ങളും അറിവുകളും ഹൃദയസ്പർശിയായി ദിവ്യബലി മദ്ധ്യേ അദ്ദേഹം പങ്കുവെച്ചു.

മിഷൻ പ്രവർത്തനങ്ങളിൽ പങ്കുകാരാകുന്നതിനും മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുമായി പ്രധാനമായി ലേലത്തിലൂടെയും വിവിധ സ്റ്റാളുകളിലൂടെയും പണം സ്വരൂപിച്ചു. അന്നേ ദിവസം ഉച്ചയ്ക്ക് മേരിമാതാ സെമിനാരിയിൽ ബഹു. സി.എൽസി SNDS തന്റെ വ്യത്യസ്തങ്ങളായ മിഷൻ അനുഭവങ്ങൾ സെമിനാരി കമ്മ്യൂണിറ്റിയുമായി പങ്കുവെച്ചു.

**മാതാപിതാക്കളുടെ സംഗമം**

തിരുപ്പട്ട സ്വീകരണത്തിനായി ഏറ്റവും അടുത്ത് ഒരുങ്ങികൊണ്ടിരിക്കുന്ന ബഹു. ഡീക്കന്മാരുടെ മാതാപിതാക്കൾ ഒക്ടോബർ അവസാനത്തിൽ ഒരുമിച്ചുകൂട്ടി. രാവിലെ 10.30ന് ബഹു. റെക്ടറച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ ഡീക്കന്മാരും, മാതാപിതാക്കളും, സെമിനാരി കുടുംബവും ഒന്ന് ചേർന്ന് ദിവ്യബലിയർപ്പിച്ചു. തുടർന്ന് ഉച്ചഭക്ഷണത്തിനുശേഷം മൂന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ റെക്ടറച്ചൻ സദസ്സിന് ഏവർക്കും സ്വാഗതമരുളുകയും ഡീക്കന്മാരുടെ ആനിമേറ്ററായ ഡേവീസ് കാവുങ്കലച്ചൻ ആശംസകൾ നേർന്ന് സംസാരിക്കുകയും ചെയ്തു. അതിനുശേഷം ഡീക്കന്മാർ അവരവരുടെ കുടുംബാംഗങ്ങളെ സദസ്സിന് പരിചയപ്പെടുത്തുകയും, അനുഭവങ്ങളും, പ്രതീക്ഷകളും പങ്കുവെയ്ക്കുകയും ചെയ്തു. ഡീക്കന്മാർക്കും മാതാപിതാക്കൾക്കും പ്രാർത്ഥനാശംസകളും നന്ദിയും നേർന്ന് കൊണ്ട് മൂന്ന് മണിയോടെ യോഗം അവസാനിച്ചു.

**ജപമാല മാസാചരണം**

ഒക്ടോബർ 21-ാം തിയതി ദിവ്യകാരുണ്യ ആരാധനയോടു കൂടെ ജപമാല മാസാചരണം മേരിമാതാ സെമിനാരിയിൽ ആരംഭിച്ചു. തുടർന്ന് പത്തുദിവസങ്ങളിലായി വ്യത്യസ്ത നിയോഗങ്ങൾ സമർപ്പിച്ച് വിവിധ ബാച്ചുകളിലെ വൈദിക വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധനയോടൊപ്പം ഭക്തിനിർഭരമായി ജപമാല അർപ്പിച്ചു. ഒക്ടോബർ 30ന് മുളയം ഇടവക സെമിനാരിയിൽ ജപമാല സമാപനം നടത്തി. ജപമാല മാസാചരണത്തിന്റെ സമാപന ദിവസമായ ഒക്ടോബർ 31ന് മേരിമാതാ സെമിനാരി അങ്കണത്തിൽ വെച്ച്, ജപമാല പ്രദക്ഷിണവും തുടർന്ന് ഡീ. ബെന്നി കൈപ്പുള്ളി

പറമ്പൻ പരി. കന്യകാമറിയത്തെകുറിച്ചും ജപമാല അർപ്പണത്തിന്റെ ആവശ്യകതയെ കുറിച്ചും പ്രസംഗിച്ചുകൊണ്ട് ജപമാല മാസത്തിന്റെ ആഘോഷത്തിന് സമാപനം കുറിച്ചു.

**ഡീക്കന്മാരുടെ യാത്രയയപ്പ്**

വർഷങ്ങളുടെ കാത്തിരിപ്പിന് ശേഷം, യേശുവിനെ ഏറ്റവും അടുത്തറിയുവാനും അനുഗമിക്കുന്നതിനുമായി വൈദിക പരിശീലനം പൂർത്തിയാക്കിയ ബഹു. ഡീക്കന്മാർക്ക് സെമിനാരി കുടുംബം ഒന്ന് ചേർന്ന് യാത്രാമംഗളങ്ങൾ നേർന്നു. നവംബർ 1-ാം ബഹു. റെക്ടറച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ സെമിനാരി കുടുംബത്തിലെ എല്ലാ വൈദികരും സഹോദരങ്ങളും ചേർന്ന് ദിവ്യബലി അർപ്പിക്കുകയും ഡീക്കന്മാരുടെ ശിരസ്സിൽ കൈകൾ വച്ച് അനുഗ്രഹിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. അതിനുശേഷം ഒരുമിച്ച് ഭക്ഷണം കഴിക്കുകയും ശേഷം നടന്ന കുടുംബസമ്മേളനത്തിൽ ബഹു. വൈദീകർ ഡീക്കന്മർക്ക് ആശംസകൾ നേരുകയും മൊമ്മന്റോ നൽകുകയും ചെയ്തു. തുടർന്ന് തങ്ങൾക്ക് ലഭിച്ച എല്ലാ അനുഗ്രഹങ്ങൾക്കും ഡീക്കന്മാർ നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

**സകല മരിച്ചവരുടേയും ഓർമ്മ ദിനം**

സകല മരിച്ചവരേയും പ്രാർത്ഥനയിൽ ഓർക്കാൻ വീണ്ടും ഒരു ദിനം. പതിവുപോലെ സെമിനാരിയുടെ ഇടവക പള്ളിയായ മുളയം സെന്റ് പാട്രിക് ദേവാലയത്തിൽ മരിച്ചവരുടെ അനുസ്മരണാർത്ഥം അർപ്പിച്ച ദിവ്യബലിയിൽ എല്ലാ വൈദീക വിദ്യാർത്ഥികളും പങ്കെടുത്തു. ബഹു. ഫ്രാൻസീസ് ആളൂരച്ചൻ ദിവ്യബലി അർപ്പിക്കുകയും വചന സന്ദേശം നല്കുകയും ചെയ്തു.

**കുടുംബദിനാഘോഷം**

“Make it Success together” എന്ന മുദ്രാവാക്യവുമായി ആരംഭിച്ച Mist - 2016 ന് തിരിശ്ശീല വീണു. തത്ത്വശാസ്ത്ര ദൈവശാസ്ത്ര വിദ്യാർത്ഥികളെ ഒന്നിച്ചുച്ചേർത്ത് Homeday യുടെ ഭാഗമായി നാലുഗ്രൂപ്പുകളായി തിരിച്ച് മത്സരങ്ങൾ നടത്തി. നവംബർ 3, 4, 5 ദിനങ്ങളിൽ കലാമത്സരങ്ങളും അത്‌ലറ്റിക്സും നടത്തി. Home day ദിനമായ 5-ാം തിയതി സെമിനാരിയിലെ എല്ലാ വൈദികവരും സഹോദരങ്ങളും ഒന്നുചേർന്ന് അഭിവന്ദ്യ ജെയ്ക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിച്ചു. അന്ന് ഉച്ചയ്ക്ക് നടന്ന പ്രാർത്ഥനാ യോഗത്തിൽ മോൺ. വർഗ്ഗീസ് ഞാളിയത്തച്ചൻ പ്രാർത്ഥന നയിക്കുകയും അഥിതിയായി എത്തിയ അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവ് ദിനത്തിന്റെ ആശംസകൾ നേർന്ന് സംസാരിക്കുകയും ചെയ്തു. തുടർന്ന് റെക്ടറച്ചൻ ഏവർക്കും നന്ദി പറഞ്ഞു. വൈകീട്ട് നടന്ന ദിവ്യകാരുണ്യവാഴ്‌വിൽ വികാരി ജനറാൾ ജോർജ്ജ് കോമ്പാറയച്ചൻ പ്രാർത്ഥനകൾ നയിക്കുകയും തുടർന്ന് നടന്ന കുടുംബയോഗത്തിൽ അഭിവന്ദ്യ മാർ

ആൻഡ്രൂസ് താഴത്ത് പിതാവ് അദ്ധ്യക്ഷത വഹിക്കുകയും മത്സരവിജയികൾക്ക് സമ്മാനങ്ങൾ നൽകി അഭിനന്ദിക്കുകയും ചെയ്തു.

**One day Outing**

പരസ്പരമുള്ള സൗഹൃദവും കൂട്ടായ്മയും ഊട്ടിയുറപ്പിക്കുന്നതിന്റെ ഭാഗമായി സെമിനാരിയിലെ വൈദീക വിദ്യാർത്ഥികൽ എല്ലാവരും നവംബർ 12-ാം തിയതി വിനോദയാത്രക്ക് പോയി. മനസ്സിനും ശരീരത്തിനും നവോന്മേവും സന്തോഷവും നൽകുന്നതായിരുന്നു ഈ വർഷത്തെ വിനോദയാത്ര.

**ബേഴ്സ് സ്ഥാപിച്ചവർ**

**Individual Patron Membership**

1. ശ്രീ. വിത്സൺ ചിറമ്മൽ, ചിറമ്മൽ ഹൗസ്, കുരിയച്ചിറ

Institutional Benefactor Membership

1. 'ഹെവൻലി കിഡ്സാനിയ' ഔവർ ലേഡി ഓഫ് മൗണ്ട് കാർമ്മൽ ചർച്ച്, ചെങ്ങാലൂർ

**III. Individual Benefactor Membership**

1. ശ്രീ. ഇമ്മാനുവൽ സി. ലെനിൻ, ചെറുവത്തൂർ ഹൗസ്, പെരുവാംകുളങ്ങര
2. ശ്രീ. ഷാജു വി.എ. വെള്ളറ ഹൗസ്, പാവറട്ടി.

**IV. Individual Well wisher Membership**

1. ശ്രീമതി ജൂലി സനിൽ, കണ്ണൂക്കാടൻ ഹൗസ്, കൂർക്കഞ്ചേരി
2. ശ്രീ. സനിൽ ആന്റണി, കണ്ണൂക്കാടൻ ഹൗസ്, കൂർക്കഞ്ചേരി
3. ശ്രീ. പി. വി. ജോസ് പൂവ്വത്തൂക്കാരൻ ഹൗസ്, ചെങ്ങാലൂർ
4. ശ്രീ. പി. വി. അവിറാച്ചൻ, പറയനിലത്ത് ഹൗസ്, പട്ടിക്കാട്

റെക്ടർ
**ഫാ. ബാബു പാണാട്ടുപറമ്പിൽ**

PH : 2420891

# സെന്റ് മേരീസ് മൈനർ സെമിനാരി

**ജപമാല മാസാചരണം**

ഒക്ടോബർ മാസത്തെ അവസാനത്തെ 10 ദിവസങ്ങളിൽ വിവിധ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ സെമിനാരി കുടുംബം ആഘോഷമായി ജപമാല പ്രാർത്ഥന നടത്തി. ഒക്ടോബർ 31-ാം തിയതി ജപമാല പ്രദക്ഷിണം നടത്തി. പ. അമ്മയുടെ മാധ്യസ്ഥ്യം അപേക്ഷിച്ചു. ഒക്ടോബർ 13-ാം തിയതി സെമിനാരി ഉൾപ്പെടുന്ന സെന്റ് ജോസഫ് കുടുംബക്കൂട്ടായ്മയിലെ അംഗങ്ങൾ ഞങ്ങളോടൊത്ത് സെമിനാരി ചാപ്പലിൽ ജപമാല പ്രാർത്ഥനയിൽ സംബന്ധിച്ചു.

**കുടുംബ – അതിരൂപതാദ്ധ്യക്ഷദിനാഘോഷം**

നവംബർ 5-ാം തിയതി ശനിയാഴ്ച കുടുംബ-അതിരൂപതാദ്ധ്യക്ഷദിനമായി ആചരിച്ചു. രാവിലെ 11 മണിക്ക് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വിശുദ്ധ ബലിയർപ്പിച്ച് തിരുവചന സന്ദേശം നൽകി. തുടർന്നു നടന്ന സ്നേഹവിരുന്നിൽ ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് ബഹു. അഭിവന്ദ്യപിതാവും വൈദികരും സന്യസ്തരും അദ്ധ്യാപകരും ഇടവക പ്രതിനിധികളും സംബന്ധിച്ചു. വൈകീട്ട് 6 മണിക്ക് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ അദ്ധ്യക്ഷതയിൽ പൊതുയോഗവും അതിനുശേഷം സെമിനാരി വിദ്യാർത്ഥികൾ അവതരിപ്പിച്ച വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

**മാസധ്യാനം**

നവംബർ 11, 12 എന്നീ തിയതികളിലായി മാസധ്യാനം നടന്നു. ബഹു. ഫാ. ഡേവീസ് ചക്കാലയ്ക്കൽ ഡിഗ്രി പഠിക്കുന്ന സെമിനാരിക്കാർക്കും ബഹു. ഫാ. സൈജോ തൈക്കാട്ടിൽ മൈനർ സെമിനാരിക്കാർക്കും ധ്യാന ചിന്തകൾ നൽകി. റീജൻസികാർക്ക് നവംബർ 19-ാം തിയതിയായിരുന്നു മാസധ്യാനം. ബഹു. ജസ്റ്റിൻ തടത്തിലച്ചനാണ് നേതൃത്വം നൽകിയത്.

**കരുണാവർഷ സമാപനം**

പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ പ്രഖ്യാപിച്ചിരുന്ന കരുണാവർഷ സമാപനത്തിൽ യുവജനങ്ങൾക്കായി അതിരൂപത സംഘടിപ്പിച്ച ഡിവൈൻ മേഴ്സി കോൺഫ്രൻസിൽ സെമിനാരി വിദ്യാർത്ഥികൾ സംബന്ധിച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. ജോൺസൺ ഇ.എ. , ഇമ്മട്ടി ഹൗസ്, മറ്റം
2. ശ്രീ. ക്രിസ്റ്റി ജോയ്, ഭാരതി ലേ ഔട്ട്, എസ്. ജി. പാല്യ ബാംഗ്ലൂർ
3. ശ്രീ. ഫ്രാൻസീസ് സി.എ. ചിറ്റിലപ്പിള്ളി ഹൗസ്, പേരാമംഗലം

4. ശ്രീ. ഫ്രാൻസീസ് സി.ടി. ചിറ്റാട്ടുകരക്കാരൻ ഹൗസ്, സൗത്ത് അഞ്ചേരി
5. ശ്രീ. സണ്ണി ടി. പി, തട്ടിൽ നടയ്ക്കലാൻ ഹൗസ്, കോനിക്കര
6. ജെയ്സ് സി. തോമസ് ചക്രമാക്കൽ ഹൗസ്, പാലുവായ്
7. ശ്രീ. കെ.ടി. വർഗ്ഗീസ്, കൂത്തൂർ വെള്ളാട്ടുകര ഹൗസ്, അയ്യന്തോൾ
8. ശ്രീ. നെൽജോ നീലങ്കാവിൽ, കൊട്ടേക്കാട്, തൃശ്ശൂർ

ദൈവം തങ്ങൾക്ക് കനിഞ്ഞു നൽകുന്ന എല്ലാം മറ്റുള്ളവരായി പങ്കുവെയ്ക്കേണ്ടതാണെന്ന ബോധ്യം ഉൾക്കൊണ്ട് കർതൃശുശ്രൂഷയ്ക്കായി ഒരുങ്ങുന്നവരെ പിന്തുണയ്ക്കാൻ സൗമനസ്യം കാണിക്കുന്ന ഏവരേയും ഈശോ അനുഗ്രഹിക്കട്ടെ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
(റെക്ടർ)

# കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**ഓർമ്മിക്കാൻ... ആചരിക്കാൻ – 2016 ഡിസംബർ**

| | | |
|---|---|---|
| ഡിസംബർ 1 വ്യാഴം | – | ലോക എയ്ഡ്സ് ദിനം |
| ഡിസംബർ 2 വെള്ളി | – | ആദ്യവെള്ളി, വി. കുർബാന |
| ഡിസംബർ 3 ശനി | – | വി.ഫ്രാൻസീസ് സേവ്യർ തിരുനാൾ<br>അന്താരാഷ്ട്ര വികാലംഗദിനം |
| ഡിസംബർ 6 ചൊവ്വ | – | ഡോ. ബി.ആർ. അംബേദ്ക്കർ ദിനം |
| ഡിസംബർ 8 വ്യാഴം | – | മാതാവിന്റെ അമലോത്ഭവതിരുനാൾ |
| ഡിസംബർ 10 ശനി | – | മനുഷ്യാവകാശദിനം |
| ഡിസംബർ 13 ചൊവ്വ | – | മാർ ആൻഡ്രൂസ് താഴത്ത് ജന്മദിനം |
| ഡിസംബർ 25 ഞായർ | – | ക്രിസ്തുമസ്സ് |
| ഡിസംബർ 28 ബുധൻ | – | കുഞ്ഞിപ്പൈതങ്ങൾ |

**നിയമന സെലക്ഷൻ കമ്മിറ്റി മീറ്റിംഗ്**

11.11.16ന് വെള്ളിയാഴ്ച ഉച്ചക്കഴിഞ്ഞ് 4 മണിക്ക് മോൺ. തോമസ് കാക്കശ്ശേരിയുടെ അദ്ധ്യക്ഷതയിൽ അരമന കോൺഫ്രൻസ് ഹോളിൽവെച്ച് സെലക്ഷൻ കമ്മിറ്റിയുടെ മീറ്റിംഗ് നടന്നു. പുതിയ നോമിനേഷൻ ലിസ്റ്റ് പ്രകാരം നിയമനത്തിനായി ബി.എഡ്. & ടി.ടി.സി. യോഗ്യതയുള്ള അദ്ധ്യാപകരുടെ പരീക്ഷയും ഇന്റർവ്യൂവും നടത്തി, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ യോഗം തീരുമാനിച്ചു.

**മാനേജർമാർ/ പ്രിൻസിപ്പാൾമാർ സെമിനാർ**

തൃശൂർ അതിരൂപതയിൽ പ്രവർത്തിക്കുന്ന എല്ല ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലേയും (എയ്ഡഡ് & അൺ എയ്ഡഡ്) മാനേജർമാർക്കും പ്രിൻസിപ്പാൾമാർക്കുംവേണ്ടി ഒരു സെമിനാർ അരമന കോൺഫ്രാൻസ് ഹാളിൽവെച്ച് 12.11.2016ന് നടത്തി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് സെമിനാർ ഉത്ഘാടനം ചെയ്തു. മോൺ. തോമസ് കാക്കശ്ശേരി അദ്ധ്യക്ഷതവഹിച്ചു.

ബോംബെ അതിരൂപതയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ശ്രീ. ഫ്രാൻസീസ് ജോസഫ് കേന്ദ്രഗവൺമെന്റിന്റെ പുതിയ വിദ്യാഭ്യാസനയത്തെപ്പറ്റി ക്ലാസ്സെടുത്തു; ചർച്ചകൾക്ക് നേതൃത്വം നൽകി.

**സ്കൂൾ ഉപദേശകസമിതി പ്രതിനിധിയോഗം**

മോൺ. തോമസ് കാക്കശ്ശേരിയുടെ അദ്ധ്യക്ഷതയിൽ 13.11.16ന് വൈകീട്ട് 3ന് ആർച്ച് ബിഷപ്പ്സ് ഹൗസിൽവെച്ച് സ്കൂൾ ഉപദേശക സമിതി പ്രതിനിധികളുടെ യോഗം കൂടുകയുണ്ടായി. പള്ളികളുടെ നോമിനേഷൻസ് ലിസ്റ്റ് വായിച്ചു; സ്കൂളുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. നിയമനങ്ങൾക്കുള്ള പുതിയ സെലക്ഷൻ കമ്മിറ്റിയിലേക്കുള്ള സ്കൂൾ ഉപദേശകസമിതിയുടെ പ്രതിനിധികളായി കെ.എ. തോമസ് (വേലൂപ്പാടം), കെ.ഒ. വിൻസെന്റ് (പുതുശ്ശേരി) എന്നിവരെ തിരഞ്ഞെടുത്തു.

**സെന്റ് തോമസ് എച്ച്.എസ്.എസ്. തോപ്പ്**

തൃശൂർ ഈസ്റ്റ് ഉപജില്ലാ ശാസ്ത്രമേളയിൽ പ്ലസ്ടു ഓവർറോൾ രണ്ടാം സ്ഥാനം തോപ്പ് സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ നേടിയിരിക്കുന്നു. അഭിനന്ദനങ്ങൾ.

**ക്രിസ്തുമസ് – പുതുവത്സാരാശംസകൾ**

അതിരൂപത-കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ മാനേജർമാർക്കും അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ക്രിസ്തുമസ്സിന്റെയും നവവത്സരത്തിന്റെയും മംഗളങ്ങൾ ആശംസിക്കുന്നു. ഉണ്ണീശോ നമ്മെയല്ലാം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
കോർപ്പറേറ്റ് മാനേജർ

## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

### സെന്റ് തോമസ് കോളേജിൽ വിജിലൻസ് അവയർനസ് പ്രോഗ്രാം

തൃശൂർ: വിജിലൻസ് അവയർനസ്സ് വീക്കിന്റെ ഭാഗമായി പവർ ഗ്രീഡ് കോർപറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡും തൃശൂർ സെന്റ് തോമസ് കോളേജിലെ നാഷണൽ സർവീസ് സ്കീം യൂണിറ്റും ചേർന്ന് വിജിലൻസ് അവയർനസ്സ് വീക്ക് ആചരിച്ചു. യോഗം പവർഗ്രിഡ് കോർപറേഷൻ ഓഫ് ഇന്ത്യ ഡിജിഎം റോസമ തോമസ് ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ അഴിമതി സമൂഹത്തെ കാർന്ന് തിന്നുന്ന വിപത്താണെന്നും പുതതലമുറ അഴിമതിയെ നിർമാർജനം ചെയ്യുവാൻ പ്രയത്നിക്കണമെന്നും ആഹ്വാനം ചെയ്തു. തുടർന്ന് അഴിമതിവരുദ്ധ പ്രതിജ്ഞ എല്ലാവരും ചേർന്ന് ചൊല്ലി. ഡോ. ജെൻസൻ പി.ഒ. അദ്ധ്യക്ഷത വഹിച്ചു. ഡോ. പോൾസൺ മാത്യു, ഫാ. ബൈജു ചാക്കേരി, കൃഷ്ണപ്രിയ പി.ഒ., അമൽ ജോസ്, ഡോ. ജിജു മാത്യു എന്നിവർ പ്രസംഗിച്ചു. പബ്ലിക് പാർട്ടിസിപേഷൻ ഇൻ പ്രമോട്ടിംഗ് ഇന്റഗ്രിറ്റി ആന്റ് റാഡികേറ്റിംഗ് കറപ്ഷൻ എന്ന വിഷയത്തെ അധികരിച്ച സംവാദമത്സരം നടന്നു.

### സെന്റ് തോമസ് കായികരംഗത്ത് മികവ് പുലർത്തി

ക്രൈസ്റ്റ് കോളേജ് ഗ്രൗണ്ടിൽവച്ച് നടന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി ഡിസോൺ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് മത്സരത്തിൽ സെന്റ് തോമസ് കോളേജ് ടീം, ഫൈനലിൽ ക്രൈസ്റ്റ് കോളേജിനെ പരാജയപ്പെടുത്തി ഡിസോൺ ചാമ്പ്യന്മാരായി.

തൃശൂർ അക്വാടിക്സിൽ വച്ചുനടന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്വിമിംഗ് ചാമ്പ്യൻഷിപ്പിൽ കോളേജ് ടീം ചാമ്പ്യന്മാരായി. ഇവിടെ വച്ചുതന്നെ നടന്ന വാട്ടർപോളോ മത്സരത്തിൽ കോളേജ് ടീം റണ്ണർഅപ് ആയി.

കാലിക്കറ്റ് യൂണിവേഴ്സിറ്റി ചെസ് ചാമ്പ്യൻഷിപ്പിൽ സെന്റ് തോമസ് കോളേജ് പുരുഷ-വനിത വിഭാഗങ്ങളിൽ ജേതാക്കളായി ഇരട്ടകിരീടം നേടി. തോപ്പ് സ്റ്റേഡിയത്തിൽവച്ചു നടന്ന ഡിസോൺ ക്രിക്കറ്റ് മത്സരങ്ങളിൽ രണ്ടാംസ്ഥാനം കരസ്ഥമാക്കി.

### സെന്റ് തോമസിൽ ജീവനക്കാരുടെ കുടുംബസംഗമം

വർഷത്തിലൊരിക്കലുള്ള സെന്റ് തോമസ് കോളേജിലെ ജീവനക്കാരുടെ കുടുംബസംഗമം 'സാന്തോം കൊയ്നോനിയ' ഈ വർഷവും മനോഹരമായി വൈവിധ്യങ്ങളോടെ സംഘടിപ്പിക്കപ്പെട്ടു. കോളേജ് മാനേജർ മാർ റാഫേൽ തട്ടിൽ ആഘോഷപരിപാടികളിൽ പങ്കുചേർന്നു. പ്രിൻസിപ്പാൾ ഡോ.

പി.ഒ. ജെൻസൻ, വൈസ് പ്രിൻസിപ്പാൾമാരായ ഡോ. തോമസ് പോൾ കാട്ടൂക്കാരൻ, ഡോ. ഇഗ്നേഷ്യസ് ആന്റണി, ഫാ. ബൈജു ചാക്കേരി, ബർസാർ റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, കൺവീനർ ഡോ. മിജോയ് ജോസ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് പാട്രിക് മാത്യു എന്നിവർ നേതൃത്വം നൽകി.

**നാക് അക്രഡിറ്റേഷൻ ഒരുക്കങ്ങൾ തുടങ്ങി**

ഡിസംബർ 5, 6, 7 തീയതികളിൽ നിശ്ചയിച്ചിരിക്കുന്ന നാക് അക്രഡിറ്റേഷൻ ടീമിന്റെ സന്ദർശനത്തോടനുബന്ധിച്ചുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. ബഹു. മാനേജർ മാർ റാഫേൽ തട്ടിൽ, പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസൻ എന്നിവർ ഡിപ്പാർട്ടുമെന്റുകൾ സന്ദർശിച്ച് ഒരുക്കങ്ങൾ വിലയിരുത്തി. നാകിന്റെ മൂന്നാമത് സന്ദർശനമാണ് ഡിസംബറിൽ നടക്കുന്നത്. 2010ലെ സന്ദർശനത്തിൽ 3.58 പോയിന്റോടെ കോളേജ് മികച്ച നിലവാരം പുർത്തിയിരുന്നു.

**റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്**
**ബർസാർ**

**ഡോ. ഡെയ്സൻ പാണേങ്ങാടൻ**
**പി.ആർ.ഒ.**

---

## THRISSUR EDUCATIONAL TRUST & Jyothi Engineering College

▸▸ **മികവിന്റെ അംഗീകാരമായി ജ്യോതി എഞ്ചിനീയറിംഗ് കോളേജിന് NAB, NAAC അക്രെഡിറ്റേഷൻ**: എഞ്ചിനീയറിംഗ് കോഴ്സുകളുടെ മികവ് നിർണ്ണയിക്കുന്ന നാഷണൽ ബോർഡ് ഓഫ് അക്രെഡിറ്റേഷൻ (NAB) ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ അംഗീകാരത്തിനായി അപേക്ഷിച്ച 4 കോഴ്സുകൾക്ക് (കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ്) ലഭിച്ചു. കോളേജുകളുടെ മികവ് നിർണ്ണയിക്കുന്ന നാഷണൽ അസസ്സ്മെന്റ് & അക്രെഡിറ്റേഷൻ കൗൺസിലിന്റെ അക്രെഡിറ്റേഷനും കോളേജിന് ലഭിച്ചു.

▸▸ **കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഒന്നാം റാങ്കുകൾ ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്** : കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ബി.ടെക്. അവസാനവർഷ പരീക്ഷാഫലം പ്രസിദ്ധീകരിച്ചപ്പോൾ എല്ലാ വർഷത്തേയും

പോലെ ഈ വർഷവും ജ്യോതി എഞ്ചിനീയറിംഗ് കോളേജിന് റാങ്കുകളുടെ തിളക്കം. കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് വിഭാഗത്തിൽ സൂര്യ എം., ഇൻഫോർമേഷൻ ടെക്നോളജി വിഭാഗത്തിൽ മരിയ ഫ്ളവർ വിൽസൺ എന്നിവർ ഒന്നാം റാങ്ക് കരസ്ഥമാക്കി. തദവസരത്തിൽ പ്രിൻസിപ്പൽ ഡോ.കെ.കെ. ബാബുവും, മാനേജ്മെന്റും, അദ്ധ്യാപകരും റാങ്ക് കരസ്ഥമാക്കിയ വിദ്യാർത്ഥികളെ അനുമോദിച്ചു.

- **ദേശീയ അംഗീകാരം കരസ്ഥമാക്കി സുവീഷിന് ഒന്നാം സ്ഥാനം** : ഹൈദരാബാദിൽ വച്ച് നടന്ന എൻ.എസ്.എസ്. നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പിനോടുബന്ധിച്ച് സംഘടിപ്പിച്ച "ബേട്ടി പഠാവോ, ബേട്ടി ഉടാവോ", "സ്വച്ച് ഭാരത്" എന്നീ വിഷയങ്ങളിൽ പോസ്റ്റർ മെക്കിംഗ് മത്സരത്തിൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥി ശ്രീ. സുവീഷ് കെ.ടി. ഒന്നാം സ്ഥാനം നേടി ദേശീയ അംഗീകാരം കരസ്ഥമാക്കി.

- **റോബോട്ടിക്സ് ദ്വിദിനശില്പശാല** : സെപ്തംബർ 7, 8 തിയ്യതികളിലായി ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗം സ്റ്റുഡന്റ്സ് അസോസിയേഷന്റെ ഈ വർഷത്തെ പ്രവർത്ത നങ്ങളുടെ ഉദ്ഘാടനവും റോബോട്ടിക്സ് & എംബഡഡ് സിസ്റ്റംസ് എന്ന വിഷയത്തിൽ ദ്വിദിനശില്പശാലയും സംഘടിപ്പിച്ചു. പ്രസ്തുത പരിപാടികളുടെ ഉദ്ഘാടനം മുൻരാഷ്ട്രപതി ഡോ. എ. പി.ജെ. അബ്ദുൾകലാമിന്റെ പ്രിയശിഷ്യനും കമ്പ്യൂട്ടർ സയൻസ് വിദഗ്ദനുമായ പ്രൊഫസർ ഫാ. ഡോ. എ.കെ. ജോർജ്ജ് നിർവ്വഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു ആദ്ധ്യക്ഷം വഹിച്ച ചടങ്ങിൽ അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ, അഡ്മിനിട്രേറ്റർ എഞ്ചിനീയർ. തോമസ് മാത്യു, അസിസ്റ്റന്റ് അഡ്മിനിട്രേറ്റർ എഞ്ചിനീയർ. ബോബി പീറ്റർ, ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം മേധാവി പ്രൊഫ. രത്നൻ പി., ശ്രീ. ഫിലിപ്പ് ചാക്കോ എന്നിവർ പങ്കെടുത്ത് സംസാരിച്ചു.

- **വേൾഡ് സ്റ്റാന്റേഡ്സ് ദിനാഘോഷം** : സെപ്തംബർ 7ന് ജ്യോതിയിൽ വേൾഡ് സ്റ്റാന്റേഡ്സ് ഡേ ആഘോഷിച്ചു. ഉല്പന്നങ്ങൾക്ക് ഒരു താരതമ്യാധാരം നിലനില്ക്കേണ്ടതിന്റെ പ്രാധാന്യവും ഐ.എസ്.ഐ. മുദ്രകൾ പരിശോധിക്കേണ്ടതിന്റെ ആവശ്യകതയും, ഉല്പന്നങ്ങൾ വാങ്ങിക്കുമ്പോൾ ഓരോരുത്തരും മനസ്സിലാക്കേണ്ടതാണെന്ന് ഹേമലത പണിക്കർ (ഡെപ്യൂട്ടി ഡയറക്ടർ, ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേഡ്സ്, കൊച്ചി) അഭിപ്രായപ്പെട്ടു. ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ വേൾഡ്

സ്റ്റാന്റേഡ്സ് ദിനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ. കോളേജ് അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ പ്രസ്തുത പരിപാടിക്ക് ആദ്ധ്യക്ഷം വഹിച്ചു. എഞ്ചിനീയറിംഗ് മേഖലയിൽ സ്റ്റാന്റേഡ്സ് പിന്തുടരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള സെമിനാറിന് ശ്രീ. കണ്ണൻ ഗോവിന്ദരാജ് (സയിന്റിസ്റ്റ്, ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേഡ്സ്, കൊച്ചി) നേതൃത്വം നല്കി. പ്രൊഫ. വർഗ്ഗീസ് ജോബ് സ്വാഗതം ആശംസിച്ച ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു പ്രത്യേക പ്രഭാഷണം നടത്തി. അഡ്മിനിട്രേറ്റർ എഞ്ചിനീയർ. തോമസ് മാത്യു, പ്രോഗ്രാം കോഡിനേറ്റർ ഡോ. ജിബിൻ ജോർജ്ജ്, ശ്രീ. നിഖിൽ എൻ.എസ്. എന്നവർ പങ്കെടുത്ത് സംസാരിച്ചു.

- **വേൾഡ് ഹാബിറ്റാറ്റ് ഡേ** : കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ സിവിൽ എഞ്ചിനീയേഴ്സ് അസോസ്സിയേഷൻ സംഘടിപ്പിച്ച വേൾഡ് ഹാബിറ്റാറ്റ് ഡേയുടെ ഉദ്ഘാടനം ഒക്ടോബർ 7ന് കോളേജ് അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ നിർവ്വഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഡിപ്പാർട്ട്മെന്റ് മേധാവി പ്രൊഫ. എസ്. രതീഷ്, അഡ്മിനിട്രേറ്റർ എഞ്ചിനീയർ തോമസ് മാത്യു തുടങ്ങിയവർ സംസാരിച്ചു.

# മഹാജൂബിലി ട്രെയ്നിംഗ് കോളേജ്

**മൂല്യനിർണ്ണയ ക്ലാസ്സ് സംഘടിപ്പിച്ചു.**

മുള്ളൂർക്കര : മുള്ളൂർക്കര മഹാജൂബിലി ട്രെനിംഗ് കോളേജിൽ ആചാര്യ പത്മനാഭ സ്വാമിയുടെ നേതൃത്വത്തിൽ മൂല്യനിർണ്ണയ ക്ലാസ്സ് സംഘടിക്കപ്പെട്ടു. 06.10.2016 വ്യാഴാഴ്ച രാവിലെയായിരുന്നു ക്ലാസ്സ് നടന്നത്. മൂല്യാധിഷ്ഠിതമായ ധാരാളം കാര്യങ്ങൾ അദ്ദേഹം വിദ്യാർത്ഥികളോട് പങ്കുവെച്ചു. ഒരു അദ്ധ്യാപകനുവേണ്ടത് അറിവിനുപരി മാനുഷിക മൂല്യങ്ങളാണ് എന്നദ്ദേഹം അഭിപ്രായപ്പെട്ടു. വിദ്യാർത്ഥികൾക്ക് തീർത്തും പ്രബോധമായ ക്ലാസ്സ് ആയിരുന്നു അത്. പ്രസ്തുത ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ ഫാ. ചാക്കോ ചിറമ്മേൽ സ്വാഗതം പറയുകയും കോളേജ് ചെയർപേഴ്സൺ ശ്രീലയ ശ്രീധർ നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

**ലോക കാഴ്ചദിന ജില്ലാതല ഉദ്ഘാടനം**

മുള്ളൂർക്കര ഈ വർഷത്തെ ലോക കാഴ്ചദിന പരിപാടികളോട് ബന്ധപ്പെട്ട ജില്ലാതല ഉദ്ഘാടനം മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ

14.10.2016 വെള്ളിയാഴ്ച മുള്ളൂർക്കര പ്രിയദർശിനി ഹാളിൽ വെച്ച് നടന്നു.

ബഹു. എം.പി. ശ്രീ. പി.കെ. ബിജു ഉദ്ഘാടന കർമ്മം നിർവ്വഹിച്ച ചടങ്ങിൽ മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.എം. എച്ച് അബ്ദുൾ സലാം അദ്ധ്യക്ഷത വഹിക്കുകയും ശ്രീമതി മിനി രാധാകൃഷ്ണൻ സ്വാഗതം പറയുകയും ചെയ്തു. പ്രസ്തുത ചടങ്ങിൽ മഹാജൂബിലി ട്രെയ്നിംഗ് കോളേജിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും സന്നിഹിതരായിരുന്നു.

**ലോകഗണിതശാസ്ത്ര ദിനം ആഘോഷിച്ചു.**

മുള്ളൂർക്കര : മുള്ളൂർക്കര മഹാജൂബിലി ട്രെനിങ്ങ് കോളേജിലെ 2016-2018 അദ്ധ്യായന വർഷത്തിലെ മാത്തമാറ്റിക്സ് വിഭാഗത്തിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപികയുടെയും നേതൃത്വത്തിൽ 14.10.2016 വെള്ളിയാഴ്ച കോളേജ് അങ്കണത്തിൽ വെച്ച് ലോക ഗണിതശാസത്ര ദിനം ആഘോഷിച്ചു. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികൾ അരങ്ങേറി. ദിനാചരണത്തോടനുബന്ധിച്ച് നടന്ന ക്വിസ് മത്സരം പ്രൗഢിയേകുന്നവയായിരുന്നു. മത്സരത്തിൽ ഫിസിക്കൽ സയൻസ് വിഭാഗത്തിന് ഒന്നാം സ്ഥാനവും ഇംഗ്ലീഷിനും സോഷ്യൽ സയൻസ് വിഭാഗത്തിനും യഥാക്രമം രണ്ടും മൂന്നും സ്ഥാനവും ലഭിച്ചു.

**GTA മീറ്റിങ്ങ് സംഘടിപ്പിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രെനിങ്ങ് കോളേജിൽ 2016-2018 അദ്ധ്യായന വർഷത്തിലെ Guardian Teacher Association (GTA) മീറ്റിങ്ങ് 21.10.2016 വെള്ളിയാഴ്ച കോളേജ് അങ്കണത്തിൽ വെച്ച് നടന്നു. മോൺ തോമസ് കാക്കശ്ശേരി ഉദ്ഘാടന കർമ്മം നിർവ്വഹിച്ച ചടങ്ങിൽ നാച്ചുറൽ സയൻസ് വിഭാഗം അസി. പ്രൊ. സാനി കെ തോമസ് സ്വാഗതം പറയുകയും കോളേജ് പ്രിൻസിപ്പാൾ ഫാ.ചാക്കോ ചിറമ്മേൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികൾ ചടങ്ങിൽ അരങ്ങേറി. കോളേജ് അസി. മാനേജർ ഡിറ്റോ കൂളയും ഇംഗ്ലീഷ് വിഭാഗം അസി. പ്രൊഫ. ജോസി പി. ജോർജ്ജ്, കോളേജ് ചെയർപേഴ്സൺ ശ്രീലയ ശ്രീധറും ചടങ്ങിൽ ആശംസാ വാചകങ്ങൾ പറഞ്ഞു. ഫിസിക്കൽ സയൻസ് അസി. പ്രൊ. മേരി പ്രിയയായിരുന്ന നന്ദി രേഖപ്പെടുത്തിയത്. തുടർന്ന് ജി.ടി.എ. ഭാരവാഹികളെ തെരഞ്ഞെടുത്തു.

**കലാമണ്ഡലം സന്ദർശിച്ചു.**

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിൽ നിന്നും ചെറുതുരുത്തി കേരള കലാമണ്ഡലത്തിലേക്ക് 26.11.2016 ബുധനാഴ്ച പഠനയാത്ര സംഘടിപ്പിച്ചു. കലകളുടെ ഈറ്റില്ലത്തിലേക്കുള്ള ആ യാത്ര വിദ്യാർത്ഥികളിൽ നവ്യാനുഭൂതി പകരുന്നതായിരുന്നു.

**ജഫ്രി ചോസർനെ അനുസ്മരിച്ചു.**

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിലെ 2016–2018 അദ്ധ്യായന വർഷ ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ 60–ാം കേരളപ്പിറവി ആഘോഷം സംഘടിപ്പിച്ചു. കേരളത്തനിമയേയും പ്രൗഢിയേയും ഉൾകൊണ്ടുള്ള വിദ്യാർത്ഥികളുടെ കലാപരിപാടികൾ ചടങ്ങിന് ഹരം കൊള്ളിക്കുന്നതായിരുന്നു.

**സ്കൂൾ തല സബ്ജില്ലാ ശാസ്ത്രമേള**

മുള്ളൂർക്കര : 2016–2017 അദ്ധ്യായന വർഷത്തിലെ സ്കൂൾതല സബ്ജില്ലാ ശാസ്ത്രമേള ആരംഭിച്ചു. വടക്കാഞ്ചേരി ഉപജില്ലാ ശാസ്ത്രമേള അരങ്ങേറിയത് ജി.എച്ച്. എസ്. എസ്. ചെറുതുരുത്തിയിലായിരുന്നു. പ്രസ്തുത ചടങ്ങിൽ മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിലെ വിദ്യാർത്ഥികളും പങ്കാളികളായി.

Pre-Model Exam **സമാപിച്ചു.**

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിഗ് കോളേജിലെ 2016–2018 അദ്ധ്യായന വർഷ വിദ്യാർത്ഥികളുടെ Ist Semester Pre-model പരീക്ഷകൾ 10.11.2016ന് അവസാനിച്ചു.

| | |
|---|---|
| **ഡോ. ഫാ. ചാക്കോ ചിറമേൽ** | **ഫാ. ഡിറ്റോ കൂള** |
| പി.ആർ. ഒ | അസി മാനേജർ |

---

## തൃശ്ശൂർ അതിരൂപത
## ബൈബിൾ അപ്പസ്തോലേറ്റ്
Ph: 0487-2320780; E-mail: trichurbibleapostolate@gmail.com

**ലോഗോസ് ക്വിസ് വിജയികൾ:**

കെ.സി.ബി.സി.യും തൃശൂർ ബൈബിൾ അപ്പസ്തോലേറ്റും സംയുക്തമായി സംഘടിപ്പിച്ച ലോഗോസ് ക്വിസ് –2016, വചനമെഴുത്ത്, കാറ്റിക്കിസം ടീച്ചേഴ്സ് ലോഗോസ് ക്വിസ്, ഫാമിലി ലോഗോസ് ക്വിസ്, സിസ്റ്റേഴ്സ് ലോഗോസ് ക്വിസ്, കാറ്റിക്കിസം ലോഗോസ് ക്വിസ്, യൂത്ത് ലോഗോസ് ക്വിസ് എന്നീ മത്സരങ്ങളുടെ അതിരൂപതതല വിജയികളെ പ്രഖ്യാപിച്ചു. 250 സെന്ററുകളിലായി 60,000 പേർ പങ്കെടുത്ത ലോഗോസ് ക്വിസ് മത്സരങ്ങളിലെ റാങ്ക് ജേതാക്കൾ:

**ലോഗോസ് ക്വിസ് 2016 റാങ്ക് ജേതാക്കൾ**

**എ വിഭാഗം:**

Ist - അലീന സോജൻ (പെരിഞ്ചേരി)

IInd - ടെറിൻ തോമാസ് (ഒല്ലൂർ)

IIIrd - എയ്ഞ്ചൽ മേരി പോൾ (മരത്താക്കര)

**ബി വിഭാഗം:**

Ist - ഹെൽന ബെന്നി (വേലൂർ)

IInd - ആൻലിറ്റ ബൈജു (എരുമപ്പെട്ടി)

IIIrd - മെറിൻ തോമാസ് (ഒല്ലൂർ)

**സി വിഭാഗം:**

Ist - എവ്‌ലിൻ റോസ് റാഫി (വെള്ളാറ്റഞ്ഞൂർ)

IInd - ബെൻസിമോൾ ബേബി (വേലൂർ)

IIIrd - ടെജി ജോയ് കെ. (ചെവ്വൂർ)

**ഡി വിഭാഗം:**

Ist - ഷിൻസി സോജൻ (പെരിഞ്ചേരി)

IInd - ഷൈജി ഡെന്നി (വരടിയം)

IIIrd - സജി സോജൻ (ചേലക്കര)

**ഇ വിഭാഗം:**

Ist - വിൻസെന്റ് സി. കുന്നത്ത് (പറപ്പൂർ)

IInd - ഫിലോമിന ബേബി (കണ്ണാറ)

IIIrd - ഗ്ലിറ്റി ജോസ് (മരിയാപുരം)

**എഫ് വിഭാഗം:**

Ist - റോസി വർഗ്ഗീസ് (കുറ്റൂർ)

IInd - റോസിലി അഗസ്റ്റിൻ (വേലൂപ്പാടം)

IIIrd - വറീത് സി. ആർ. (മണ്ണുത്തി)

**വചനമെഴുത്ത് 2016 റാങ്ക് ജേതാക്കൾ**

**എ വിഭാഗം:**

Ist - തെരേസ തോമാസ് (ഇരവിമംഗലം)

IInd - അലീന സോജൻ (പെരിഞ്ചേരി)

IIIrd - എയ്ഞ്ചൽ ബൈജു (ഇരവിമംഗലം)

**ബി വിഭാഗം:**

Ist - വിയ മരിയ ജോജു (കാരമുക്ക് നോർത്ത്)

IInd - മിൻസ മരിയ (മാടക്കത്തറ)

III^rd – അനീഷ ആന്റണി (തൃക്കൂർ)

**സി വിഭാഗം:**

I^st – സി. സൗമ്യ ജോസ് സി. എസ്. എസ്. (സമരിറ്റൻ സിസ്റ്റേഴ്സ്, മണ്ണുത്തി)

II^nd – റോസ്മി സി. ജെ. (കുണ്ടന്നൂർ)

III^rd – ജീന എം. തോമാസ് (കിള്ളിമംഗലം)

**ഡി വിഭാഗം:**

I^st – ഷൈജി ഡെന്നി (വരടിയം)

II^nd – സി. സോണിയ സി. എസ്. എസ്. (സമരിറ്റൻ സിസ്റ്റേഴ്സ്, മണ്ണുത്തി)

III^rd – വിജി സാനി (വടക്കാഞ്ചേരി)

**ഇ വിഭാഗം:**

I^st – ഫിലോമിന ബേബി (കണ്ണാറ)

II^nd – മേരി രാജൻ (ചിയ്യാരം വിജയമാത)

III^rd – സിസിലി ജോർജ്ജ് പല്ലൻ (ഡോളേഴ്സ് ബസിലിക്ക)

**എഫ് വിഭാഗം:**

I^st – കുഞ്ഞില ചാക്കപ്പൻ (അഞ്ചേരി)

II^nd – മേരി ഫ്രാൻസീസ് (പട്ടിക്കാട്)

III^rd – എലിസബത്ത് വർഗ്ഗീസ് (ചിറ്റാട്ടുക്കര)

**കാറ്റിക്കിസം ടീച്ചേഴ്സ് ലോഗോസ് ക്വിസ് 2016 റാങ്ക് ജേതാക്കൾ**

I^st – ജോസ് പോൾ സി., റോസ് മേരി ഫ്രാൻസീസ്, സ്റ്റാൻലിൻ റാഫേൽ (അരണാട്ടുകര)

II^nd – ലിസി അലക്സ്, സി. ഗ്രേസി വർഗ്ഗീസ് എസ്.കെ.ഡി., ജൈൻ മേരി കെ. (ലൂർദ്ദ്)

III^rd – സി. റീന പൊറത്തൂർ, സി. സ്നേഹ, ഹേമ ഷൈൻ നെയ്യാൻ (ചെമ്മണ്ണൂർ)

**ഫാമിലി ലോഗോസ് ക്വിസ് 2016 റാങ്ക് ജേതാക്കൾ**

I^st – ഡെന്നി പൊന്നുക്കാരൻ & ഫാമിലി, വരടിയം

II^nd – സാജൻ വല്ലൂപ്പാറ & ഫാമിലി, പെരിഞ്ചേരി

III^rd – സ്റ്റാൻലിൻ റാഫേൽ ചക്കാലക്കൽ & ഫാമിലി, അരണാട്ടുക്കര

**സിസ്റ്റേഴ്സ് ലോഗോസ് ക്വിസ് 2016 റാങ്ക് ജേതാക്കൾ**

I^st – സി. ജിയോ തെരേസ, സി. ഷാൻമരിയ, സി. ബിൻസി മരിയ **എസ്.എ.ബി.എസ്.** (മേരിമാത അഡോറേഷൻ കോൺവെന്റ്, ഇയ്യാൽ)

II^nd – സി. റീന പൊറത്തൂർ, സി. സ്നേഹ ഔസ്സേപ്പ്, സി. അലീന ലിസ്ബെത്ത് **എഫ്.സി.സി.** (കോട്ടപ്പടി)

III$^{rd}$ – സി. സൗമ്യ ജോസ്, സി. സോണിയ, സി. എൽസ **സി.എസ്.എസ്.** (സമരിറ്റൻ സിസ്റ്റേഴ്സ്, മണ്ണുത്തി)

**യൂത്ത് ലോഗോസ് ക്വിസ് 2016 റാങ്ക് ജേതാക്കൾ**

I$^{st}$ – ഡെൽഫി ബെന്നി, അനില അബ്രാഹം, ലിന്റോ സണ്ണി, ജിനീഷ് (വെള്ളാനിക്കോട്)

II$^{nd}$ – അമൽ ഷാജി, അമൽ ടി.ജെ., അഖില ഷാജി, മരിയ എ. ജോസഫ് (പുലക്കാട്ടുകര)

III$^{rd}$ – അഞ്ജു മരിയ, ആൻസി സണ്ണി, ലിവിൻ ടി. ജോയ്, ഡെറി പോൾ (വൈലത്തൂർ)

**കാറ്റിക്കിസം ലോഗോസ് ക്വിസ് 2016 റാങ്ക് ജേതാക്കൾ**

I$^{st}$ – അനു ആന്റണി, വനിക റാഫി, സഞ്ജു ആന്റണി (അടാട്ട്)

II$^{nd}$ – ഐറിൻ റോസ്, ദിയ ജോസി, ജോയ്സി സി.ജെ. (ചേലക്കര)

III$^{rd}$ – ബ്ലെസി, ക്ലെവിൻ, സീമ (ചൊവ്വന്നൂർ)

റിസൾട്ടുകൾ ബൈബിൾ അപ്പസ്തോലേറ്റിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്.

www.thrissurbibleapostolate.org

***വിജയികൾക്ക് ബൈബിൾ അപ്പസ്തോലേറ്റിന്റെ അഭിനന്ദനങ്ങൾ......***

**ബൈബിൾ അപ്പസ്തോലേറ്റ് അവാർഡ് ഡേ – 2017 ജനുവരി 2ന്**

ഈ വർഷത്തെ ബൈബിൾ അപ്പസ്തോലേറ്റ് അവാർഡ് ഡേ, മറ്റു വർഷങ്ങളിൽനിന്ന് വ്യത്യസ്തമായി 2017 ജനുവരി 2ന് തിങ്കളാഴ്ച സെന്റ് തോമാസ് കോളേജിൽ വെച്ച് നടക്കുന്നതായിരിക്കും. ലോഗോസ് ക്വിസ് 2016, ഇതര ലോഗോസ് ക്വിസ് മത്സര അവാർഡുകൾ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അവാർഡ് ദാന ചടങ്ങിലേക്ക് ഏവരേയും ഹൃദ്യമായി സ്വാഗതം ചെയ്യുന്നു.

**സംസ്ഥാനതല ലോഗോസ് ക്വിസ് 2016**

രൂപതാതലത്തിൽ ലോഗോസ് ക്വിസ് മത്സരത്തിൽ 6 വിഭാഗങ്ങളിലായി ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടിയവർക്കുള്ള അഖിലകേരള ലോഗോസ് എഴുത്തു പരീക്ഷ കലൂർ സെന്റ് ആൽബർട്ട് കോളേജിൽവെച്ച് നവംബർ 20ന് ഞായറാഴ്ച ഉച്ചക്ക് 2.30ന് ആരംഭിക്കുന്നതാണ്.

രൂപതയിൽ നിന്ന് കൂടുതൽ മാർക്ക് നേടിയ കുടുംബത്തിന് വേണ്ടിയുള്ള ഫമിലിയ സംസ്ഥാനതല എഴുത്തുപരീക്ഷ നവംബർ 26ന് ശനിയാഴ്ച രാവിലെ 9.30ന് പി.ഒ.സി.യിൽ ആരംഭിക്കും. എഴുത്തുപരീക്ഷയിൽ ഉയർന്ന

മാർക്കു വാങ്ങുന്ന 4 പേർക്കായി ഫമിലിയ ലോഗോസ് ടെലിക്വിസ് ഉച്ചകഴിഞ്ഞ് 2.30ന് നടക്കും.

സംസ്ഥാനതല ലോഗോസ് ക്വിസിന് പങ്കെടുക്കാൻ അർഹരായിട്ടുള്ള എല്ലാ വിജയികൾക്കും ബൈബിൾ അപ്പസ്തോലേറ്റിന്റെ അഭിനന്ദനങ്ങൾ..... പി.ഒ.സി.യിൽ വെച്ച് നടക്കുന്ന സംസ്ഥാനതല ലോഗോസിന് ഒരുങ്ങുന്നവർക്ക് അതാത് ഇടവക വികാരിയച്ചന്മാരുടെ സഹകരണവും പിന്തുണയും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ബെത്ലഹേമിലേക്ക്....**

കഴിഞ്ഞ വർഷത്തേതുപോലെ ക്രിസ്തുമസിനൊരുക്കമായുള്ള അനുദിന ക്രിസ്തുമസ് വചനസന്ദേശങ്ങൾ ഈ വർഷവും സോഷ്യൽ നെറ്റുവർക്കുകളിലൂടെ നിങ്ങളിലേക്കെത്തിക്കാൻ ബൈബിൾ അപ്പസ്തോലേറ്റ് ഒരുങ്ങുന്നു. ക്രിസ്തുമസ് നോമ്പുകാലത്ത് ഓരോ ദിവസവും മാർ റാഫേൽ തട്ടിൽ പിതാവ് നൽകുന്ന രണ്ടരമിനിറ്റ് നീളുന്ന വചനസന്ദേശങ്ങൾ വാട്സ്ആപ്പ്, ഫെയ്സ്ബുക്ക്, യുട്യൂബ് വഴി ലോകമെമ്പാടുമുള്ള വിശ്വാസികൾക്ക് അയച്ചുകൊടുക്കുന്നു. ഈ സംരംഭത്തിൽ പങ്കുചേരാൻ ആഗ്രഹിക്കുന്നവർക്ക് ബൈബിൾ അപ്പസസ്തോലറ്റിന്റെ Whatsapp(**9447721976**)ലോ, Facebook (bibleapsotolate.trichur / Trichur Bible Apostolate)ലോ ബന്ധപ്പെടാവുന്നതാണ്.

**ബൈബിൾ വർണ്ണങ്ങൾ – 2016**

തൃശ്ശൂർ അതിരൂപത ബൈബിൾ അപ്പസ്തോലേറ്റ് സ്കൂൾ വിദ്യാർത്ഥികൾക്കായി ബൈബിൾ രംഗങ്ങളുടെ ചിത്രരചനാമത്സരം – ബൈബിൾ വർണ്ണങ്ങൾ, 2016 ഡിസംബർ 3ന് രാവിലെ 9.45ന് തൃശ്ശൂർ തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ വെച്ച് നടത്തുന്നു. ബൈബിൾ വർണ്ണങ്ങൾ–ചിത്രരചനാമത്സരത്തിന്റെ വിജയത്തിനായി സ്ക്കൂൾ അധികാരികളുടെയും അദ്ധ്യാപകരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.
കൂടുതൽ വിവരങ്ങൾക്ക് : 0487–2320780, 7558937090

**ബൈബിൾ പാരായണമാസം**

ബൈബിൾ പാരായണമാസമായി കെ. സി. ബി. സി. നിർദ്ദേശിച്ചിട്ടുള്ളത് ഡിസംബർ മാസമാണെന്ന് ഏവർക്കും അറിയാമല്ലോ. അത് സമുചിതമായി ആചരിക്കാൻ എല്ലാ വൈദികരെയും സന്യസ്തരേയും അല്മായരെയും ഓർമ്മിപ്പിക്കുന്നു. കെ. സി. ബി. സി. യുടെ താഴെ പറയുന്ന നിർദ്ദേശങ്ങൾ നിങ്ങളുടെ ശ്രദ്ധയിലേക്ക് കൊണ്ട് വരുന്നു:

- ഒരു ദിവസം 3.5 മണിക്കൂർ വീതം ബൈബിൾ വായിച്ചാൽ ഒരു മാസം കൊണ്ട് സമ്പൂർണ്ണ ബൈബിൾ പാരായണത്തിനു സഹായിക്കുന്ന ഒരു ബൈബിൾ പാരായണ കാർഡ് തയ്യാറാക്കിയിട്ടുണ്ട്.

- പൊതുജനത്തിനു ശല്യമാകാത്ത രീതിയിൽ പരസ്യമായ ബൈബിൾ പാരായണം പ്രോത്സാഹിപ്പിക്കുക.
- അഖണ്ഡ ബൈബിൾ പാരായണയജ്ഞങ്ങൾ സംഘടിപ്പിക്കുന്നത് നന്നായിരിക്കും.
- ഈ വർഷത്തെ ബൈബിൾ ഞായർ ഡിസംബർ 18ന് ആയിരിക്കും. അന്നേ ദിവസം ദേവാലയത്തിൽ വ്യത്യസ്ത ബൈബിൾ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

ഡിസംബർ ബൈബിൾ പാരായണം ഇടവകതലത്തിലോ, കുടുംബകൂട്ടായ്മ തലത്തിലോ സംഘടിപ്പിക്കാവുന്നതാണ്. കഴിഞ്ഞ വർഷം യുവാക്കളുടെ നേതൃത്വത്തിൽ ഒട്ടനവധി ഇടവകകളിൽ ബൈബിൾ പാരായണം നടന്നിരുന്നു. ഇടവകയിൽ നിന്ന് കുടുംബകൂട്ടായ്മകളുടെ നേതൃത്വത്തിൽ ബൈബിൾ പാരായണം നടത്തുന്നത് നല്ലതായിരിക്കും. ഡിസംബർ 1 മുതൽ ഓരോ ഭവനങ്ങളിലും വായിക്കുവാനുള്ള ബൈബിൾ ഭാഗങ്ങൾ തയ്യാറാക്കി കൊടുക്കുവാൻ കുടുംബകൂട്ടായ്മ ഭാരവാഹികളെ പ്രത്യേകം അറിയിക്കുമല്ലോ. വായനകലണ്ടറിന്റെ മാതൃക ഓരോ ഇടവകയിലേക്കും അയക്കുന്നതാണ്. ഓരോ വിശ്വാസിയിലും ഓരോ കുടുംബത്തിലും ബൈബിളിനോടുള്ള അഭിവാഞ്ഛ വർദ്ധിപ്പിക്കുന്നതിനും ബൈബിൾ പാരായണത്തിനുള്ള തീക്ഷണത വളർത്തുന്നതിനും ഈ ബൈബിൾ പാരായണമാസം നമ്മെ സഹായിക്കട്ടെ.

**ബൈബിൾ കോഴ്സ്**

ബൈബിൾ കോഴ്സുകളിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ബൈബിൾ അപ്പസ്തോലേറ്റ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്......

**വിശുദ്ധനാട് തീർത്ഥാടനം**

അടുത്ത വർഷത്തെ റോം - യൂറോപ്പ് തീർത്ഥാടനങ്ങൾ 2017 മെയ് 1നും ഒക്ടോബർ 1നും വിശുദ്ധനാട് തീർത്ഥാടനങ്ങൾ 2017 ഏപ്രിൽ 18നും, മെയ് 2നും, 16നും, സെപ്റ്റംബർ 5നും, ഒക്ടോബർ 3നും, നവംബർ 7നും, ഡിസംബർ 20നും പുറപ്പെടുന്നു.

റോമ-യൂറോപ്പ് തീർത്ഥാടനത്തിനും വിശുദ്ധനാട് തീർത്ഥാടനത്തിനും പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ..

ഫോൺ: 0487-2320780, 7558937090, 9497443246

**ഫാ. ലിജോ ചിറിയങ്കണ്ടത്ത്**
**അസി. ഡയറക്ടർ**

**ഫാ. ഫ്രാൻസീസ് കൂത്തൂർ**
**ഡയറക്ടർ**

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

**നവംബർ – 2016 – ലോകമാനസികാരോഗ്യദിനം ആചരിച്ചു**

ലോകമാനസികാരോഗ്യദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജും നടത്തറ ഗ്രാമപഞ്ചായത്തും സംയുക്തമായി 'മനോരോഗങ്ങൾക്ക് പ്രഥമ ശുശ്രൂഷ' എന്ന വിഷയത്തെ ആസ്പദമാക്കി ഏകദിനശില്പശാല സംഘടിപ്പിച്ചു. നടത്തറ പഞ്ചായത്തിലെ അംഗൻവാടി വർക്കർമാർ, ആശാവർക്കർമാർ, കുടുംബശ്രീ അംഗങ്ങൾ, എൻ.എസ്.എസ്. വളണ്ടിയർമാർ എന്നിവർക്ക് മനോരോഗവിഷയങ്ങളെകുറിച്ച് അടിസ്ഥാന ധാരണയുണ്ടാക്കുക എന്നതായിരുന്നു ശില്പശാലയുടെ പ്രധാന ഉദ്ദേശം. നടത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് വി. ആർ. രഞ്ജിത്ത് അധ്യക്ഷത വഹിച്ച ചടങ്ങ് ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ഉമാദേവി ഐ. എസ്. ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ഷീന പൊറ്റേക്കാട്, വാർഡ് മെമ്പർ ഗണേഷ് പാണ്ഡ്യൻ, ജൂബിലി മിഷൻ അസി. ഡയറക്ടർ ഫാ. ടിജോ ജോയ് മുള്ളക്കര, ജൂബിലിയിലെ സൈക്യാട്രി വിഭാഗം മേധാവി പ്രൊഫസർ ഡോ. ജെയിംസ് ടി. ആന്റണി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ സുധർമണി, ഹെൽത്ത് ഇൻസ്പെക്ടർ ഉണ്ണികൃഷ്ണൻ എന്നിവർ ആശംസകൾ നേർന്നു. ജൂബിലിയുടെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ. രാജൻ കെ. സ്വാഗതവും, സൈക്യാട്രി സോഷ്യൽ വർക്കർ അബ്ദുൾ റഹിമാൻ നന്ദിയും പറഞ്ഞു. ഡോ. മുഹമ്മദ് റജീസ് എം., ഡോ. റ്റി. എസ്. ഉണ്ണികൃഷ്ണൻ, ഡോ. മെറിൻ പൗലോസ്, ഡോ. ജോമി ജി. സി., ഡോ. നീതി വത്സൻ എന്നിവർ ക്ലാസുകൾ നയിച്ചു.

**ജൂബിലി ആയുർവ്വേദയിൽ ശ്വാസകോശരോഗങ്ങളെകുറിച്ചുള്ള സെമിനാർ**

ജൂബിലി ആയുർവ്വേദ മിഷൻ ആശുപത്രിയിൽ ഓക്ടോബർ 21-ാം തിയതി ആസ്തമ, സി.ഒ.പി.ഡി. മുതലായ ശ്വാസകോശരോഗങ്ങളെപറ്റിയുള്ള സെമിനാർ 'പ്രാണാ' തൃശ്ശൂർ ഡി.എം.ഒ. ഡോ. ഷീല കാറളം ഉദ്ഘാടനം ചെയ്തു. ഡോ. സുപ്രിയ, ഡോ. യദുനന്ദനൻ, ഡോ. ഷാബു, ഡോ. അനുമോദ് കാക്കശ്ശേരി എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**പുതിയ ബാച്ച് എസ്.ഐ–മാർക്കുള്ള പ്രഥമശുശ്രൂഷ പരിശീലന ക്ലാസ് നടന്നു**

തൃശ്ശൂർ രാമവർമ്മപുരം പോലീസ് അക്കാദമിയിൽ നിന്നും പരിശീലനം ലഭിച്ച് ഇറങ്ങുന്ന അറുപതോളം എസ്.ഐ.മാർക്ക് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ അർദ്ധദിന പ്രഥമശുശ്രൂഷാ പരിശീലന ക്ലാസ് നടന്നു. അപകടസ്ഥലങ്ങളിൽ ആദ്യമെത്തുന്ന

പോലീസുകാർക്ക് ശാസ്ത്രീയമായ രീതിയിൽ പ്രാഥമിക ചികിത്സ നൽകുന്നതിന് ഉതകുന്ന പരിശീലനം വളരെ പ്രയോജനകരമായെന്ന് പോലീസ് അക്കാദമി സീനിയർ ഡ്രിൽ ഇൻസ്ട്രക്ടർ ശ്രീധരൻ അഭിപ്രായപ്പെട്ടു. ജൂബിലി മിഷൻ ആശുപത്രിയിലെ എമർജൻസി വിഭാഗം മേധാവി ഡോ. ബാബു ഉറുമീസ് പാലാട്ടി, ഡോ. സിജു അബ്രഹാം, ഡോ. വിനീത് ചന്ദ്രൻ, ഡോ. മിൻഹാസ് എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

**ജൂബിലിക്ക് പുതിയ അസിസ്റ്റന്റ് ഡയറക്ടർ**

അസിസ്റ്റന്റ് ഡയറക്ടറായി ചാർജ്ജെടുത്ത ഫാ. ഷിജോ മാപ്രാണത്തുക്കാരന് ജൂബിലി കുടുംബത്തിലേക്ക് സ്വാഗതം.

**അഭിനന്ദനങ്ങൾ .. ആശംസകൾ ..**

കേരള ആരോഗ്യസർവ്വകലാശാലയുടെ എം. ഡി. മൈക്രോബയോളജി പരീക്ഷയിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ പി.ജി. വിദ്യാർത്ഥിനി ഡോ. സ്നേഹ സാറ ജയ്ബോയ് ഒന്നാം റാങ്ക് കരസ്ഥമാക്കി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ശ്രീ ജോൺസ് പോൾ, നിലയാറ്റിങ്ങൽ ഹൗസ്, ഉദയനഗർ, തൃശ്ശൂർ (100 ഡയാലിസിസ്)
- ഫാ ദേവസ്സി പന്തല്ലൂക്കാരൻ, വിയാനി ഹോം, ചേറൂർ, തൃശ്ശൂർ (80 ഡയാലിസിസ്)
- ഇൻഫന്റ് ജീസസ് ചർച്ച്, കുടുംബകൂട്ടായ്മ കേന്ദ്ര സമിതി, വരാക്കര, തൃശ്ശൂർ (36 ഡയാലിസിസ്)
- സ്നോകേപ് ഐസ് ക്രീം പ്രൈവെറ്റ് ലിമിറ്റഡ്, തൃശ്ശൂർ (20 ഡയാലിസിസ്)
- ശ്രീമതി ട്രീസ റാഫേൽ, എരിഞ്ഞേരി ഹൗസ്, തൃശ്ശൂർ (80 ഡയാലിസിസ്)
- ഫാ. സ്റ്റാർസൺ കള്ളിക്കാടൻ, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, ചെമ്മണ്ണൂർ, തൃശ്ശൂർ (20 ഡയാലിസിസ്)
- സുപ്പീരിയർ ജനറൽ, മരിയ ഭവൻ ജനറലേറ്റ്, കോലഴി, തൃശ്ശൂർ (60 ഡയാലിസിസ്)
- സെന്റ് ആന്റണീസ് ചർച്ച്, തണ്ടിലം പി.ഒ., വെള്ളാറ്റഞ്ഞൂർ, തൃശ്ശൂർ (200 ഡയാലിസിസ്)
- സെന്റ് ആന്റണീസ് ചർച്ച്, അസ്സീസ്സി ചാരിറ്റബിൾ ട്രസ്റ്റ്, ഫ്രാൻസിസ്കൻ സഭ, ഒല്ലൂർ, തൃശ്ശൂർ ( 100 ഡയാലിസിസ്)
- ശ്രീ. ടോബി ജോൺ, ചിറ്റിലപ്പിള്ളി ഹൗസ്, വടക്കാഞ്ചേരി, തൃശ്ശൂർ (50 ഡയാലിസിസ്)

ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്
ഡയറക്ടർ

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)

പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981

E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org


**JLG രൂപീകരണയോഗങ്ങൾ നടത്തി.**

സാന്ത്വനത്തിന്റെ ആഭിമുഖ്യത്തിൽ സ്വ.യംസഹായസംഘങ്ങൾ, ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകൾ തുടങ്ങിയവ രൂപീകരിക്കുന്നതിന്റെ ഭാഗമായി വീണ്ടശ്ശേരി, പുത്തൻപീടിക എന്നീ ഇടവകകളിൽ ക്ലാസ്സുകൾ സംഘടിപ്പിച്ചു. പുത്തൻപീടിക സ്നേഹനിധി–മാതൃസംഘം എന്നിവയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച യോഗത്തിൽ വികാരി ഫാ.ഡേവിസ് ചിറയത്ത് അധ്യക്ഷത വഹിച്ചു. അസി.വികാരി. ഫാ.ആൻസൻ നീലങ്കാവിൽ സന്നിഹിതനായിരുന്നു. വീണ്ടശ്ശേരി പള്ളിഹാളിൽ നടന്ന പരിപാടിയിൽ വികാരി. ഫാ.മിജോ കുളംകുത്തിയിൽ അധ്യക്ഷത വഹിച്ചു. സാന്ത്വനം കോ–ഓർഡിനേറ്റർ സി.പി.ജോർജ്ജ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി

**സ്വയം സഹായസംഘം ആരംഭിച്ചു.**

സാന്ത്വനം സോഷ്യൽ ആക്ഷന്റെ നേതൃത്വത്തിൽ വെട്ടുകാട് യൂണിറ്റിൽ പുതിയ വനിത സ്വയംസഹായ സംഘം പ്രവർത്തനം ആരംഭിച്ചു. സ്മൃതി എന്ന് പേരിട്ട സംഘത്തിൽ 13 അംഗങ്ങളാണ് ഉള്ളത്. രൂപീകരണയോഗത്തിന് കോ–ഓർഡിനേറ്റർ, ആനിമേറ്റർ തുടങ്ങിയവർ നേതൃത്വം നൽകി.

**FAT മീറ്റിംഗ് സംഘടിപ്പിച്ചു.**

FDPയുടെ ഭാഗമായി നെല്ലിക്കുന്ന്, വില്ലടം എന്നീ സ്ഥലങ്ങളിൽ ഫാമിലി ആക്ഷൻ ടീം (FAT) മീറ്റിംഗ് സംഘടിപ്പിച്ചു. ഇടവക വികാരി, സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, കോ–ഓർഡിനേറ്റർ, ആനിമേറ്റേഴ്സ്, ഡിവിഷൻ കൗൺസിലർ, സാമൂഹ്യക്ഷേമസമിതി അംഗങ്ങൾ, കുടുംബകൂട്ടായ്മ ഭാരവാഹികൾ, അംഗൻവാടി ടീച്ചേഴ്സ്, ആശാപ്രവർത്തകർ, സിസ്റ്റേഴ്സ് എന്നിവർ സജീവമായി പങ്കെടുത്തു. പദ്ധതിയിലെ കുടുംബങ്ങളുടെ പുരോഗതിയെക്കുറിച്ചും അവർ നടത്തിക്കൊണ്ടിരിക്കുന്ന സ്വയംതൊഴിലിന്റെ വരുമാനത്തെക്കുറിച്ചും വിശദമായ ചർച്ച നടത്തി. ഗവൺമെന്റിന്റെ പുതിയ പദ്ധതികളെക്കുറിച്ചും സർക്കാർ ആനുകൂല്യങ്ങളെക്കുറിച്ചും ഡിവിഷൻ കൗൺസിലേഴ്സ് ഓർമ്മപ്പെടുത്തി. വിശദമായ ചർച്ചയ്ക്കുശേഷം FAT മീറ്റിംഗ് സമാപിച്ചു.

**ഭവനസന്ദർശനം നടത്തി.**

FDP യിൽ നിന്നും ലഭിച്ച പണം ഉപയോഗിച്ച് നടത്തിയ വിവിധ തരം സ്വയം തൊഴിലുകളുടെ പുരോഗതിയെക്കുറിച്ച് വിലയിരുത്തുന്ന തിനും കുടുംബങ്ങളുടെ മൊത്തമായ അഭിവൃദ്ധി നോക്കുന്നതിനുമായി ആനിമേറ്റേഴ്സ് 17 സെന്ററുകൾക്ക് കീഴിലുള്ള വിവിധ സ്ഥലങ്ങളിലെ ഭവ നങ്ങൾ സന്ദർശിച്ചു.

**ഫണ്ട് വിതരണം ചെയ്തു.**

ഒക്ടോബർ മാസത്തിൽ FDP മുഖേന 665510.00 രൂപ ഗുണഭോക്താ ക്കൾക്ക് വിതരണം ചെയ്തു.

FDP മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.

കൊട്ടേക്കാട്-Rs.29000, മനക്കൊടി-Rs.24000, അരിമ്പൂർ-Rs.41000, ബ്രഹ്മ കുളം-Rs.18000, വില്ലടം-Rs.39500, വെട്ടുകാട്-Rs.53000, പാലയൂർ-Rs.22000, മുക്കാട്ടുകര-Rs.8500, വെളുത്തൂർ-Rs.15000, പുത്തൂർ-Rs.15000, ചേറ്റുപുഴ- Rs.18000, മച്ചാട്-Rs.15000, നെല്ലിക്കുന്ന്-Rs.16000, അത്താണി-Rs.22000, പേരാമംഗലം-27000, മുളയം- Rs.3000, ഇരവിമംഗലം-Rs.15000, മാന്ദാമംഗലം-Rs.3000, കൂനംമൂച്ചി-Rs5000, കോടന്നൂർ-Rs.8000, പുതുക്കാട്-27000, മരോട്ടിച്ചാൽ-11000, ചിറ്റാട്ടുക ര-15000, അടാട്ട്-42000, വലക്കാവ്-24000, നടത്തറ-11000, മുല്ലക്ക ര-62000, ചെവ്വൂർ-8000, പൊങ്ങണംകാട്-7500, നെല്ലങ്കര-2211, വാക-58799.

**സ്നേഹനിധി യോഗങ്ങൾ സംഘടിപ്പിച്ചു.**

വെണ്ടോർ സ്നേഹനിധി യൂണിറ്റിന്റെ വാർഷീകപൊതുയോഗം നടന്നു. ഒരു വർഷത്തെ സ്നേഹനിധി പ്രവർത്തനങ്ങൾ വിലയിരുത്തു കയും കണക്കുകൾ അവതരിപ്പിച്ച് പാസാക്കുകയും ചെയ്തു. SHG, JLG എന്നിവർക്ക് സാന്ത്വനം വഴി നൽകുന്ന വായ്പകൾ ലഭിക്കുന്നതിന്, ആവശ്യമായ നിർദ്ദേശ്ശങ്ങൾ കോ-ഓർഡിനേറ്റർ നൽകി. വികാരി ഫാ.ഡേ വീസ് പുലിക്കോട്ടിൽ, Sr. ക്ലാരറ്റ് FCC, സാന്ത്വനം ഡയറക്ടർ ഫാ. തോ മസ് പൂപ്പാടി, കോ-ഓർഡിനേറ്റർ ബീന വർഗ്ഗീസ് എന്നിവർ യോഗത്തിൽ പങ്കെടുത്തു.

അതിരൂപതാ സ്നേഹനിധി എക്സിക്യൂട്ടീവ് യോഗവും ഫൊറോന പ്രതിനിധികളുടെ യോഗവും സാന്ത്വനം ഓഫീസിൽ വെച്ച് നടന്നു. കരു തൽ ക്ഷേമപദ്ധതിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും അത് കാര്യക്ഷമമായി

നടപ്പാക്കുന്നതിനെക്കുറിച്ചും യോഗത്തിൽ ചർച്ചചെയ്തു. ഡിസംബർ 19 ന് ക്രിസ്മസ് ആഘോഷങ്ങളോടനുബന്ധിച്ച് നടത്തേണ്ട കാര്യപരിപാടി കൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

**ഗോഡ്സ് ഓൺ ഫാമിലി**

ഗോഡ്സ് ഓൺ ഫാമിലിപദ്ധതിയിൽ അംഗങ്ങളായ ഗുണഭോക്താക്കൾക്ക് ജാതിമതഭേദമെന്യേ വിവിധ ആവശ്യങ്ങൾക്കായി സഹായങ്ങൾ വിതരണം ചെയ്തു. ഗോഡ്സ് ഓൺ ഫാമിലി മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.

ചിറ്റിശ്ശേരി-15000രൂപ, വെങ്ങിണിശ്ശേരി-7000രൂപ, പടവരാട്-4000രൂപ, ഇരവി മംഗലം-15000രൂപ, അന്തിക്കാട്-12000രൂപ, ആർത്താറ്റ്-14000രൂപ, എളവള്ളി -7000രൂപ, അയ്യന്തോൾ- 10000രൂപ.

**ബാലസഭകൾ സംഘടിപ്പിച്ചു.**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ വില്ലടം ഇടവകയിൽ കുട്ടിക ളുടെ ബാലസഭകൾ രൂപീകരിച്ച് ഭാരവാഹികളെ തെരഞ്ഞെടുത്തു. ഏക ദേശം 30-ഓളം കുട്ടികൾ രൂപീകരണമീറ്റിംങ്ങിൽ പങ്കെടുത്തു. സാന്ത്വനം ആനിമേറ്റർമാരായ ജോയ്സി സ്റ്റീഫൻ, അനിത ജോസഫ് തുടങ്ങിയവർ മീറ്റിംങ്ങിന് നേതൃത്വം നൽകി. കോ-ഓർഡിനേറ്റർ ശ്രീ. നിവിൻ ജോസഫ് ബാലസഭകളുടെ ആവശ്യകതയെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും അംഗ ങ്ങൾക്ക് ക്ലാസ്സുകൾ നൽകി.

**ജെസ്പ് II – സെന്റർ ലെവൽ മീറ്റിംഗ് നടത്തി.**

JESP ആനിമേറ്റേഴ്സിന്റെ സെന്റർ ലെവൽ മീറ്റിംഗ് ക്ടോബർ മാസം 22-ാം തിയ്യതി കാലത്ത് 11 മണിക്ക് സാന്ത്വനം ഓഫീസിൽ സംഘ ടിപ്പിച്ചു. JESP കോ-ഓർഡിനേറ്റർ ശ്രീ. നിവിൻ ജോസഫ് മീറ്റിംങ്ങിന് സ്വാഗതം ആശംസിച്ചു. സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി JESP ന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങളെ വിലയിരുത്തുകയും തുടർന്ന് വേണ്ട നിർദ്ദേശങ്ങൾ ആനിമേറ്റേഴ്സിന് നൽകുകയും ചെയ്തു. സമൂഹ ത്തെ ആകമാനം കാർന്നു തിന്നുന്ന കാൻസർ എന്ന വിപത്തിനെപ്പറ്റി ആശാകിരണം കാൻസർ സുരക്ഷായജ്ഞം കോ-ഓർഡിനേറ്റർ ശ്രീമതി. ബിനിത രതീഷ് ,BSW വിദ്യാർത്ഥികൾ എന്നിവർ ക്ലാസ്സുകൾ നൽകി.. ഉച്ചഭക്ഷണത്തോടുകൂടി മീറ്റിംഗ് സമാപിച്ചു.

ഫാ. തോമസ് പൂപ്പാടി
ഡയറക്ടർ

ഫാ. ടെഡ്സ് കുന്നപ്പിള്ളി
അസി.ഡയറക്ടർ

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**വിവാഹരജത–സുവർണ്ണ ജൂബിലി ആഘോഷങ്ങൾ, ഡിസംബർ 10, ശനി, ഡിസംബർ 18 ഞായർ**

**തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ**

1991 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ 25 വർഷങ്ങൾ പൂർത്തിയാക്കി വിവാഹ രജതജൂബിലി ആഘോഷിക്കുന്ന ദമ്പതികൾക്ക് ഡിസംബർ 10–ാം തിയ്യതി രാവിലെ 9 മണിക്ക് തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ ജൂബിലി ആഘോഷം നടത്തുന്നു.

1966 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ 50 വർഷങ്ങൾ പൂർത്തിയാക്കി വിവാഹ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ദമ്പതികൾക്ക് തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഡിസംബർ 18–ാം തിയ്യതി ഞായറാഴ്ച രാവിലെ 9 മണിക്ക് ജൂബിലി ആഘോഷം നടത്തുന്നു. രജത-സുവർണ്ണ ജൂബിലി ആഘോഷദിവസങ്ങളിൽ 1991ലും,. 1966ലും വിവാഹിതരായവരെ അതാതു ദിവസങ്ങളിലെ ജൂബിലി ആഘോഷപരിപാടികളിലേക്ക് പറഞ്ഞയക്കുമല്ലോ. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോ എടുക്കലും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്.

**നവദമ്പതി സംഗമം, ഡിസംബർ 11 ഞായർ**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ നവദമ്പതികളുടെ മൂന്നാമത്തെ കൂട്ടായ്മയാണ് ഡിസംബർ 11–ാം തിയ്യതി ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നത്. 2016 ജൂൺ, ജൂലായ്, ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ വിവാഹിതരായവരാണ് ഈ കൂട്ടായ്മയിൽ പങ്കെടുക്കേണ്ടത്. അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന നവദമ്പതി സംഗമത്തിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു. സമയം രാവിലെ 9.30 മുതൽ 1.00 മണി വരെയായിരിക്കും. വി.കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

**സിംമ്പോസിയം – സ്നേഹത്തിന്റെ സന്തോഷം– ഡിസംബർ 17 ശനി**

കുടുംബങ്ങളെക്കുറിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ഇറക്കിയ അപ്പസ്തോലിക പ്രബോധനമാണ് സ്നേഹത്തിന്റെ സന്തോഷം. ഈ പ്രബോധനത്തെക്കുറിച്ച് ആഴത്തിൽ പഠിക്കാനും മനസ്സിലാക്കുവാനും ഇതാ ഒരു സുവർണാവസരം ഒരുക്കിയിരിക്കുന്നു. ഡിസംബർ 17 ശനിയാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലെറ്റ് സെന്ററിൽ രാവിലെ 9.30 ന് അഭിവന്ദ്യ മാർ റാഫേൽ

തട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്യുകയും ഉച്ചകഴിഞ്ഞ് 3.30 മണിക്ക് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ സമാപന സന്ദേശത്തോടുകൂടി ഈ സെമിനാർ സമാപിക്കുന്നതാണ്. ഈ സെമിനാറിൽ താൽപര്യമുള്ള എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്. സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ജിയോ തെക്കിനിയത്ത്**
അസോ. ഡയറക്ടർ
8281848383

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ
9605043327

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**ഉപവാസ പ്രാർത്ഥന ആരാധന ദിനം 10.12.2016 – ലൂർദ്ദ് കത്തീഡ്രൽ അടിപള്ളിയിൽ**

ജീവനെതിരായുള്ള വെല്ലുവിളികൾ ഓരോദിവസവും വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ജീവനുവേണ്ടി പ്രാർത്ഥിക്കാനും ജീവനെതിരായി പ്രവർത്തിക്കുന്നവർക്ക് മാനസാന്തരത്തിനും വേണ്ടി ജോൺ പോൾ പ്രൊലൈഫ് മൂവ്മെന്റ് തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ അടിപള്ളിയിൽ വച്ച് ഉപവാസപ്രാർത്ഥന ആരാധനദിനമായി ഡിസംബർ 10-ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ ആചരിക്കുന്നു. താൽപര്യമുള്ള എല്ലാവരെയും ഈ ഉപവാസ ആരാധന പ്രാർത്ഥനദിനത്തിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

# മാതൃവേദി

**പ്രാർത്ഥനാദിനവും ക്രിസ്തുമസ്സ് ആഘോഷവും മാതാവിന്റെ ക്ലാസ്സും**

**ഡിസംബർ 20 ചൊവ്വ (രാവിലെ 9.30 മുതൽ 4.00 വരെ)**

മാതൃവേദിയുടെ ക്രിസ്തുമസ്സ് ആഘോഷവും പ്രാർത്ഥനാദിനവും ഡിസംബർ 20 ചൊവ്വാഴ്ച്ച രാവിലെ 9.30 മുതൽ 4.00 വരെയായിരിക്കും. ആരാധനയും, വി.കുർബ്ബാനയും, ക്രിസ്തുമസ്സ് ആഘോഷവും, മാതാവിന്റെ ക്ലാസ്സും, ഉച്ചഭക്ഷണവും ഉണ്ടായിരിക്കുന്നതാണ്. എല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**കയ്യെഴുത്തുമാസിക, ഡിസംബർ 20 ചൊവ്വ**

ഫൊറോന അടിസ്ഥാനത്തിലുള്ള കയ്യെഴുത്തു മാസിക സമർപ്പിക്കേണ്ടത് ഡിസംബർ 20-ാം തിയ്യതി ചൊവ്വാഴ്ച്ചയാണ്. ഫൊറോന നേതൃത്വവുമായി സഹകരിച്ച് ഭംഗിയാക്കുമല്ലോ.

**വാർഷിക റിപ്പോർട്ട്**

2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള മാതൃവേദിയുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി എത്രയും വേഗം മാതൃവേദി ഓഫീസിൽ ഏൽപ്പിക്കുമല്ലോ. വാർഷിക റിപ്പോർട്ട് തയ്യാറാക്കാനുള്ള ഫോം അയച്ചത് കിട്ടികാണുമല്ലോ.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി. ബീന ജോഷി** — പ്രസിഡണ്ട്
**ഫാ.ബൈജു കാഞ്ഞിരത്തിങ്കൽ** — അസി.ഡയറക്ടർ

## കുടുംബകൂട്ടായ്മ

**ചർച്ചാപഠനപരിശീലന ക്യാമ്പ് 31.12.2016**

നവംബർ മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. ജനുവരി മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് ഡിസംബർ മാസം 31-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് രണ്ടുപേരെയെങ്കിലും പറഞ്ഞയക്കുമല്ലോ.

**കുടുംബകൂട്ടായ്മ ഇലക്ഷൻ**

അടുത്ത മൂന്ന് വർഷത്തേക്ക് കുടുംബകൂട്ടായ്മകൾക്ക് നേതൃത്വം കൊടുക്കാൻ അതിരൂപത കുടുംബകൂട്ടായ്മ ഭാരവാഹികളുടെ ഇലക്ഷൻ ഡിസംബർ 11-ാം തിയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതായിരിക്കും. ഈ ഇലക്ഷനിലേക്ക് എല്ലാ ഫൊറോന ഭാരവാഹികളെയും ക്ഷണിക്കുന്നു. ഫൊറോന ഭാരവാഹികൾ നിർബന്ധമായും ഇതിൽ സംബന്ധിക്കേണ്ടതാണ്.

**ഫാ.ഡെന്നി താണിക്കൽ** — ഡയറക്ടർ
**അഡ്വ.ഡെന്നി സി.ജെ** — ജന.കൺവീനർ
**ഫാ. ഷിജു ചിറ്റിലപ്പിള്ളി** — അസി.ഡയറക്ടർ

# C.C.W.I

**തീർത്ഥയാത്ര**

കാരുണ്യവർഷത്തോടനുബന്ധിച്ച് C. C. W. I യിലെ അംഗങ്ങളെല്ലാവരും ഒത്തുചേർന്ന് കാരുണ്യകവാടങ്ങളുള്ള ദൈവാലയങ്ങൾ സന്ദർശിക്കുകയും തീർത്ഥയാത്ര നടത്തുകയും ചെയ്തു. C. C. W. I യുടെ തീർത്ഥയാത്ര അംഗങ്ങൾ തമ്മിലുള്ള കൂട്ടായ്മ കൂടുതൽ വളർത്തിയെടുക്കാനായി സഹായിച്ചു.

**അനുസ്മരണ ബലി**

C. C. W. I യിൽ നിന്നും വേർപിരിഞ്ഞുപോയ അംഗങ്ങൾക്കുവേണ്ടി നവംബർ മാസത്തിൽ ബലിയർപ്പിക്കുകയും അവരെ അനുസ്മരിക്കുകയും C. C. W. I അംഗങ്ങൾ ഒത്തുചേർന്ന് പ്രാർത്ഥിക്കുകയും ചെയ്തു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**മിനി മോഹൻ**
പ്രസിഡണ്ട്

# കത്തോലിക്കാ കോൺഗ്രസ്സ്

**അനുമോദന സമ്മേളനത്തിൽ പങ്കെടുത്തു**

2016 ഒക്ടോബർ 22-ാം തിയ്യതി കാക്കനാട് സെന്റ് തോമാസ് മൗണ്ടിൽ സീറോ മലബാർ സഭാദ്ധ്യക്ഷൻ മാർ ജോർജ്ജ് കാർഡിനൽ ആലഞ്ചേരി ഉദ്ഘാടനം ചെയ്ത 'ഉണർവ്വ് - 2016' സംസ്ഥാന നേതൃസംഗമത്തിൽ സീറോ മലബാർ സഭ കത്തോലിക്കാ കോൺഗ്രസ്സിന്റെ ഡയറക്ടറായി ചുമതലയേറ്റ ഫാ. ജിയോ കടവിക്കു മാർ റെമിജീയൂസ് ഇഞ്ചനായിൽ, ജസ്റ്റീസ് കുരിയൻ ജോസഫ് തുടങ്ങിയവർ അനുമോദനങ്ങൾ നേർന്നു. തൃശൂർ അതിരൂപത കത്തോലിക്ക കോൺഗ്രസ്സ് ഭാരവാഹികളായ പ്രഫ.കെ.എം. ഫ്രാൻസീസ്, ഡേവീസ് പുത്തൂർ, തൊമ്മി പിടിയത്ത്, ജോൺസൺ ജോർജ്ജ്, ലീല വർഗ്ഗീസ് തുടങ്ങി മുപ്പതോളം പേർ ചടങ്ങിൽ സംബന്ധിച്ചു.

**ഫാ. ജിയോ കടവി**
ഡയറക്ടർ

**കെ. എം. ഫ്രാൻസീസ്**
പ്രസിഡന്റ്

**ഡേവീസ് പുത്തൂർ**
സെക്രട്ടറി

# ഫ്രാൻസിസ്കൻ അല്മായസഭ

**സമാധാനവും സൗഭാഗ്യവും**

തൃശ്ശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ പ്രവർത്തക സമിതി യോഗം 06.11.20216 ഞായറാഴ്ച വടക്കാഞ്ചേരി ARC യിൽവെച്ചു പ്രസിഡണ്ട് സണ്ണി വടക്കന്റെ അദ്ധ്യക്ഷതയിൽ കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. ഫാ. പോൾ അടമ്പുകുളം, ഫാ. നിക്സൺ കോളാട്ടുകുടി, ഫാ. ഫ്രാങ്കോ വടക്കൻ, പി.ഐ.സൈമൺ, ടി. കെ ഡേവീസ്, സി. റോസ്‌ലിൻ എന്നിവർ സംബന്ധിച്ചു.

നവംബർ 1ന് എടത്വായിലെ ദൈവദാസൻ പുത്തൻപറമ്പിൽ തോമച്ചന്റെ ചരമദിനത്തോടനുബന്ധിച്ച് തിരുകർമ്മങ്ങളിൽ 165 അംഗങ്ങൾ പങ്കെടുത്തു.

വി. ഫ്രാൻസീസ് അസ്സീസിയുടെ റീജിയണൽ തിരുനാൾ ആഘോഷം ഭക്തിപൂർവ്വം നടത്തി. കുറുമാൽ പള്ളിയിൽ വെച്ച് വടക്കാഞ്ചേരി റീജിയന്റേയും പോന്നോർ പള്ളിയിൽ വെച്ച് കണ്ടശ്ശാംകടവ് റീജിയന്റേയും തിരുനാൾ ഭക്തിപൂർവ്വം ആഘോഷിച്ചു. ഫാ. സേവ്യാർ ക്രിസ്റ്റി, ഫാ. ജോയ് മേനാച്ചേരി, ബ്ര. ജോസ് ചുങ്കത്ത്, ഫാ. ജോമേഷ് അറങ്ങാശ്ശേരി, ഫാ. ഫ്രാങ്കോ വടക്കൻ, സി. റോസിലിൻ എന്നിവർ ക്ലാസ്സുകൾ നയിച്ചു. സണ്ണി വടക്കൻ, ജോസ് പീറ്റർ, വി.എൽ. സൈമൺ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. ദിവ്യബലി മദ്ധ്യേ സഭാവസ്ത്രസ്വീകരണം നടത്തി. 110 പേർ അതിൽ പങ്കെടുത്തു. കുട്ടികളുടേയും മുതിർന്നവരുടേയും കലാപരിപാടികൾ ഉണ്ടായിരുന്നു. ബൈബിൾ ക്വിസ് മത്സരം ഉണ്ടായിരുന്നു.

യേശുവിൽ എളിയ സഹോദരൻ

**സണ്ണി വടക്കൻ**

അതിരൂപത പ്രസിഡണ്ട്

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 704-ാമതും, കൂരിയായുടെ 717-ാമതും സമ്മേളനം 2016 നവംബർ 6 ഞായറാഴ്ച കമ്മീസിയം പ്രസിഡണ്ട് ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിലും ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലന്റെ സാന്നിദ്ധ്യത്തിലും പ്രാരംഭ പ്രാർത്ഥനയോടും, ജപമാലയോടും കൂടി പാസ്റ്ററൽ സെന്ററിലുള്ള ഓഫീസ് മുറിയിൽവെച്ച് കൂടുകയുണ്ടായി.

നിയമഗ്രന്ഥത്തിൽ നിന്ന് ബ്ര. പ്രസിഡണ്ട് ജ്ഞാനവായന നടത്തിയതിനുശേഷം സെക്രട്ടറി മുൻമാസ റിപ്പോർട്ടും ട്രഷറർ ബ്ര. ജിമ്മി റാഫേൽ വര

വ്-ചിലവ് കണക്കും അവതരിപ്പിച്ചത് യോഗം പാസാക്കി. വൈസ് പ്രസിഡണ്ട് സി. എൽസി ജോൺ ഹാജർ വിളിച്ചതിൽ പഴുവിൽ കൂരിയായും, വേലൂർ, തിരൂർ, കോലഴി, അത്താണി പ്രസീദിയം ഹാജരുണ്ടായിരുന്നില്ല.

മച്ചാട്, കുണ്ടന്നൂർ, പുറനാട്ടുകര ഇടവകയിൽ പുതിയ പ്രസിദീയം ആരംഭിക്കുകയുണ്ടായി. പുതിയ ഭാരവാഹികളുടെ നിയമനവും, പള്ളിക്കുന്ന് പുതിയ കൂരിയ ഭാരവാഹികളുടെ നിയമനവും കമ്മീസിയം അംഗീകരിച്ചു. ബ്ര. പ്രസിഡന്റ് പുതിയ പ്രസീദിയങ്ങളിലെ കൂരിയായിലെയും ഭാരവാഹികളെ പ്രത്യേകം സ്വാഗതം ചെയ്തു.

സൈനീക ജപശൃംഖലയ്ക്ക് ശേഷം ആദ്ധ്യാത്മിക നിയന്താവ് ഫാ. ജോൺ മൂലൻ പ്രഭാഷണം നടത്തി. നവംബർ മാസം നമ്മുടെ പ്രിയപ്പെട്ട മരിച്ചവരെ ഓർക്കുന്ന മാസമാണ്. സഹനസഭ, മരണസഭ, വിജയസഭ എന്നിവയെക്കുറിച്ച് വിശദീകരിച്ചു. പരി. അമ്മ എപ്പോഴും സമർപ്പണത്തിലായിരുന്നു. നമ്മുടെ സംസ്ഥാനത്ത് മഴയുടെ ദൗർബല്യം അനുഭവപ്പെടുന്നതിനാൽ മഴക്ക് വേണ്ടി പ്രത്യേക നിയോഗം വെച്ച് പ്രാർത്ഥിക്കുന്നതിനും ഓർമ്മപ്പെടുത്തി.

കമ്മീസിയത്തിന്റെ 56-ാംമത് വാർഷിക റിയൂണിയൻ 2016 ഡിസംബർ 11 ഞായറാഴ്ച 1 മണിക്ക് സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽ ആരംഭിക്കുന്നതാണ്. അതിരൂപത വികാരി ജനറാൽ മോൺ. തോമസ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്യുന്നതും, കമ്മീസിയന്റെ മുൻ ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ അദ്ധ്യക്ഷത വഹിക്കുന്നതുമാണ്. 2016ലെ ഏറ്റവും നല്ല സംഘടന പ്രവർത്തകയായി അതിരൂപത ഭക്തസംഘടന ഏകോപന സമിതി തെരഞ്ഞെടുക്കപ്പെട്ട സി. എൽസി ജോണി (അരിമ്പൂർ)യെ പ്രത്യേകം ആദരിക്കുന്നതും, മത്സരവിജയികൾക്ക് സമ്മാനവും ക്രിസ്മസ് കേക്ക് മുറിക്കലും മരിയ സൈനീകരുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരിക്കുന്നതുമാണ്.

നവംബർ മാസം എല്ലാ പ്രസീദിയവും അവരുടെ ഇടവകയിൽ മരിച്ചവർക്കായുള്ള വി. കുർബ്ബാന അർപ്പിക്കണമെന്നും അറിയിച്ചു. കലണ്ടർ അച്ചടിക്കുന്നതിലേക്കായി ഓരോ കൂരിയായും 5000 രൂപയും പ്രസീദിയങ്ങൾ 500 രൂപ വീതവും അടച്ച് സഹകരിക്കണമെന്ന് ഓർമ്മിപ്പിച്ചു.

പുതുക്കാട് കൂരിയ പ്രവർത്തന റിപ്പോർട്ട് സമർപ്പിച്ചു. അവസാന പ്രാർത്ഥനയ്ക്കും ആത്മീയ നിയന്താവിന്റെ ആശീർവ്വാദത്തിനുശേഷം സമ്മേളനം 5 മണിക്ക് സമാപിച്ചു.

ദിവ്യനാഥയുടെ സേവനത്തിൽ

| | | |
|---|---|---|
| **റവ. ഡോ. ജോൺ മൂലൻ** | **കെ. പി. ജോയ്** | **പി.സി. കുരിയപ്പൻ** |
| ആദ്ധ്യാത്മിക നിയന്താവ് | പ്രസിഡണ്ട് | സെക്രട്ടറി |

# കലാസദൻ

**അനശ്വരഗാനങ്ങൾക്ക് പുതുജീവൻ നൽകി കലാസദൻ തേൻതുള്ളികൾ**

പഴയകാല ഗാനാസ്വാദകരുടെ കൂട്ടായ്മയായി തൃശൂർ കലാസദൻ രൂപപ്പെടുത്തിയ 'തേൻതുള്ളികൾ' സംഗീത പരമ്പരയിലെ ആദ്യപരിപാടി 'സ്മൃതി മധുരം' റീജ്യണൽ തിയ്യറ്ററിൽവെച്ച് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. പ്രശസ്ത പിന്നണി ഗായകൻ ജി. വേണുഗോപാൽ, മേയർ അജിത ജയരാജൻ, ടി. വേണുഗോപാൽ മോനോൻ എന്നിവർ മുഖ്യാതിഥികളായിരുന്നു. മോൺ. തോമസ് കാക്കശ്ശേരി, റവ.ഡോ. പോൾ പുളിക്കൻ, ഡോ. സി.കെ.തോമസ്, സി.ജെ. ജോൺ എന്നിവർ സംസാരിച്ചു. ദേവരാജൻ, ബാബുരാജ്, സലിൽ ചൗധരി തുടങ്ങി 12ലേറെ സംഗീത സംവിധായകരുടെ മികച്ചഗാനങ്ങൾ പ്രശസ്ത ഗായകർ ആലപിച്ചത് സദസ്സ് ആവേശപൂർവ്വം ആസ്വദിച്ചു.

ഈ പരമ്പരയിലെ അടുത്ത പരിപാടി 'ഇസൈ നിലവ്' 2017 ഫെബ്രുവരി 5ന് റീജ്യണൽ തീയ്യറ്ററിൽ നടത്തുമെന്ന് കൺവീനർ ജെയ്ക്കബ് ചെങ്ങലായ് അറിയിച്ചു.

**ജേക്കബ്ബ് ചെങ്ങലായ്** **ഫാ. പോൾ പുളിക്കൻ**

കൺവീനർ

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**1. ലീഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം**

തൃശ്ശൂർ അതിരൂപതയിലെ പ്രാർത്ഥന കൂട്ടായ്മകളിലെ നേതൃത്വത്തിലുള്ളവർക്കുവേണ്ടി നടത്തിയ ട്രെയിനിംഗ് പ്രോഗ്രാമുകൾ സമാപിച്ചു. പുരുഷന്മാർക്കുവേണ്ടി ഒക്ടോബർ 10, 11 തിയതികളിലും സ്ത്രീകൾക്കുവേണ്ടി ഒക്ടോബർ 28, 29 തീയതികളിലും രണ്ടുബാച്ചുകളായി ലീഡേഴ്സ് ട്രെയ്നിംഗ് പ്രോഗ്രാം നടന്നു.

ആദ്യ പ്രോഗ്രാമിൽ കെ. എസ്. ടി. ചെയർമാൻ റവ. ഫാ. വർഗീസ് മുണ്ടയ്ക്കൽ കപ്പൂച്ചിൻ, വൈസ് ചെയർമാൻ ഷാജി വൈക്കത്തുപറമ്പിൽ, ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠം, അസി. ഡയറക്ടർ റവ. ഫാ. സജീവ് ഇമ്മട്ടി, കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ് സർവ്വീസ് ടീം അംഗം ഷെവ. സണ്ണി തേയ്ക്കാനത്ത് എന്നിവരും രണ്ടാമത്തെ ബാച്ചിൽ ഇവരെക്കൂടാതെ നെടുപുഴ ജോർദ്ദാനിയ ധ്യാനകേന്ദ്രം ഡയറക്ടർ റവ. സി. റോസ് അലക്സും ക്ലാസ്സുകളെടുത്തു. രണ്ടുബാച്ചുകളിലായി 350ൽ പരം പേർ പങ്കെടുത്തു. ഗ്രൂപ്പ് ചർച്ചകൾക്കുപുറമെ ദിവ്യബലി അഭിഷേക പ്രാർത്ഥന, ജപമാല എന്നിവയും

ഉണ്ടായിരുന്നു. ദിവ്യബലികൾക്ക് റവ. ഫാ. ഡൊമിനിക് ചാഴൂർ കാർമ്മികത്വം വഹിച്ചു. സെക്രട്ടറി സെബാസ്റ്റ്യൻ സി.ടി., ട്രഷറർ വിൻസെന്റ് ചിറയത്ത് എന്നിവരും സർവ്വീസ് ടീം അംഗങ്ങളും നേതൃത്വം നൽകി. പങ്കെടുത്ത എല്ലാവരും പുത്തൻ ചൈതന്യത്തോടെ പ്രാർത്ഥനാകൂട്ടായ്മകൾക്ക് നേതൃത്വം നൽകുമെന്ന് ഉറപ്പുനൽകിയാണ് മടങ്ങിയത്.

**2. സോണൽ സർവ്വീസ് ടീം കൂട്ടായ്മ**

സോണൽ സർവ്വീസ് ടീം കൂട്ടായ്മ ആബാ റിന്യൂവൽ സെന്ററിൽ ഒക്ടോബർ 22ന് രാവിലെ10 മുതൽ ഉച്ചകഴിഞ്ഞ് 2 വരെ നടന്നു. ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠം കൂട്ടായ്മക്ക് നേതൃത്വം നൽകി. ആദ്യബാച്ച് ലീഡേഴ്സ് ട്രെയ്നിംഗ് പ്രോഗ്രാമിന്റെ വിലയിരുത്തലുകളും രണ്ടാം ബാച്ചിന്റെ ആസൂത്രണവും നടത്തി.

**3. സബ്സോൺ കോ-ഓർഡിനേറ്റേവ്സ് കൂട്ടായ്മ**

ഒക്ടോബർ 22ന് ഉച്ചകഴിഞ്ഞ് 3 മുതൽ 5 വരെ ആബാ റിന്യൂവൽ സെന്ററിൽ കൂട്ടായ്മ നടന്നു. ലീഡേഴ്സ് ട്രെയ്നിംഗ് പ്രോഗ്രാമിലെ പങ്കാളിത്തം, പാരീഷ് ഫെസ്റ്റ് എന്നിവയെക്കുറിച്ച് ചർച്ച ചെയ്തു. ഡയറക്ടർ, കോ-ഓർഡിനേറ്റർ എന്നിവർ നേതൃത്വം നൽകി.

| | | |
|---|---|---|
| **സാബു എം. വർഗ്ഗീസ്** | **സി.ടി. സെബാസ്റ്റ്യൻ** | **ഫാ. ഷാജൻ തേർമഠം** |
| കോ-ഓർഡിനേറ്റർ | സെക്രട്ടറി | ഡയറക്ടർ |

# KCSL വാർത്തകൾ

**അതിരൂപത കലോത്സവം**

അതിരൂപത കലോത്സവം ഒക്ടോബർ 12ന് തൃശ്ശൂർ സെന്റ് തോമസ് കോളേജ്, കോളേജ് സ്കൂൾ എന്നിവിടങ്ങളിലായി നടത്തപ്പെട്ടു. 19 വേദികളിലായി നടത്തപ്പെട്ട കലോത്സവത്തിൽ 1200 വിദ്യാർത്ഥികൾ പങ്കെടുത്തു. പൈതൃക കലകളായ മാർഗ്ഗംകളി, പരിചമുട്ടുകളി, പുത്തൻപാന പാരായണം, സ്റ്റഡി സർക്കിൾ എന്നിവയിൽ മത്സരങ്ങൾ നടത്തി.

**കാരുണ്യയാത്രയും, മദർ തെരേസ ദിനവും**

സംസ്ഥാന കെ.സി.എസ്. എൽ.ന്റെ നേതൃത്വത്തിൽ കേരളത്തിൽ നടത്തപ്പെട്ട കാരുണ്യയാത്രയ്ക്ക് തൃശ്ശൂർ അതിരൂപതയിൽ തൃശ്ശൂർ സെന്റ് ക്ലെയേഴ്സ് HSSൽ സ്വീകരണം നൽകി. 28.10.16ൽ നടത്തപ്പെട്ട സ്വീകരണ യോഗം അതിരൂപത വികാരി ജനറാൾ മോൺ തോമസ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ റവ. ഫാ. ആന്റണി ചെമ്പകശ്ശേരി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ FCC കോർപ്പറേറ്റ് മാനേജർ റവ. സി. ഫിദേ

ലിയ സ്കോളർഷിപ്പ് വിതരണവും, HM സി. അനിജ, ഡോ. ജോൺ റാഫേൽ ആശംസകളും നേർന്നു. സംസ്ഥാന ഡയറക്ടർ റവ. ഫാ. തോംസൺ പഴയ ചിറ പീടികയിൽ കാരുണ്യപ്പെട്ടി ഏറ്റുവാങ്ങി.

**കാരുണ്യപ്പെട്ടി :** അതിരൂപത വിദ്യാർത്ഥികൾ ശേഖരിച്ച വസ്ത്രങ്ങളും, സ്റ്റേഷനറി നിത്യോപയോഗ സാധനങ്ങളും സംസ്ഥാന ഡയറക്ടർ ഏറ്റുവാങ്ങി. വിവിധ അനാഥാലയങ്ങളിലും വൃദ്ധ സദനങ്ങളിലും വിതരണം ചെയ്തു.

**സ്കോളർഷിപ്പ് വിതരണം:** നവതി, മാർ ജോസഫ് കുണ്ടുകുളം, ഉന്നത പഠനം, മുതലായ സ്കോളർഷിപ്പുകളും ചികിത്സാ സഹായവും വിതരണം ചെയ്തു. 110000/– രൂപ നിർദ്ധനരായ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക്. റവ. സി. ഫിദേലിയ വിതരണം ചെയ്തു.

**മദർ തെരേസ ദിനം :** 28.10.16ന് കാരുണ്യയാത്രയോടനുബന്ധിച്ച് മദർ തെരേസ 1981ൽ കെ.സി.എസ്. എൽ അതിരൂപത വജ്ര ജൂബിലിയിൽ പങ്കെടുത്തത് അനുസ്മരിപ്പിച്ച് ബ്രോഷർ പുറത്തിറക്കി.

**ചാരിറ്റി പ്രവർത്തനവും സമ്മാന വിതരണവും :** കലോത്സവത്തോടനുബന്ധിച്ച് കെ.സി.എസ്. എൽ. സംഘടിപ്പിച്ച ചാരിറ്റി കൂപ്പൺ നറുക്കെടുപ്പു സമ്മാനങ്ങളും, ചാരിറ്റി പ്രവർത്തനത്തിനുള്ള ഫണ്ടും വിതരണം ചെയ്തു. ഡയറക്ടർ റവ. ഫാ. ആന്റണി ചെമ്പകശ്ശേരി ചാരിറ്റി പ്രവർത്തനത്തിനുള്ള ഫണ്ടുകൾ വിതരണം ചെയ്തു. 85 യൂണിറ്റുകൾക്കായി 11 ലക്ഷം രൂപ ചാരിറ്റി പ്രവർത്തനത്തിനായി വിതരണം ചെയ്തു.

**വിമാന യാത്ര :** തൃശ്ശൂർ അതിരൂപത കെ.സി.എസ്.എൽ., ഏറ്റവും മികച്ച ചാരിറ്റി പ്രവർത്തനത്തിൽ പങ്കുചേർന്ന 53 കുട്ടികളെ ഉൾപ്പെടുത്തി നെടുമ്പാശ്ശേരി വിമാനതാവളത്തിൽ നിന്നും ബാംഗ്ലൂരിലേയ്ക്ക് 27.10.16ന് വിമാന യാത്ര നടത്തി. തിരിച്ച് ട്രെയിനിൽ എത്തിചേർന്നു.

**സംസ്ഥാന കലോത്സവം**

ഈ വർഷത്തെ സംസ്ഥാന കലോത്സവം 2017 ജനുവരി 13, 14 തിയതികളിൽ നടക്കുന്നതായിരിക്കും. പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് കെ.സി.എസ്. എൽ. ബ്ലോഗിൽ കൊടുത്തിട്ടുണ്ട്. അർഹത നേടിയവർ വരാൻ സാധിക്കാതെ വന്നാൽ ഓർഗനൈസറേയോ, പ്രസിഡന്റിനേയോ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

**അതിരൂപത കലോത്സവ വിജയികൾ**

**UP Boys**

Ist LF CUPS Mammiyoor

IInd St. Pius Xth CUPS, Varandarappilly

IIIrd St. Xaviers CUPS, Pudukkad

**UP Girls**

Ist SH CGHSS, Thrissur

IInd IJGHS, Aranattukara

IIIrd Holy Family CGHS, Chembukkavu

**HS Boys**

Ist Deepthi HS Thalore

IInd Holy Angels MB HSS, Ollur

IIIrd St. Josephes EMHSS, Kuriachira

**HS Girls**

Ist SHCGHSS, Thrissur

IInd HF CGHS, Chembukkavu

IIIrd St.Mary's CGHS, Ollur

**HSS Boys**

Ist St. Thomas CHSS, Thrissur

IInd Nirmalamatha C.S., Thrissur

IIIrd St. Thomas HSS Thope, Thrissur

**HSS Girls**

Ist SHCGHSS, Thrissur

IInd LFCGHSS, Mammiyoor

IIIrd St. Clares CGHSS, Thrissur

IIIrd St. Rapheals CGHSS, Ollur

**റവ. ഫാ. ആന്റണി ചെമ്പകശ്ശേരി**

ഡയറക്ടർ

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

**സി.സി. വാർത്തകൾ**

1. റവ. ഫാ. ജോർജ്ജ് കണ്ണാത്ത്, ഇരവിമംഗലം കോൺഫ്രൻസ് പ്രസിഡണ്ട് ബ്ര. സി. വി. ഡേവീസ് എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.
2. 11/12/2016 ഞായാറാഴ്ച 1.30 pmന് തൃശ്ശൂർ അതിരൂപതയിലെ മുഴുവൻ വിൻസെൻഷ്യൻ അംഗങ്ങളെയും ഉൾപ്പെടുത്തി ഒരു വിൻസെൻഷൻ സംഗമം കുരിയച്ചിറ സെന്റ് ജോസഫ്സ് മോഡൽ ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് നടത്തപ്പെടുന്നു. സൊസൈറ്റിയുടെ നാഷണൽ കൗൺസിൽ പ്രസിഡണ്ട് പ്രൊഫ. ജോൺസൺ വർഗ്ഗീസിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്യുന്നതാണ്. ദിവ്യകാരുണ്യ പ്രദക്ഷിണം, ആരാധന എന്നിവയ്ക്ക് റവ. ഫാ. ഡേവീസ് പട്ടത്ത് സി.എം.ഐ. കാർമ്മികത്വം നൽകുന്നതാണ്. വികാരി ജനറാൾ മോൺ തോമസ് കാക്കശ്ശേരി കരുണാസ്പർശം ചികിത്സ ഫണ്ട് ശേഖരണവും വിതരണവും നടത്തുന്നതാണ്.
3. വിൻസെൻഷ്യൻ കാൻഡിൽസ് യൂണിറ്റിന്റെ വാർഷികാഘോഷം 20.11.2016 ഞായറാഴ്ച എടക്കളത്തൂർ സെന്റ് മേരീസ് ദൈവാലയത്തിൽ വെച്ച് നടത്തുന്നതാണ്.
4. 03.12.2016 ശനിയാഴ്ച 5 pmന് കുരിയച്ചിറ സെന്റ് ജോസഫ്സ് മോഡൽ HSS ൽ വെച്ച് സി.സി. അംഗങ്ങൾക്ക് ധ്യാനവും തുടർന്ന് സി.സി. യോഗവും നടത്തുന്നതാണ്.
5. മദർ തെരേസയെ വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ട ദിനത്തിൽ സി.സി. യുവജനങ്ങളുടെ നേതൃത്വത്തിൽ ക്യാൻവാസിൽ കാരുണ്യത്തിന്റെ കയ്യൊപ്പ് ചാർത്തിയിരുന്നു. ഈ ക്യാൻവാസ് കൽക്കത്തയിലെ മിഷണറീസ് ഓഫ് ചാരിറ്റിക്ക് അയച്ചുകൊടുത്തിരുന്നു. ഇതിന് നന്ദി പറഞ്ഞുകൊണ്ട് ലഭിച്ച കത്ത് സി.സി. ആഫീസിൽ ലഭിച്ചിരിക്കുന്നു.
6. പോന്നോർ ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ ഒരു വനിത കോൺഫ്രൻസ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.
7. കാരുണ്യസ്പർശം ഫണ്ടിൽ നിന്ന് ഇതുവരെയും 510500 രൂപ ചികിത്സ സഹായം വിതരണം ചെയ്തു.
8. കോൺഫ്രൻസുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ദൈവാലയങ്ങളിലും പ്രത്യേകമായി വനിത, യൂത്ത്, ജൂനിയർ കോൺഫ്രൻസുകളും പുതിയതായി ആരംഭിക്കുന്നതിന് തീരുമാനിച്ചു.

| | | |
|---|---|---|
| **ഫാ. ആന്റണി ചെമ്പകശ്ശേരി** | **ബ്ര. കെ.എ. ഷിബു** | **ബ്ര. പോൾസൺ കെ.കെ.** |
| സി.സി. ആദ്ധ്യാത്മികോപദേഷ്ടാവ് | പ്രസിഡണ്ട് | സെക്രട്ടറി |

# ചിൽഡ്രൻസ് മിനിസ്ട്രി

ഫോൺ 0487 2325336, 9947582522

തൃശ്ശൂർ ചിൽഡ്രൻസ് മിനിസ്ട്രിയുടെ
**അതിരൂപത തല കലാമത്സരത്തിൽ**
**ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ യൂണിറ്റുകൾ**

**തിരുബാലസഖ്യം -സബ്ജൂനിയർ**

1. നിർമ്മലമാത സ്കൂൾ - തൃശ്ശൂർ. - 83 പോയിന്റ്
2. സേക്രഡ് ഹാർട്ട് നേഴ്സറി തൃശ്ശൂർ - 65 പോയിന്റ്
3. സെന്റ്മേരീസ് അസംപ്ഷൻ ചർച്ച് കൊട്ടേക്കാട് - 48 പോയിന്റ്

**തിരുബാലസഖ്യം - ജൂനിയർ**

1. സേക്രഡ് ഹാർട്ട് സി. എൽ. പി. സ്കൂൾ - തൃശ്ശൂർ. - 71 പോയിന്റ്
2. സേക്രഡ് ഹാർട്ട് എം. എൽ. പി. സ്കൂൾ - കണ്ടശ്ശാംകടവ് -56 പോയിന്റ്
3. നിർമ്മലമാതാ സ്കൂൾ - തൃശ്ശൂർ. - 48 പോയിന്റ്

**തിരുബാലസഖ്യം - സീനിയർ**

1. നിർമ്മലമാത സ്കൂൾ - തൃശ്ശൂർ. 92 പോയിന്റ്
2. സെന്റ് മേരീസ് നേററിവിററി ചർച്ച് കണ്ടശാംകടവ് - 49 പോയിന്റ്
3. സെന്റ് റീത്താസ് ചർച്ച് - ചിററിലപ്പിള്ളി 43 പോയിന്റ്

**ജൂനിയർ സി. എൽ. സി**

1. ലൂർദ്ദ് കത്തീഡ്രൽ ചർച്ച് തൃശ്ശൂർ 98 പോയിന്റ്
2. ലിററിൽ ഫ്ളവർ ചർച്ച് - ഒളരിക്കര 41 പോയിന്റ്
3. അവർ ലേഡി ഓഫ് റോസറി ചർച്ച് - എരനെല്ലൂർ 36 പോയിന്റ്

**അൾത്താരസംഘം**

1. സെന്റ്. ജോസഫ്സ് ചർച്ച് - കുരിയച്ചിറ 71 പോയിന്റ്
2. സേക്രഡ് ഹാർട്ട് ചർച്ച് - എരുമപ്പെട്ടി 63 പോയിന്റ്
3. സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് - പുറനാട്ടുകര 52 പോയിന്റ്
4. സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് - നെല്ലിക്കുന്ന് - 52 പോയിന്റ്

**വാർഷിക റിപ്പോർട്ട്**

● തിരുബാലസഖ്യം, ജൂനിയർ സി എൽ സി, അൾത്താരസംഘം എന്നീ സംഘടനകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ട് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ ഡിസംബർ 5-ന് മുമ്പായി എത്തിക്കേണ്ടതാണ്.

**അതിരൂപതാ സമ്മാനദാനം**

- അതിരൂപതാ മത്സരങ്ങളുടെ സമ്മാനദാനവും,തിരുബാലസംഖ്യ ദിനവും 2017 ജനുവരി 28 ശനിയാഴ്ച ഡി.ബി.സി.എൽ.സി യിൽ വച്ച് നടക്കുന്നു. രാവിലെ ആഘോഷമായ ദിവ്യബലിക്ക് ശേഷം തിരുബാലസഖ്യത്തിന്റെ സമ്മാനദാനം,അതിന് ശേഷം അൾത്താലസംഘം, ജൂനിയർ സി. എൽ. സി എന്നിവയുടെ സമ്മാനദാനവും ഉണ്ടായിരിക്കുന്നതാണ്.

- **സെയിന്റ്സ് ക്വിസ്**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികൾക്കായി ഒക്ടോബർ 30 ന് സെയിന്റ്സ് ക്വിസ് 2016 ന്റെ ഇടവകതല മത്സരം നടന്നുവെന്ന് വിശ്വസിക്കുന്നു. ഇടവകതലത്തിൽ സബ്ജൂനിയർ (5-7ക്ലാസ്സ്), ജൂനിയർ (8-10 ക്ലാസ്സ്), സീനിയർ (11,12, ACC ക്ലാസ്സ്) എന്നീ മൂന്നു തലത്തിലും ഒന്നാം സ്ഥാനത്തിനർഹരാകുന്ന കുട്ടികൾ (3 പേർ മാത്രം) ഒരു ടീമായി ഡിസംബർ 11-ന് ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3 മണി മുതൽ 4 മണിവരെ നടത്തുന്ന ഫൊറോന തല സെയിന്റ്സ് ക്വിസ്സ് മത്സരത്തിലേക്ക് പറഞ്ഞയക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിലൊ, ചിൽഡ്രൻസ് മിനിസ്ട്രി ഫൊറോന പ്രൊമോട്ടറച്ചനെയൊ ബന്ധപ്പെടുക.

**NB: ഫൊറോന തലത്തിലേയ്ക്കുള്ള രജിസ്ട്രേഷൻ ഫോം എത്രയും വേഗം ഫൊറോന പ്രൊമോട്ടറെയോ, ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽലോ ഏൽപ്പിക്കേണ്ടതാണ്.**

- **ഉണ്ണീശോയ്ക്കൊരുമ്മ**

ഡിസംബർ 1 മുതൽ 25-ാം തീയ്യതി വരെ ക്രിസ്മസിന് ആത്മീയമായി ഒരുങ്ങുന്നതിനുള്ള ഉണ്ണീശോയ്ക്കൊരുമ്മ എന്ന ആത്മീയസഹായി തയ്യാറായിട്ടുണ്ട്. ഉണ്ണീശോയ്ക്കൊരുമ്മയുടെ കൂടുതൽ കോപ്പികൾ വേണ്ട യൂണിറ്റുകൾ മുൻകൂട്ടി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. വില 2/ രൂപ. ഫോൺ 0487 2325336,9947582522, 8547250833

**പ്രാർത്ഥിക്കാൻ ......... പ്രവർത്തിക്കാൻ**

**തിരുവചനപഠനം:** അവനെ പിള്ളക്കച്ചകൊണ്ട് പൊതിഞ്ഞ് പുൽതൊട്ടിയിൽ കിടത്തി. കാരണം സത്രത്തിൽ അവർക്ക് സ്ഥലം ലഭിച്ചില്ല. (ലൂക്കാ 2, 7)
**പരിചയപ്പെടുന്ന വിശുദ്ധൻ :** വി. നിക്കോളാസ് (ഡിസംബർ 6)
**സുകൃതജപം:** ഉണ്ണീശോയെ എന്റെ ഹൃദയത്തിൽ വന്നു പിറക്കണമേ.

**പ്രാർത്ഥനാനിയോഗം:** ഉണ്ണീശോയെ ഇനിയും അറിയാത്തവർക്കുവേണ്ടി പ്രാർത്ഥിക്കുക.

**പ്രവർത്തനം:** ക്രിസ്മസ്സിനുവേണ്ടി നന്നായി ഒരുങ്ങുക. ഉണ്ണീശോയ്ക്ക് കിടക്കുവാനായി നോമ്പുനാളുകളിൽ ത്യാഗം ചെയ്ത് ഓരോ ത്യാഗത്തിനും ഒരു പുല്ല് മാററി വയ്ക്കുക. ത്യാഗത്തിൽ നിന്ന് കൂട്ടിവയ്ക്കുന്ന പുല്ലുകൾ ഒരുമിച്ചു കൂട്ടി വച്ച് പുൽക്കൂട്ടിൽ ഉണ്ണീശോയെ കിടത്തുക.

**കോഡിനേറ്റർ** **ഡയറക്ടർ**

**സി. റെജി SSPC** **റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ**

## കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

തൃശ്ശൂർ അതിരൂപതയിലെ കാത്തലിക് നേഴ്സസ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ 'നൈറ്റിംഗേൽസ് മീറ്റ് 2016" ഏങ്ങണ്ടിയൂർ എം. ഐ. മിഷൻ ഹോസ്പിറ്റലിൽ വെച്ച് 2016 നവംബർ 13ന് നടന്നു. മുന്നൂറോളം പേർ പങ്കെടുത്ത മീറ്റിംഗിൽ തൃശ്ശൂർ അതിരൂപതാ വികാർ ജനറാൾ മോൺ തോമസ് കാക്കശ്ശേരിയുടെ നേതൃത്വത്തിൽ സമൂഹബലി അർപ്പിക്കുകയും കാരുണ്യവർഷത്തെ ആസ്പദമാക്കി ശ്രീമതി മഞ്ചിത തെരേസ് സെമിനാർ അവതരിപ്പിക്കുകയും ചെയ്തു. "കാരുണ്യവർഷ ക്വിസ് മത്സരവും സ്നേഹവിരുന്നും, കലാവിരുന്നും ഈ ദിനത്തെ കൂടുതൽ സുന്ദരമാക്കി. സി.എൻ.ജി. ഐ. പ്രസിഡന്റ് റവ. സി. ദെപ്പാസി സി.എസ്. സി. സ്വാഗതം ആശംസിച്ച പൊതുസമ്മേളനം തൃശ്ശൂർ അതിരൂപതാ എമിരിറ്റസ് ആർച്ച്ബിഷപ്പ് മാർ ജേക്കബ് തൂങ്കുഴി പിതാവ് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. കെ.സി.ബി.സി ഹെൽത്ത് കമ്മീഷൻ സെക്രട്ടറി റവ. ഫാ. സൈമൺ പല്ലുപേറ്റ വിശിഷ്ട അതിഥി ആയിരുന്നു. സി.എൻ. ജി. ഐ. ഡയറക്ടർ റവ. ഫാ. സിജോ അരിക്കാട്ട് അദ്ധ്യക്ഷപ്രസംഗം നടത്തി. എം.ഐ. ഹോസ്പിറ്റൽ ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് ആലപ്പാട്ട്, അമല ഹോസ്പിറ്റൽ സി.എൻ. ജി. ഐ. യൂണിറ്റ് അഡ്വൈസർ റവ. ഫാ. ജെയ്സൺ മുണ്ടൻമാണി സി.എം.ഐ., ഗവൺമെന്റ് മെഡിക്കൽ കോളേജ് നഴ്സിംഗ് സൂപ്രണ്ടും ആശംസകൾ അർപ്പിച്ച് സംസാരിച്ചു. സെക്രട്ടറി സി. റൊസിന എഫ്. സി. സി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. സ്കൂൾ ഓഫ് നേഴ്സിംഗിലും കോളേജ് ഓഫ് നേഴ്സിംഗിലും ഉയർന്ന മാർക്ക് ട്രോഫി നൽകി അനുമോദിച്ചു. വിവിധ ഹോസ്പിറ്റലിൽ നിന്നുമായി തിരഞ്ഞെടുത്ത ബെസ്റ്റ് മേഴ്സിഫുൾ സ്റ്റാഫ് നേഴ്സിനെ അനുവദിച്ചു. സി.എൻ.ജി.ഐ. വൈസ് പ്രസിഡന്റ് റവ. സി. ലിസറ്റ് സി.എം.സി. നന്ദി പറഞ്ഞുകൊണ്ട് യോഗം സമംഗളം സമാപിച്ചു. സി.എൻ.ജി. ഐ.

എക്സിക്യൂട്ടീവ് അംഗങ്ങളായ റവ. സി. ദെപ്പാസി സി.എസ്.സി, സി. ലിസറ്റ് സി.എം.സി, സി. മെറിൻ സി.എച്ച്.എഫ്, സി. റൊസീന എഫ്.സി. സി., ശ്രീമതി ലിജി ഡേവീസ് എന്നിവർ ഈ പരിപാടികൾക്ക് നേതൃത്വം വഹിച്ചു.

സി. എൻ. ജി. ഐ. ഗോൾഡൻ ജൂബിലിയുടെ ഭാഗമായി ആരംഭിച്ച "ദിയാക്കോണിയ പാലിയേറ്റീവ് കെയർ" പ്രവർത്തനം ചിറ്റാട്ടുകര, കോലഴി, വെള്ളറക്കാട്ട് എന്നീ ഇടവകകളിലേക്ക് വ്യാപിച്ചുകൊണ്ട് നിർദ്ധനരായ കിടപ്പുരോഗികൾക്ക് ചികിത്സാ സഹായം നൽകി.

**ഫാ. സിജോ അരിക്കാട്ട്**
ഡയറക്ടർ

**സി. റൊസീന ഡേവീസ്** FCC
സെക്രട്ടറി

## കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

**1. ഡയറക്ടേഴ്സ് മീറ്റ്**

മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റ് ഡയറക്ടർമാരായ ബഹു. അച്ചന്മാരുടെ ഒരു സൃഹൃദസദസ്സ് സംഘടിപ്പിച്ചു. 27.10.2016 വ്യാഴാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണി വരെയായിരുന്നു ഈ സമ്മേളം. 22 വൈദികർ പങ്കെടുത്ത പ്രസ്തുത യോഗം വികാരി ജനറാൾ മോൺ തോമസ് കാക്കശ്ശേരിയാണ് ഉദ്ഘാടനം ചെയ്തത്. കൊലപാതക രാഷ്ട്രീയത്തിനെതിരെ കണ്ണൂർ ടൗണിൽ ആയിരങ്ങളെ അണിനിരത്തി സമാധാന റാലി നടത്തിയ ഫാ. ഡേവീസ് ചിറമ്മലിന് പരിപാടിയിൽ ആദരിക്കുകയുണ്ടായി. അദ്ദേഹം മുഖ്യ പ്രഭാഷണം നിർവ്വഹിച്ചു. പ്രസിഡണ്ട് എം. കെ. ബാബു അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഡയറക്ടറച്ചൻ എല്ലാവർക്കും സ്വാഗതമരുളി. ആനിമേറ്റർ സി. റോസ്ലിൻ എഫ്. സി. പ്രാർത്ഥന നയിച്ചു. പി.ആർ.ഒ. പി. പി. ഡേവീസ് ചർച്ചയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമ്യക്കായി അവതരിപ്പിച്ചു. സെക്രട്ടറി റപ്പായി മേച്ചേരി ഏവർക്കും കൃതജ്ഞത പ്രകാശിപ്പിച്ചു. സ്നേഹവിരുന്നോടുകൂടിയാണ് പരിപാടി പര്യവസാനിച്ചത്.

മദ്യ-മയക്കുമരുന്നുകൾക്കെതിരെയുള്ള ബോധവൽക്കരണത്തിന് വാട്സപ്പ്, ഫെയ്സ്ബുക്ക് തുടങ്ങിയ നവമാധ്യമങ്ങൾ പ്രയോജനപ്പെടുത്തുക.

**2. തെരഞ്ഞെടുപ്പ്**

നമ്മുടെ യൂണിറ്റ് - ഫൊറോന തല തെരഞ്ഞെടുപ്പുകൾ നടന്നുവരികയാണ്. അർഹരായ വ്യക്തികളെ സത്യസന്ധമായി വേണം തെരഞ്ഞെടുക്കാൻ പുതിയ പ്രവർത്തകർക്ക് അവസരം നൽകണം. തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെ പേരുവിവരം ഡിസംബർ 10ന് മുമ്പ് വികാരിയച്ചന്റെ ഒപ്പോടുകൂടി,

അതിരൂപതാ ഓഫീസിൽ എത്തിച്ചിരിക്കേണ്ടതാണ്. അതിരൂപതാ ഭാരവാഹികളെ തെരഞ്ഞെടുക്കുക ഡിസംബർ 18ന് ആയിരിക്കും. അതിന് പരിഷ്ക്കരിച്ച നിയമാവലി ആയിരിക്കും മാനദണ്ഡം.

**3. ക്രിസ്മസ് – നവവത്സര ആഘോഷങ്ങൾ മദ്യവിമുക്തമാക്കുക**

ആസന്നമായിരിക്കുന്ന ക്രിസ്മസ്– ആഘോഷങ്ങൾ മദ്യവിമുക്തമാക്കുക എന്ന സന്ദേശം എല്ലായൂണിറ്റുകളിലും പ്രദർശിപ്പിക്കുകയും പ്രചരിപ്പിക്കുകയും വേണം.

**4. ഏതാനും മാതൃകാ പ്രവർത്തനങ്ങൾ**

ചിറ്റിലപ്പിള്ളി ഇടവകയിൽ വി.റീത്ത പുണ്യവതിയുടെ തിരുനാളിനോടനുബന്ധിച്ച് എല്ലാ വീടുകളിലേക്കും മദ്യവിമുക്ത ഭവന പ്രഖ്യാപനത്തിനുള്ള സ്റ്റിക്കറുകൾ നൽകി. പുതുക്കി പണിത പുതുക്കാട് ഫൊറോന പള്ളിയുടെ ആശീർവാദത്തോടനുബന്ധിച്ചുള്ള ആഘോഷപരിപാടികളിൽ ഒന്ന് മദ്യവിമുക്ത കടുംബസംഗമമാണ്. കൂനംമൂച്ചി ഇടവകയിൽ ഡയറക്ടറച്ചന്റെ സാന്നിദ്ധ്യത്തിൽ യൂണിറ്റ് പുനസംഘടിപ്പിക്കുകയും പുതിയ ഭരണസമിതിക്ക് രൂപം കൊടുക്കുകയും ചെയ്തു. സമ്മേളനത്തിനിടയ്ക്ക് മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഏതാനും പേർ 5000 രൂപയോളം സംഭാവനചെയ്തു. ഇതിനെല്ലാം സഹകരിച്ച ബഹു. വികാരിയച്ചന്മാർക്കും ഭാരവാഹികൾക്കും പ്രവർത്തകർക്കും പ്രാർത്ഥനപൂർവ്വം നന്ദി.

| | |
|---|---|
| **ഡേവീസ് പി. പി.** | **ഫാ. ദേവസ്സി പന്തല്ലൂക്കാരൻ** |
| പി. ആർ. ഒ. | ഡയറക്ടർ |

## അതിരൂപത ദർശനസമൂഹം

30.10.2016 ന് ബ. ജോസ് തെക്കേക്കരയച്ചന്റെ മഹനീയ അദ്ധ്യക്ഷതയിൽ അതിരൂപത ഭരണസമിതി യോഗം പ്രാർത്ഥനയോടെ ആരംഭിച്ചു. യോഗത്തിൽ 23 അംഗങ്ങൾ ഹാജരായി അതിരൂപത വൈസ് പ്രസിഡണ്ട് പി. പി. ജോസ് സ്വാഗതം ആശംസിച്ചു. സെക്രട്ടറി ഒ. ജെ ജസ്റ്റിൻ അവതരിപ്പിച്ച റിപ്പോർട്ട് യോഗം പാസ്സാക്കി. തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

1. കാരുണ്യ വർഷത്തിലെ കാരുണ്യ പ്രവർത്തനങ്ങൾക്ക് ദർശനസമൂഹാംഗങ്ങളുടെ സംഭാവനയായി 263350/– രൂപ ലഭിച്ചു. ടി സംഖ്യ ദർശന സമൂഹ അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും അതിമാരകമായ അസുഖം പിടിപ്പെട്ടാൽ താഴെ പറയുന്ന രീതിയിൽ സഹായിക്കുവാൻ തീരുമാനിച്ചു. ദർശനസമൂഹ അംഗങ്ങൾക്ക് വൃക്ക തകരാറിലായി ഡയാലിസീസ്

ചെയ്യുന്ന അവസരത്തിലൊ അല്ലെങ്കിൽ അതിമാരകമായ അസുഖം വരുമ്പോഴോ 10000 രൂപ വീതം ഒരംഗത്തിന് നൽകുന്നതിനും മേൽപറഞ്ഞ അസുഖങ്ങൾ ദർശന കുടുംബാംഗങ്ങളുടെ ഭാര്യ/ ഭർത്താവ് മക്കൾ എന്നിവർക്ക് വരുമ്പോൾ 5000 രൂപ വീതം നൽകുന്നതിനും തീരുമാനിച്ചപ്രകാരം പള്ളികുന്ന്, കോടന്നൂർ, പുതുക്കാട്, കല്ലൂർ കിഴക്ക് എന്നീ ഇടവക പള്ളികളിലെ ദർശന സമൂഹ അംഗങ്ങൾക്ക് 10000 രൂപ വീതം 50000 രുപ നൽകുകയുണ്ടായി.

2. 2017ലെ 9-ാമത് വാർഷിക സമ്മേളനം 2017 മാർച്ച് 5 ഞായറാഴ്ച അമ്മാടം പള്ളിയിൽ വെച്ച് നടത്തുന്നതിന് തീരുമാനിച്ചു. ടി സമ്മേളനത്തിന്റെ നടത്തിപ്പിനായി അമ്മാടം ദർശന സമൂഹത്തിന്റെ പ്രതിനിധിയായ പി. കെ. അഗസ്റ്റിനെ ചുമതല ഏൽപിക്കുന്നതിനും തീരുമാനിച്ചു.

3. വാർഷിക ആഘോഷങ്ങളുടെ ചെലവിലേയ്ക്ക് ഫണ്ട് സ്വരൂപിക്കുന്നതിന് സ്പെഷൽ സപ്ലിമെന്റ് പ്രസിദ്ധീകരിക്കുന്നതിനും ആയതിലേയ്ക്ക് ഓരോ ഇടവക ദർശനസമൂഹത്തിൽ നിന്നും ചുരുങ്ങിയത് 5000 രൂപയുടെ പരസ്യമെങ്കിലും ശേഖരിക്കണമെന്നും തീരുമാനിച്ചു.

ഇടവക ദർശനസമൂഹ പ്രസുദേന്തിമാരുടെ ഫോട്ടോ 8.1.2017 ന് മുമ്പായി തരണമെന്ന് അറിയിച്ചു.

4. വാർഷിക സമ്മേളനത്തിൽ വെച്ച് താഴെപറയുന്നവരെ ആദരിക്കുന്നതിന് തീരുമാനിച്ചു.

A) 1967/1992 എന്നീ വർഷങ്ങളിൽ സംഘടനയിൽ അംഗമായി 50/25 വർഷം പൂർത്തിയാക്കിയവർ.

B) 1967/1992 എന്നീ വർഷങ്ങളിൽ വിവാഹം കഴിഞ്ഞവരും ഇപ്പോൾ ഭാര്യയും ഭർത്താവും ജീവിച്ചിരിപ്പുള്ള ദർശന സമൂഹ അംഗങ്ങൾ.

C) 14.2.2016 മുതൽ 21.1.2017 വരെയുള്ള കാലഘട്ടത്തിൽ തിരുപ്പട്ടം, വ്യതം (വൈദികർ, സിസ്റ്റേഴ്സ്) സ്വീകരിച്ച ദർശനസമൂഹ അംഗങ്ങളുടെ മക്കൾ.

D) 2016 വർഷത്തിൽ എസ്. എസ്. എൽ. സി., +2 എന്നിവയിൽ മുഴവൻ A+ നേടിയവരും സംസ്ഥാന ദേശീയ തലത്തിൽ പുരസ്കാരം നേടിയ ദർശന സമൂഹാംഗങ്ങളുടെ മക്കൾ (പുരസ്കാരം നേടിയ ദർശന സമൂഹ അംഗങ്ങളേയും പരിഗണിക്കും)

ഇടവക ദർശന സമൂഹങ്ങളിൽ മേൽപറഞ്ഞ ആദരിക്കൽ ചടങ്ങിന് അർഹരായിട്ടുള്ളവരുടെ പേരുകൾ 22.1.2017ന് മുമ്പായി ലഭിക്കേണ്ടതാണെന്നും ടി തിയ്യതിക്കുശേഷം ലഭിക്കുന്നവ പരിഗണിക്കേണ്ടതില്ല എന്നും തീരുമാനിച്ചു. ആദരിക്കലിന് അർഹരായവരെ തെരഞ്ഞെടുത്ത് ഉപഹാരങ്ങൾ സംഘടിപ്പിക്കുന്നതിന് കമ്മറ്റിയെ അധികാരപ്പെടുത്തി.

5. 2016 ഡിസംബർ 27ന് അതിരൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചിട്ടുള്ള ബോൺനതാലെയിൽ അതിരൂപതയിലെ മുഴുവൻ ദർശന സമൂഹ അംഗങ്ങളും സമൂഹവസ്ത്രമണിഞ്ഞ് പങ്കെടുക്കണമെന്ന് അതിരൂപത അധികാരികൾ ആവശ്യപ്പെട്ടതനുസരിച്ച് ബോൺനതാലെ 2016ൽ മുഴുവൻ ദർശന സമൂഹ അംഗങ്ങളെയും പങ്കെടുപ്പിക്കാൻ തീരുമാനിച്ചു.

ഡയറക്ടറുടെ അധ്യക്ഷപ്രസംഗത്തിൽ 2017 ലെ 9-ാമത് വാർഷിക സമ്മേളനം വൻ വിജയമാക്കാൻ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്നും മുഴുവൻ ദർശന സമൂഹ അംഗങ്ങളേയും സമ്മേളനത്തിൽ പങ്കെടുപ്പിക്കണമെന്നും യോഗത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാൻ ഏവരും പരിശ്രമിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. ഓരോ ഇടവക ദർശനസമൂഹങ്ങളിൽ നിന്നും ചുരുങ്ങിയത് 5000 രൂപയുടെ പരസ്യമെങ്കിലും ശേഖരിക്കണമെന്നും അതിരൂപത ദർശന സമൂഹങ്ങളുടെ എല്ലാപരിപാടികളും വൻ വിജയമാക്കാൻ പ്രവർത്തിക്കുന്ന എല്ലാ കപ്ലോൻ വികാരിമാർക്കും ദർശന പ്രസുദേന്തിമാർക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് അദ്ദേഹം അദ്ധ്യക്ഷപ്രസംഗം അവസാനിപ്പിച്ചു.

ഫൈനാൻസ് സപ്ലിമെന്റ് കമ്മറ്റി കൺവീനർ ഷാജുചാക്കോ ഒല്ലൂക്കാരന്റെ നന്ദി പ്രകടനത്തിന് ശേഷം യോഗം പ്രാർത്ഥനയോടെ സമംഗളം പര്യവസാനിച്ചു.

| | | |
|---|---|---|
| ഫാ. ജോസ് തെക്കേക്കര | പി. എ. ജോയ് | ഒ. ജെ. ജസ്റ്റിൻ |
| ഡയറക്ടർ | പ്രസിഡണ്ട് | സെക്രട്ടറി |
| 8086824901 | 9744000444 | 9495275942 |

# കെ. എൽ. എം.

## ഫൊറോനതല സമിതികളിലേക്കുള്ള തെരഞ്ഞെടുപ്പ്

നമ്മുടെ അതിരൂപതയിൽ പുതിയതായി നടപ്പിൽ വരുത്തുന്ന സംവിധാനത്തിന്റെ ഭാഗമായി KLMന്റെ ഫൊറോനതല സമിതികളിലേക്കുള്ള തെരഞ്ഞെടുപ്പ് **2016 ഡിസംബർ 4ന്** ഞായറാഴ്ച **ഉച്ചകഴിഞ്ഞ് 2.30 ന് പാസ്റ്ററൽ സെന്ററിൽ** വെച്ച് നടത്തപ്പെടുന്നു. പ്രസ്തുത തെരഞ്ഞെടുപ്പ് യോഗത്തിൽ യൂണിറ്റിൽ നിന്നും പുതിയതായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പ്രസിഡന്റ്, രണ്ട് ഫൊറോന കൗൺസിലർമാർ എന്നിവർ പങ്കെടുക്കുന്നു. ഫൊറോന കൗൺസിലർമാരിൽ നിന്നാണ് ഫൊറോനതല സമിതികളിലേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കുന്നത്. യൂണിറ്റ് പ്രസിഡന്റിനും ഫൊറോന കൗൺസിലർമാർക്കും ഈ തെരഞ്ഞെടുപ്പിൽ വോട്ടവകാശം ഉണ്ടായിരിക്കും. ഫൊറോനതല സമിതികളിലെ പ്രസിഡന്റ് അതിരൂപത കേന്ദ്രസമിതിയിലെ അംഗമായിരിക്കും.

## വാർഷിക ജനറൽബോഡി യോഗവും, അതിരൂപത കേന്ദ്രസമിതി ഭാരവാഹികളുടെ തെരഞ്ഞെടുപ്പും

2016 ലെ വാർഷിക ജനറൽ ബോഡി യോഗം ഡിസംബർ 18 ന് ഞായറാഴ്ച രാവിലെ 9 മണി മുത പുത്തൂർ സെന്റ്. തോമസ് ഫൊറോന ദൈവാലയ ഹാളിൽ വെച്ച് നടത്തപ്പെടുന്നു. രാവിലെ 9 മണിക്ക് പതാക ഉയർത്തൽ, തുടർന്ന് വിശുദ്ധ കുർബാന. 10.30 ന് നേതൃത്വ പരിശീലന ക്ലാസ്സും അതിനെ തുടർന്ന് അതിരൂപത കേന്ദ്രസമിതി ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടത്തുന്നു. ഇതോടൊപ്പം വിവിധ തൊഴിലാളി ഫോറങ്ങളുടെ അതിരൂപതതല കൺവീനർമാരെയും തിരഞ്ഞെടുക്കുന്നതാണ്. ഈ യോഗത്തിലേക്ക് ഒരു യൂണിറ്റിൽ നിന്നും പുതിയതായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാരവാഹികളും പങ്കെടുക്കേണ്ടതാണ്. ഉച്ചകഴിഞ്ഞ് 2 മണിക്ക് ആരംഭിക്കു വാർഷിക പൊതുയോഗത്തിലേക്ക് മാറിപോകുന്നവരുൾപെടെ മുഴുവൻ ഭാരവാഹികളും പങ്കെടുക്കേണ്ടതാണ്. അതിരൂപത കൗൺസിലർമാരിൽ നിന്നാണ് അതിരൂപത കേന്ദ്രസമിതി ഭാരവാഹികളെ തെരഞ്ഞെടുക്കുന്നത്. ഈ തെരഞ്ഞെടുപ്പിൽ അതിരൂപത കൗൺസിലർമാർക്കും യൂണിറ്റ്, ഫൊറോന (മേഖല) പ്രസിഡന്റ്മാർക്കുമാണ് വോട്ടവകാശമുണ്ടായിരിക്കുക.

### കെ.എൽ.എം. മെമ്പർമാരെ ആദരിക്കൽ

കെ.എൽ.എം. മെമ്പർമാരുടെ മക്കളിൽ 2016ലെ വാർഷികപരീക്ഷയിൽ പത്താംക്ലാസ്സിൽ എല്ലാവിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികളെ ക്യാഷ് അവാർഡും ട്രോഫിയും നൽകി ആദരിക്കുന്നു. ഇതിന് അർഹത

യുള്ള മെമ്പർമാരുടെ മക്കൾ മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി യടക്കമുള്ള അപേക്ഷ ഡിസംബർ 4 ഞായറാഴ്ച 5 മണിക്ക് മുമ്പായി ഓഫീ സിൽ സമർപ്പിക്കേണ്ടതാണ്.

**ഏറ്റവും മികച്ച കെ.എൽ.എം. പ്രവർത്തകനും പ്രവർത്തകയും**

തൃശൂർ അതിരൂപതയിലെ കെ.എൽ.എം. യൂണിറ്റുകളിൽ മെമ്പർമാരിൽ നിന്നും യൂണിറ്റടിസ്ഥാനത്തിൽ ഏറ്റവും നല്ലരീതിയിൽ തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 2016ലെ ഏറ്റവും മികച്ച പ്രവർത്തകനെയും പ്രവർത്തകയെയും അതിരൂപതതലത്തിൽ തിര ഞ്ഞെടുക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. അർഹതയുള്ള മെമ്പർമാരെ യൂണിറ്റ് മീറ്റിംഗിൽ തിരിഞ്ഞെടുത്ത് യൂണിറ്റ് ഡയറക്ടരുടെയും കെ.എൽ.എം. യൂണിറ്റ് പ്രസിഡണ്ടിന്റെയും ശുപാർശയോടുകൂടിയുള്ള അപേക്ഷ ഡിസംബർ 4 ഞായറാഴ്ച 5 മണിക്ക് മുമ്പായി ഓഫീസിൽ സമർപ്പി ക്കേണ്ടതാണ്. പ്രസ്തുത സമയത്തനു ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. (അപേക്ഷയോടൊപ്പം പ്രസ്തുത വ്യക്തി യൂണിറ്റിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഒരു ചുരു ക്കരൂപം കൂടി എഴുതി യൂണിറ്റ് ഡയറ്കടറും പ്രസിഡണ്ടും സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. ഇതില്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല). യൂണിറ്റിലെ പ്രവർത്തനങ്ങൾക്ക് പുറമെ ഫോറം രൂപീകരണം, ഫോറങ്ങ ളുടെ പ്രവർത്തനം, പി.എസ്.എസ്.എസ്.പി.യുടെ നടത്തിപ്പ്. കെ.എൽ.എമിന്റെ പ്രധാന വാർഷിക പരിപാടികളായ വനിതാദിനം, മെയ്ദിനം, ഫാ.ജെനേസി യൂസ് അനുസ്മരണദിനം, അർദ്ധവാർഷിക ജനറൽബോഡി യോഗം, വാർഷിക ജനറൽ ബോഡിയോഗം എന്നിവകളിലെ പങ്കാളിത്തം, ഈ കാര്യ ങ്ങളെല്ലാം തെരഞ്ഞെടുപ്പിന് പരിഗണിക്കാവുന്നതാണ്.

**ഏറ്റവും മികച്ച കെ.എൽ.എം. യൂണിറ്റ്**

തൃശ്ശൂർ അതിരൂപതയിൽ പ്രവർത്തിക്കുന്ന കെ.എൽ.എം. യൂണിറ്റുകളിൽ നിന്ന് ഏറ്റവും മികച്ച യൂണിറ്റിനെ തിരഞ്ഞെടുക്കുന്നു. 2015-2016ൽ യൂണിറ്റ ടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള തൊഴിലാളി ക്ഷേമപ്രവർത്തനങ്ങളുടെയും കെ.എൽ.എം. പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കുവേണ്ടി യൂണിറ്റിൽ നടത്തിയി ട്ടുള്ള പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുപ്പ് നട ത്തുന്നത്. (1). യൂണിറ്റിൽ വാർഷിക കർമ്മപരിപാടി തയ്യാറാക്കൽ, അതിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ (2), കെ.എൽ.എമിൽ പുതിയ അംഗങ്ങളെ ചേർക്കൽ, (3). ഫോറങ്ങളുടെ രൂപീകരണം, (4) വിവിധ തൊഴിലാളിഫോറങ്ങളിൽ/ക്ഷേമനിധി ഫിൽ മെമ്പർമാരുടെ വാർഷിക പുതു ക്കൽ (5) പുതിയ അംഗങ്ങളെ ഫോറം മെമ്പർമാരായി ചേർക്കൽ (6) അയൽ ഇടവകളിൽ കെ.എൽ.മിന്റെ യൂണിറ്റ് രൂപീകരണം (7) കെ.എൽ.മിന്റെ പ്രധാ നപ്പെട്ട വാർഷിക പരിപാടികളായ വനിതാദിനം, മെയ്ദിനം, ഫാ.ജെനേസി യൂസ് അനുസ്മരണദിനം, അർദ്ധവാർഷിക ജനറൽ ബോഡിയോഗം,

വാർഷിക ജനറൽ ബോഡി യോഗം എന്നീപരിപാടികളിൽ യൂണിറ്റംഗങ്ങളുടെ പങ്കാളിത്തം (8) കെ.എൽ.മിന്റെയും ഫോറങ്ങളുടെയും പ്രതിമാസ മീറ്റീംഗ് (9) പി.എസ്.എസ്.എൽ.പി.യിൽ അംഗങ്ങളെ ചേർക്കൽ (10) മേഖല-അതിരൂപതയോഗങ്ങളിലെ യൂണിറ്റംഗങ്ങളുടെ പങ്കാളിത്തം, (11) യൂണിറ്റിൽ നടത്തിയിട്ടുള്ള സെമിനാറുകൾ, ക്ലാസ്സുകൾ, (12). കെ.എൽ.എം.യൂണിറ്റിലും ഫോറം സമിതികളിലും സൂക്ഷിക്കേണ്ടതായ രേഖകൾ മുതലായവ. (13) വിവിധ തൊഴിലാളി ഫോറങ്ങളുടെ ജില്ലാസമ്മേളനങ്ങളിലുള്ള പങ്കാളിത്തം (14) യൂണിറ്റിലെ മറ്റു പ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങളായിരിക്കും തിരഞ്ഞെടുപ്പിന് പരിഗണിക്കുന്നത്. ഇതിലേക്ക് പരിഗണിക്കാനുള്ള അപേക്ഷകൾ, മേൽപറഞ്ഞിട്ടുള്ള കാര്യങ്ങളുടെ അടിസ്ഥാനത്തിൽ വിശദീരിച്ച് യൂണിറ്റ് ഡയറക്ടറുടെ ശുപാർശയോടുകൂടി ഡിസംബർ 4 ഞായറാഴ്ച 5 മണിക്ക് മുമ്പായി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. (അപേക്ഷയോടൊപ്പം പരിപാടികളുടെ നോട്ടീസ്, വാർത്തകളുടെ പേപ്പർ കട്ടിംഗ്, ഫോട്ടോകൾ എന്നിവകൂടി സമർപ്പിക്കുന്നത് ഉചിതമാണ്. വിശദീകരണകുറിപ്പുകൾ ഇല്ലാത്തതും പൂർണ്ണമല്ലാത്തതുമായ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**2017ലെ കെ.എൽ.അതിരൂപതതല പരിപാടികൾ**

2017ലെ കർമ്മപരിപാടികളിലെ പ്രധാനപ്പെട്ടവയായ താഴെപറയുന്നവ മേഖല അടിസ്ഥാനത്തിൽ ഓരോ യൂണിറ്റുകളിലാണ് നടത്തുന്നത്.

| നമ്പർ | പരിപാടി | തീയ്യതി | ദിവസം | നടത്തപ്പെട്ടണ്ട മേഖല |
|---|---|---|---|---|
| 1. | ഫാ.തോമസ് തലച്ചിറ അനുസ്മരണദിനം | ജനുവരി10 | ഞായർ | കിഴക്ക് |
| 2. | വനിതാദിനം | മാർച്ച് 8 | ചൊവ്വ | തെക്ക് |
| 3. | പതാകദിനം | മാർച്ച് 19 | ശനി | പടിഞ്ഞാറ് |
| 4. | മെയ്ദിനം | മെയ് 1 | ഞായർ | പടിഞ്ഞാറ് |
| 5. | ഫാ.ജെനേയിസൂസ് അനുസ്മരണദിനം | ജൂൺ 19 | ഞായർ | പടിഞ്ഞാറ് |
| 6. | അർദ്ധവാർഷികജനറൽബോഡിയോഗം | ജൂൺ | ഞായർ | കിഴക്ക് |
| 7. | വാർഷിക ജനറൽബോഡിയോഗം | ഡിസംബർ | ഞായർ | തെക്ക് |

**ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ**
കെ.എൽ.എം. ഡയറക്ടർ

**വർഗ്ഗീസ് മച്ചാട്**
കെ.എൽ.എം. ജനറൽ സെക്രട്ടറി

ആദരാഞ്ജലികളോടെ...



# മാർ ജോൺ മേനാച്ചേരി

## ഡിസംബർ 19

പാവനസ്മരണകളോടെ :

തൃശ്ശൂർ അതിരൂപത



Registered R.N.I. No. 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.11.2016
Dec. 2016



പൗരോഹിത്യസ്വീകരണത്തിന്റെ
വജ്രജൂബിലി ആഘോഷിക്കുന്ന
അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവിന്
തൃശൂർ അതിരൂപതയുടെ
പ്രാർത്ഥനാമംഗളങ്ങൾ

Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005